بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 7

ലക്കം 1-2

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ജനുവരി 6-13/ഹി.ശം. 1400 സ്വുൽഹ് 6-13/1443 ജമാദുൽ ആഖർ 2-9

## അല്ലാഹുവിന്റെ വചനം

وَلَقَدِ اسۡتُہۡزِیٴَ بِرُسُلٍ مِّنۡ قَبۡلِکَ فَحَاقَ بِالَّذِیۡنَ سَخِرُوۡا مِنۡہُمۡ مَّا کَانُوۡا بِہٖ یَسۡتَہۡزِءُوۡنَ۠

(سورۃ الانعام:11)

'നിനക്കു മുമ്പേയും ദൈവദൂതന്മാർ പരിഹസിക്കപ്പെട്ടിരുന്നു. തൽഫലമായി അവർ എന്തിനെ പരിഹസിച്ചുകൊണ്ടിരുന്നുവോ അത് (ആ ശിക്ഷ) അവരിൽനിന്ന് പരിഹസിക്കുന്നവരെ(ത്തന്നെ) വലയം ചെയ്തു.' (6:11)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

രോഗികൾ വാഹനത്തിൽ ത്വവാഫു ചെയ്യുക

(1632)ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവദനം. അദ്ദേഹം പറഞ്ഞു:'നബി(സ)തിരുമേനി ഒരു ഒട്ടകപ്പുറത്ത് കയറിക്കൊണ്ട് കഅ്ബയെ ത്വവാഫു ചെയ്തു. ഹജ്റുൽ അസ്വദിന്റെ അടുത്തെത്തിയപ്പോൾ തന്റെ കൈയിലുള്ള ചിലതുകൊണ്ട് അതിന്റെ നേരെ ചൂണ്ടി. തക്ബീർ ചൊല്ലുകയും ചെയ്തു.'

(1633)ഹദ്റത്ത് ഉമ്മു സലമ(റ)നിവദനം. ഞാൻ രോഗിയാണെന്ന് നബി(സ)തിരുമേനിയോടു ആവലാതിപ്പെട്ടു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'നീ വാഹനത്തിൽ കയറിക്കൊണ്ട് ജനങ്ങൾക്കു പിന്നിലായി ത്വവാഫു ചെയ്യുക. അങ്ങനെ നബി(സ)തിരുമേനി കഅ്ബയുടെ ഒരു ഭാഗത്ത് നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ ത്വവാഫു ചെയ്തു. അവിടന്ന് , **വത്വൂരി വ കിതാബിൻമ്മസ്ത്വൂരി** എന്ന സൂറത്ത് പാരായണം ചെയ്യുന്നുണ്ട്.'

ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് പറയുന്നു: 1632-ാം നമ്പർ ഹദീഥിൽ രോഗം തുടങ്ങിയവയെ കുറിച്ചൊന്നും പറഞ്ഞിട്ടില്ല. പക്ഷേ, അബൂദാവൂദ് ഹദ്റത്ത് ഇബ്നു അബ്ബാസിൽനിന്ന് എടുത്തുദ്ധരിച്ചിട്ടുള്ളതിൽ ഈ വാക്കുകളുണ്ട്: **അന്ന റസൂല്ലലാഹി(സ) ഖദിമ മക്കത്ത വഹുവ യശ്ത്തക്കീ ഫത്വാഫ അലാ റാഹിലത്തിഹീ** അതായത് നബി(സ)തിരുമേനി മക്കയിൽ വന്നു. അവിടന്ന് രോഗബാധിതനായിരുന്നു. അങ്ങനെ അവിടന്ന് തന്റെ വാഹനത്തിൽ സഞ്ചരിച്ച് ത്വവാഫു ചെയ്തു. ദൂരത്തുനിന്ന് യാത്രചെയ്തുവരുന്ന രോഗിയായ ഒരാൾക്ക് ഇസ്ലാമിക ശരീഅത്ത് ഈ സൗകര്യം നല്കിയിരിക്കുന്നു. അയാളെ ഹജ്ജിന്റെ പുണ്യത്തിൽനിന്ന് മാറ്റി നിറുത്തിയില്ല. അയാൾക്ക് വാഹനത്തിൽ ത്തന്നെ ത്വവാഫ് ചെയ്യാവുന്നതാണ്.*(സ്വഹീഹ് ബുഖാരി, വാള്യം 3, കിതാബുൽഹജ്ജ്, പ്രസാധനം ഖാദിയാൻ 2008)*

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
19-11-2021, 26-11-2021
സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ
യൂറോപ്യൻ പര്യടന റിപ്പോർട്ട്

**അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാനിഷ്ടപ്പെടാത്ത ആ 'സത്യസന്ധനുമേൽ' ശാബാഷ്! അതിനെതിരിൽ ഏതുതരത്തിലുള്ള ആപത്തുകളും ദുഃഖങ്ങളും വഹിക്കാൻ തയ്യാറാകുന്നു. യൂസുഫ് അല്ലാഹുവിന്റെ സൗന്ദര്യത്തിലും ഔദാര്യത്തിലും ആസക്തിയുള്ളയാളും പ്രേമിയുമായിരുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ തന്റെ പ്രേമഭാജനം കൂടാതെ മറ്റൊരു കാര്യവും ഇഷ്ടമാകുമായിരുന്നില്ല. അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാൻ അദ്ദേഹം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلامന്റെ ഉപദേശങ്ങൾ

കഴിഞ്ഞ കാലത്ത് ഇതിനു ഉദാഹരണം നോക്കുകയാണെങ്കിൽ യൂസുഫിന്റെ സത്യസന്ധതയാണുള്ളത്. എങ്ങനെയുള്ള സത്യസന്ധത കാണിച്ചുവെന്നാൽ യൂസുഫ് സ്വിദ്ദീഖ് എന്ന് പറയപ്പെട്ടു. വലിയ വലിയ വാദങ്ങൾ ഉന്നയിച്ചിരുന്ന മനോഹരിയും ആദരണീയയും യുവതിയുമായ ഒരു സ്ത്രീ തികച്ചും തനിച്ചുള്ളപ്പോൾ ഒഴിഞ്ഞ സ്ഥലത്ത് ദുഷ്കർമത്തിന് അദ്ദേഹത്തെ ഇരയാക്കാനാഗ്രഹിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാനിഷ്ടപ്പെടാത്ത ആ 'സത്യസന്ധനുമേൽ' ശാബാഷ്!അതിനെതിരിൽ ഏതുതരത്തിലുള്ള ആപത്തുകളും ദുഃഖങ്ങളും വഹിക്കാൻ അദ്ദേഹം തയ്യാറാകുന്നു. അദ്ദേഹം ജയിൽജീവിതം സമ്മതിച്ചു. അദ്ദേഹം പറഞ്ഞു:റബ്ബിസ്സിജ്നു അഹബ്ബു ഇലയ്യ മിമ്മാ യദ്ഊനനീ ഇലയ്ഹി അതായത് യൂസുഫ് ദുആ ചെയ്തു: 'എന്റെ നാഥാ! അവർ എന്നെ ഏതൊന്നിലേക്കു വിളിക്കുന്നുവോ അതിനെക്കാളും എനിക്കിഷ്ടം ജയിലാണ്.' (12:34) ഇതിൽനിന്ന് ഹദ്റത്ത് യൂസുഫ്(അ)ന്റെ പരിശുദ്ധ പ്രകൃതിയും പ്രവാചകത്വത്തിനോടുള്ള അഭിമാനവും നല്ലവണ്ണം മനസ്സിലാകുന്നു. മറ്റു കാര്യങ്ങളൊന്നും പറയുകപോലും ചെയ്തില്ല. അവളുടെ പേരുംപോലും എടുത്ത പറയാത്തതിന്റെ ഉദ്ദേശ്യമെന്താണ്. യൂസുഫ് അല്ലാഹുവിന്റെ സൗന്ദര്യത്തിലും ഔദാര്യത്തിലും ആസക്തിയുള്ളയാളും പ്രേമിയുമായിരുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ തന്റെ പ്രേമഭാജനം കൂടാതെ മറ്റൊരു കാര്യവും ഇഷ്ടമാകുമായിരുന്നില്ല. അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാൻ അദ്ദേഹം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല.

പറയുന്നു, ദീർഘമായൊരു കാലം- അതു പന്ത്രണ്ടു വർഷമെന്നാണ് പറയുന്നത്- അദ്ദേഹം ജയിലിൽ കിടന്നു. പക്ഷേ, ഈ കാലയളവിലൊരിക്കലും ഒരു പരാധിയും അദ്ദേഹം തന്റെ നാവിൽകൊണ്ടുവന്നില്ല. അല്ലാഹുവിലും അവന്റെ വിധിയിലും പൂർണമായും സംതൃപ്തനായിരുന്നു. തന്റെ കാര്യത്തെ കുറിച്ച് ചിന്തിക്കണമെന്നും അല്ലെങ്കിൽ വിട്ടയക്കണമെന്നും പറഞ്ഞ് അക്കാലയളവിൽ രാജാവിന് ഒരു ഹർജിയും നല്കിയില്ല. എന്നല്ല ആ സ്ത്രീയാണെങ്കിൽ എങ്ങനെയെങ്കിലും വശത്താക്കാൻ നിരന്തരം ബുദ്ധിമുട്ടുകളുണ്ടാക്കിക്കൊണ്ടിരിക്കുകയും ചെയ്തുവെന്നും പറയപ്പെടുന്നു. എന്നാൽ, ആ സത്യസന്ധൻ തന്റെ സത്യസന്ധത കൈവിട്ടില്ല. അല്ലാഹു അദ്ദേഹത്തെ സിദ്ദീഖാക്കി. ഇതും സിദ്ദീഖിന്റെ ഒരു സ്ഥാനമാണ്. ലോകത്തെ ഒരു വിപത്തിനും ഒരു ബുദ്ധിമുട്ടിനും ഒരു നിന്ദ്യതയ്ക്കും അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കാനാകുമായിരുന്നില്ല. എത്രത്തോളം ദ്രോഹങ്ങളും ബലാകളും വർധിപ്പിച്ചാലും അത് അദ്ദേഹത്തിന്റെ സത്യസന്ധത എന്ന സ്ഥാനത്തെ കൂടുതൽ കരുത്തും ആസ്വാദകരവുമാക്കിക്കൊണ്ടിരിക്കുന്നതാണ്.

ഞാൻ വിവരിച്ചു കഴിഞ്ഞതിന്റെ ചുരുക്കം മനുഷ്യൻ ഇയ്യാക്ക നഅ്ബുദു എന്നു പറഞ്ഞുകൊണ്ട് സത്യസന്ധതയോടും കൂറോടുംകൂടി ചുവടു വെക്കുമ്പോൾ അല്ലാഹു സത്യസന്ധതയുടെ വലിയൊരു നദി തുറന്നുവിടുന്നു. അത് അവന്റെ ഖൽബിൽ വന്ന് പതിക്കുന്നു. അതിനെ സത്യസന്ധതകൊണ്ടു നിറയ്ക്കുന്നു. അവൻ സ്വന്തമായ നിലയിൽ ബിളാഅത്തിൻ മുസ്ജാത്തിൻ (നിസ്സാരമായദ്രവ്യം)കൊണ്ടുവരുന്നു. പക്ഷേ, അല്ലാഹു ഉന്നത നിലയിലുള്ള വിലപിടിച്ച വസ്തു അവന് പ്രദാനം ചെയ്യുന്നു. നാം പറഞ്ഞതിന്റെ ഉദ്ദേശ്യം ഇതാണ്, ഈ സ്ഥാനത്ത് മനുഷ്യൻ അത്ഭുതവിദ്യയുടെ അടയാളമാകുംവിധം സത്യസന്ധതയുടെ ചുവടു വെക്കുക. അതുമുഖേന ദൈവജ്ഞാനങ്ങളുടേയും യാഥാർഥ്യങ്ങളുടേയും നദി തുറക്കുന്നു. അവന് എങ്ങനെയുള്ള ശക്തി പ്രദാനം ചെയ്യപ്പെടുന്നുവെന്നാൽ അതിനെ നേരിടാൻ ആർക്കും ശക്തി ഉണ്ടാകുകയില്ല.' *(മൽഫൂദാത്ത് വാള്യം 1, പേജ് 345, പ്രസാധനം 2018 ഖാദിയാൻ)*

**എല്ലാ മനുഷ്യരുടെ ഉള്ളിലും അല്ലാഹുവിനോടുള്ള സ്നേഹവികാരമുണ്ട്. പക്ഷേ ആത്മീയാഹാരം കഴിക്കുന്ന ഒരാളുടെ ചിന്താശക്തിയ്ക്ക് തിളക്കവും പ്രകാശവും ലഭിക്കുന്നു. മറ്റുള്ളവർക്ക് ലഭിക്കുന്നില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)സൂറ നഹ്ലിലെ 12-ാം വചനമായ **യുൻബിത്തു ലക്കും ബിഹിസ്സർഅ വസ്സയ്ത്തൂന വന്നഖീല വൽഅഅ്നാബ വമിൻകുല്ലിഥ്ഥമറാത്തി ഇന്ന ഫീ ദാലിക്ക ല ആയത്തല്ലിഖൗമിൻ യത്തഫക്കറൂൻ** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

'മനുഷ്യന്റെ പ്രഥമ ഭക്ഷണം മാംസാഹാരമല്ലെന്നും ലോകത്തിലെ ഒരു പ്രധാനവിഭാഗമാളുകൾ സസ്യാഹാരം മാത്രം കഴിക്കുന്നവരാണെന്നും പറഞ്ഞ് ആരെങ്കിലും ആക്ഷേപം ഉന്നയിച്ചേക്കാം. എന്നാൽ, ഈ ആക്ഷേപം ചിന്താക്കുറവിന്റെ ഫലമായിരിക്കും. കാരണം മാംസാഹാരം ഉപയോഗിക്കുന്നില്ലെന്ന് വാദിക്കുന്നവർ മാംസം കഴിക്കുന്നില്ലെങ്കിലും അവരുടെ ഭക്ഷണവും മാംസാഹാരമാകുന്നു. മാതാവിന്റെ പാലു കുടിക്കാതെ എത്രകുട്ടികളാണ് വളരുന്നത്? അപ്പോൾപ്പിന്നെ മാതാവിന്റെ പാല് മാംസാഹാരമല്ലേ? മാതാവിന്റെ പാലു കുടിക്കാത്തവർ മൃഗങ്ങളുടെ പാലു കുടിക്കുന്നു. അതും മാംസാഹാരമാണ്. മാംസാഹാരം ഉപയോഗിക്കുന്നത് ബാഹ്യമായി നിഷേധിക്കുന്നവർ വലിയ പ്രായത്തിലും പാലും നെയ്യും ഉപയോഗിക്കുന്നു. അതാണെങ്കിൽ മാംസാഹാരങ്ങളുമാണ്. ഏറ്റവും പ്രധാന ഭക്ഷണം മാംസാഹാരമായി കഴിക്കാത്ത ഒരു മനുഷ്യനുമില്ല. മാംസാഹാരം ഉപയോഗുക്കിന്നില്ലെന്ന് വാദിക്കുന്നവർ ഒന്നുകിൽ സ്വയം വഞ്ചനയിൽ അകപ്പെട്ടവരാണ് അല്ലെങ്കിൽ മനഃപ്പൂർവം മറ്റുള്ളവരെ വഞ്ചിക്കുന്നവരാണ്. തങ്ങൾ മാംസം കഴി

ശേഷം പേജ് 16ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ശദ്ദാദ്(റ) പറയുന്നു:ഹദ്റത്ത് ഉമർ(റ)ഒരിക്കൽ നമസ്കരിപ്പിക്കുകയായിരുന്നു. ഞാൻ അവസാനത്തെ സ്വഫ്ഫിലായിരുന്നു ഉണ്ടായിരുന്നത്. പക്ഷേ, ഹദ്റത്ത് ഉമറിന്റെ ഏങ്ങലടി ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. അദ്ദേഹം **ഇന്നമാ അശ്കൂ ബഥ്ഥി വ ഹുസ്നീ ഇലല്ലാഹ്**(12:87) എന്ന വചനം പാരായണം ചെയ്യുകയായിരുന്നു. 'എന്റെ മനോവ്യഥയും വ്യസനവും ഞാൻ ബോധിപ്പിക്കുന്നത് അല്ലാഹുവിനോടു മാത്രമാണ്.'

## നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

**ഖുത്ബ ജുമുഅ 2021 നവംബർ 19/1400 നുബുവ്വത്ത് 19, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

സ്വഹാബാക്കളുടെ ആദ്യകാല അവസ്ഥയേയും, ഇസ്‌ലാം സ്വീകരിച്ചതിനുശേഷം അവരിലുണ്ടായ വിപ്ലവകരമായ അവസ്ഥയേയും പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു ഉദാഹരണവും നല്കി. ഈ ഉദാഹരണം ഞാൻ മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. പക്ഷേ, ഇവിടേയും ഇതുസംബന്ധമായി വിവരിക്കുകയാണ്. അവിടന്ന് പറഞ്ഞു:നോക്കുക സ്വഹാബി എങ്ങനെയാണ് നബി(സ)തിരുമേനിയുടെ സ്വഹാബ ആയത്? എങ്ങനെയാണ് അവർ വലിയ വലിയ പദവികൾ കരസ്ഥമാക്കിയത്. അവർ പരിശ്രമിച്ചുകൊണ്ടാണ് അത് നേടിയത്. ഇവർ നബി(സ)തിരുമേനിയുടെ വർഗശത്രുക്കളായിരുന്നു. നബി(സ)തിരുമേനിയെ ചീത്ത പറഞ്ഞിരുന്നു. നബി(സ)തിരുമേനിക്കുശേഷം രണ്ടാമത്തെ ഖലീഫയായ ഹദ്റത്ത് ഉമർ(റ)ആരംഭകാലത്ത് നബി(സ)തിരുമേനിയുടെ കഠിനശത്രുവായിരുന്നു. എന്നല്ല ആ മഹാത്മാവിനെ വധിക്കുന്നതിന് വീട്ടിൽനിന്ന് ഇറങ്ങിപുറപ്പെടുകയും ചെയ്തു. വഴിയിൽ ഒരാളെ കണ്ടു. എവിടേക്കാണ് പോകുന്നതെന്ന് അയാൾ ചോദിച്ചു. മുഹമ്മദിനെ വധിക്കാനാണ് പോകുന്നതെന്ന് ഉമർ പറഞ്ഞു. മുഹമ്മദിൽ വിശ്വസിച്ച സ്വന്തം സഹോദരിയേയും അളിയനേയും ആദ്യം വധിക്കാൻ അയാൾ പറഞ്ഞു; എന്നിട്ടു മുഹമ്മദിനെ വധിക്കുക! ഇതു കേട്ടതും ഉമർ കോപാകുലനാകുകയും തന്റെ സഹോദരിയുടെ വീട്ടിലേക്ക് പോകുകയും ചെയ്തു. മുന്നോട്ടു ചെന്നു നോക്കിയപ്പോൾ കതകു അടച്ചിരിക്കുന്നതാണ് കണ്ടത്. ഒരാൾ വിശുദ്ധ ഖുർആൻ കേൾപ്പിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഹോദരിയും, അളിയനും അത് കേൾക്കുന്നുണ്ടായിരുന്നു. ആ നേരത്ത് പർദയുടെ കല്പന ഇറങ്ങിയിരുന്നില്ല. അതുകൊണ്ട് ആ സ്വഹാബി ഉള്ളിൽ വീട്ടിൽത്തന്നെയിരുന്നിരുന്നു.'ഹദ്റത്ത് ഉമർ വാതിലിൽ മുട്ടി വിളിച്ചു. കതകു തുറക്കാനും പറഞ്ഞു. അദ്ദേഹത്തിന്റെ ശബ്ദം കേട്ട് വധിക്കുമെന്ന് കരുതി ഉള്ളിലുള്ളവർ ഭയന്നു. അവർ വാതിൽ തുറന്നില്ല. വാതിൽ തുറന്നില്ലെങ്കിൽ താൻ വാതിൽ ചവുട്ടിതുറക്കുമെന്ന് ഉമർ പറഞ്ഞു. അതുകേട്ട് അവർ വിശുദ്ധ ഖുർആൻ കേൾപിച്ച മുസ്‌ലിമിനെ ഒളിപ്പിച്ചു. അളിയനും ഒളിച്ചിരുന്നു. സഹോദരിമാത്രം മുന്നിൽവന്ന് വാതിൽ തുറന്നു. എന്താണ് ചെയ്തുകൊണ്ടിരുന്നതെന്ന് ഉമർ ചോദിച്ചു. എന്തോ വായിക്കുന്നതു കേട്ടല്ലോ? അതാരാണ് വായിച്ചത്? അവർ ഭയന്നുകൊണ്ട് അതു മറച്ചുവെക്കാൻ ആഗ്രഹിച്ചു. വായിച്ചുകൊണ്ടിരുന്നതു തന്നെ കേൾപിക്കാൻ ഉമർ പറഞ്ഞു. അങ്ങ് അതിനോടു അനാദരവ് കാണിക്കുമെന്നും അതുകൊണ്ട് മരിച്ചാലും താൻ അത് കേൾപ്പിക്കുകയില്ലെന്നും സഹോദരി പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു. ഇല്ല, ഒരിക്കലുമില്ല, നീ കേൾപ്പിക്കുക! അപമാനിക്കുകയില്ലെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു.' അതായത് വിശുദ്ധ ഖുർആനിനെ അപമാനിക്കുകയില്ല.'അപ്പോൾ അവർ വിശുദ്ധ ഖുർആൻ കേൾപ്പിച്ചു.

അതുകേട്ട് ഹദ്റത്ത് ഉമർ കരയുകയും നബി(സ) തിരുമേനിയുടെ അടുത്ത് ഓടിച്ചെല്ലുകയും ചെയ്തു. വാൾ കൈയിൽത്തന്നെ ഉണ്ടായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തെ കണ്ടുകൊണ്ടു പറഞ്ഞു: "ഉമറേ! ഇക്കാര്യം ഏതുവരെ തുടരും? ഇതുകേട്ട് അദ്ദേഹം പൊട്ടിക്കരയുകയും താങ്കളെ വധിക്കാനാണ് താൻ വീട്ടിൽ നിന്നിറങ്ങിയതെന്നും പക്ഷേ, സ്വയം ഇരയായിത്തീർന്നിരിക്കുന്നുവെന്ന് പറയുകയും ചെയ്തു.''

മുമ്പേ വിവരിച്ചു കഴിഞ്ഞിട്ടുള്ള ദീർഘമായ ഈ സംഭവത്തിന്റെ സംക്ഷിപ്തം ഇതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ആദ്യം അവരുടേത് ഈ അവസ്ഥയായിരുന്നു. ഇതിൽനിന്നാണ് അവർ അഭിവൃദ്ധിപ്പെട്ടത്. ഇതേ സ്വഹാബാക്കൾത്തന്നെയാണ് ആദ്യകാലത്ത് മദ്യപിച്ചിരുന്നതും പരസ്പരം വഴക്കു കൂടിയിരുന്നതും.' മറ്റു സ്വഹാബാക്കളുടെ വിവരങ്ങളുമുണ്ട്. 'പല രീതിയിലുള്ള ദൗർബല്യങ്ങളും അവരിലുണ്ടായിരുന്നു. എന്നാൽ, അവർ നബി(സ)തിരുമേനിയെ സ്വീകരിക്കുകയും ദീനിനു വേണ്ടി ധൈര്യത്തോടെയും, കഠിനാധ്വാനത്തോടെയും പണിയെടുക്കുകയും ചെയ്തപ്പോൾ ഉന്നതസ്ഥാനീയരായിമാറി എന്ന് മാത്രമല്ല മറ്റുള്ളവരേയും ഉന്നത സ്ഥാനത്തെത്തിക്കാൻ നിമിത്തമാകുകയും ചെയ്തു. അവർ ജനിച്ചുടനെ സ്വഹാബിയായിരുന്നില്ല. പ്രത്യുത മറ്റുള്ളവരെപ്പോലെത്തന്നെയായിരുന്നു. എന്നാൽ, അവർ കർമങ്ങൾ ചെയ്യുകയും ധൈര്യം കാണിക്കുകയും ചെയ്തു, അങ്ങനെ സ്വഹാബിയായി. നമ്മൾ അങ്ങനെ ചെയ്യുകയാണെങ്കിൽ ഇന്നും സ്വഹാബിയാകാൻ കഴിയുന്നതാണ്.' *(ഔരത്തോം കാ ദീൻ സെ വാഖിഫ് ഹോനാ ളരൂരി ഹെ, അൻവാറുൽഉലൂം വാല്യം 4, പേജ് 38-39)*

ഹദ്റത്ത് ഉമർ(റ)ന്റെ ദൈവഭയം എങ്ങനെയുള്ളതായിരുന്നു? ഇത് സംബന്ധമായി നിവേദനമുണ്ട്. ഹദ്റത്ത് ഉമർ(റ)പറയുന്നു: 'യൂഫ്രട്ടീസ് നദീ തീരത്ത് ഒരു ആടു ചത്തു വീഴുകയാണെങ്കിൽപോലും അതിനെ കുറിച്ച് ഖിയാമത്തുന്നാളിൽ അല്ലാഹു എന്നോട് ചോദിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.'*(സീറത്ത് ഉമർ ബിൻ ഖത്ത്വാബ്, ഇബ്നുൽജൂസി, പേജ് 140, അൽ മത്ബഅത്തുൽ മിസ്രിയ്യ അൽ അസ്ഹർ)*

ഒരു ഹദീഥിൽ ഇപ്രകാരവും വിവരിക്കപ്പെട്ടിരിക്കുന്നു, ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'യൂഫ്രട്ടീസ് നദിയുടെ കരയിൽ ഏതെങ്കിലും ഒട്ടകം നഷ്ടപ്പെട്ട് ചാകുകയാണെങ്കിൽ അതിനെക്കുറിച്ച് ഖിയാമത്തുന്നാളിൽ അല്ലാഹു എന്നോട് ചോദിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.'*(അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 232, ദാറുൽകുതുബുൽഇൽമിയ്യ 1990)*

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം. ഒരു ദിവസം ഞാൻ ഉമർ ബിൻ ഖത്ത്വാബിന്റെ കൂടെ പുറത്തുപോയി. അവിടന്ന് ഒരു തോട്ടത്തിൽ പ്രവേശിച്ചു. എന്റേയും അദ്ദേഹത്തിന്റേയുമിടയിൽ ഒരു ഭിത്തി തടസ്സമായുണ്ടായിരുന്നു. അദ്ദേഹം തോട്ടത്തിനുള്ളിലായിരുന്നു. ആ നേരത്ത് അദ്ദേഹം ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു, 'വാഹ് വാഹ്! ഖത്ത്വാബിന്റെ മകൻ ഉമറേ! നീ അമീറുൽമുഅ്മിനീനാണ്. അല്ലാഹുവാണ! നീ നിർബന്ധമായും അല്ലാഹുവിനെ ഭയപ്പെടുക. ഇല്ലെങ്കിൽ അവൻ തീർച്ചയായും നിന്നെ ശിക്ഷിക്കുന്നതാണ്.'*(മുവത്ത ഇമാം മാലിക് കിതാബുൽകലാം പേജ് 601, നിവേദനം 1867, മക് തബ, ദാറുൽഫിക്ർ ബെയ്റൂത്ത്)*

ഹദ്റത്ത് ഉമർ(റ)ന്റെ മോതിരത്തിൽ ഈ

വാക്യം കൊത്തിയിട്ടുണ്ടായിരുന്നു. 'കഫാബിൽമൗത്തി വായിളൻ യാ ഉമറു ഉപദേശകൻ എന്ന നിലക്ക് മരണം മതിയായതാണ്.' *(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ് വാല്യം 3, പേജ് 236, ബാബു ഹർഫുൽ അയ്ൻ "ഉമർ ബിൻ അൽഖത്ത്വാബ്'' പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2002)* അതായത് മനുഷ്യൻ മരണത്തെ ഓർക്കുകയാണെങ്കിൽ അതുതന്നെയാണ് അവന്റെ ഉപദേശി. സ്വന്തം അവസ്ഥ നന്നാക്കി വെക്കുന്നതിന് ഇക്കാര്യം മതിയായതാണ്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ശദ്ദാദ്(റ) പറയുന്നു: 'ഞാൻ ഹദ്റത്ത് ഉമർ(റ)ന്റെ ഏങ്ങലടി ശബ്ദം കേട്ടു. ഞാൻ അവസാനത്തെ സ്വഫ്ഫിലായിരുന്നു. അദ്ദേഹം ഇന്നമാ അശ്കൂ ബഥ്ഥി വ ഹുസ്നീ ഇലല്ലാഹ് (12:87) എന്ന വചനം പാരായണം ചെയ്യുകയായിരുന്നു. 'എന്റെ മനോവ്യഥയും വ്യസനവും ഞാൻ ബോധിപ്പിക്കുന്നത് അല്ലാഹുവിനോടു മാത്രമാണ്.'*(സ്വഹീഹുൽ ബുഖാരി കിതാബുൽഅദാൻ, ബാബു ഇദാ ബകൽഇമാമു ഫിസ്സ്വലാത്തി)*

ഈ നിവേദനം ഒരു ഖുത്ബയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വിവരിച്ചിരുന്നു: അതിന്റെ അല്പം വിശദീകരണം തന്റെ വാക്കുകളിലും ഇങ്ങനെ വിവരിച്ചിരുന്നു:ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ശദ്ദാദ് (റ) പറയുന്നു: ഹദ്റത്ത് ഉമർ(റ) ഒരിക്കൽ നമസ്കരിപ്പിക്കുകയായിരുന്നു. ഞാൻ അവസാനത്തെ സ്വഫ്ഫിലായിരുന്നു ഉണ്ടായിരുന്നത്. പക്ഷേ, ഹദ്റത്ത് ഉമറിന്റെ ഏങ്ങലടി ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഇന്നമാ അശ്കൂ ബഥ്ഥി വ ഹുസ്നീ ഇലല്ലാഹ്(12:87) എന്ന വചനം പാരായണം ചെയ്യുകയായിരുന്നു. 'എന്റെ മനോവ്യഥയും വ്യസനവും ഞാൻ ബോധിപ്പിക്കുന്നത് അല്ലാഹുവിനോടു മാത്രമാണ്.' ദൈവസ്മരണയിൽ ലയിച്ചിരിക്കുന്നവർക്ക് തങ്ങളുടെ ദുഃഖങ്ങളും വേദനകളും കരഞ്ഞു തീർക്കാനും, തങ്ങളുടെ നെഞ്ചിലെ ഭാരം ഇറക്കി വെക്കാനും അല്ലാഹുവിന്റേതല്ലാത്ത മറ്റൊരു ദർബാറും കിട്ടുകയില്ല. ഇതു നിവേദനം ചെയ്യുന്നയാൾ പറയുന്നു:'ഞാൻ ഏറ്റവും പിന്നിലെ സ്വഫ്ഫിലായിരുന്നു. അവിടവരെ എനിക്ക് ഹദ്റത്ത് ഉമറിന്റെ നെഞ്ചിലെ വണക്കത്തോടുകൂടിയ യാചന കേൾക്കാമായിരുന്നു.' *(ഖുത്ബാത്തെ ത്വാഹിർ വാല്യം 13, പേജ് 248-249)*

ഹദ്റത്ത് ഉമർ(റ) ആദ്യകാല സേവകരേയും, ത്യാഗികളേയും എങ്ങനെയാണ് പരിഗണിച്ചിരുന്നത്. ഇത് സംബന്ധമായി നിവേദനമുണ്ട്. ഥഅ്ലബ ബിൻ അബൂ മാലിക് പറയുന്നു:'ഹദ്റത്ത് ഉമർ(റ) ഒരിക്കൽ മദീന വാസികളായ സ്ത്രീകളിൽ ചിലർക്ക് പുതപ്പുകൾ വിതരണം ചെയ്തു. നല്ല മുന്തിയ ഇനം പുതപ്പുകൾ വന്നിരുന്നു. അവയിലുള്ള ഒരു മുന്തിയ പുതപ്പ് ബാക്കിയായി. ഉമറിന്റെ അടുത്തുണ്ടായിരുന്നവരിൽ ആരോ പറഞ്ഞു: 'യാ അമീറൽമുഅ്മിനീൻ! അങ്ങ് ഈ പുതപ്പ് അങ്ങയുടെ അടുത്തുള്ള അല്ലാഹുവിന്റെ റസൂലിന്റെ മകൾക്കു നല്കിയാലും.' അതിന്റെ ഉദ്ദേശ്യം ഹദ്റത്ത് അലിയുടെ മകൾ ഹദ്റത്ത് ഉമ്മുകുൽഥൂം ആയിരുന്നു. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'ഉമ്മുസലീത്വാണ് അതിന് കൂടുതൽ അർഹതപ്പെട്ടത്.' പറഞ്ഞു: അല്ല, ഉമ്മുസലീത്വാണ് കൂടുതൽ അർഹതപ്പെട്ടത്. ഹദ്റത്ത് ഉമർ(റ)പറഞ്ഞു, ഉമ്മുസലീത് നബി(സ)തിരുമേനിക്ക് ബയ്അത്ത് ചെയ്ത അൻസ്വാരി സ്ത്രീകളിൽപ്പെട്ടവരായിരുന്നു. ഹദ്റത്ത് ഉമർ പറഞ്ഞു:'ഉഹുദു ദിവസം ഉമ്മുസലീത് ഞങ്ങൾക്കു വെള്ളം നിറച്ച കുടങ്ങൾ എടുത്തുകൊണ്ടു വന്നിരുന്നു.' *(സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസീ, ബാബു ദിക്റു ഉമ്മു സലീത്)*

ത്യാഗം ചെയ്യുന്നവരുടെ ത്യാഗങ്ങളേയും കരുണയോടെ കണ്ട കാര്യവും ഒരു നിവേദനത്തിൽനിന്ന് ലഭിക്കുന്നു. ഹദ്റത്ത് സയ്ദ് ബിൻ അസ്ലം തന്റെ പിതാവിൽനിന്ന് നിവേദനം. ഒരിക്കൽ ഞാൻ അങ്ങാടിയിലേക്ക് പുറപ്പെട്ടു. അപ്പോൾ ഒരു യുവതി ഉമറിനെ അഭിമുഖീകരിച്ചുകൊണ്ടു പറഞ്ഞു: 'യാ അമീറൽമുഅ്മിനീൻ! എന്റെ ഭർത്താവ് മരണപ്പെട്ടു. ചെറിയ കുട്ടികളെയാണ് അദ്ദേഹം ഉപേക്ഷിച്ചത്. ആടുകളുടെ കാലുകൾപോലും അവർക്ക് കിട്ടുന്നില്ല. ഒട്ടകമോ കൃഷിയോ പാൽ തരുന്ന മൃഗങ്ങളോ ഇല്ല. പട്ടിണി അവരെ തിന്നു നശിപ്പിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. ഞാൻ ഖുഫാഫ് ബിൻ ഈമാഅ് ഗിഫാരിയുടെ മകളാകുന്നു. എന്റെ പിതാവ് നബി(സ)തിരുമേനിയുടെ കൂടെ ഹുദയ്ബിയായിൽ പങ്കെടുത്തിട്ടുണ്ട്. ഉമർ(റ)പറഞ്ഞു: 'ഖുറയ്ശികളുമായി അടുത്ത കുടുംബത്തിന് സ്വാഗതം!' ശേഷം ഉമർ(റ) ശക്തിയുള്ളതും ഭാരം ചുമക്കുന്നതുമായ വീട്ടിൽകെട്ടിയിരുന്ന ഒരു ഒട്ടകത്തിന്റെ നേരെ തിരിഞ്ഞു. ധാന്യങ്ങൾ നിറച്ച രണ്ടു ചാക്കുകൾ അതിൽ കയറ്റി. അവ രണ്ടിനുമിടയിൽ വർഷം മുഴുവനുമുള്ള ചെലവിനായി ധനവും വസ്ത്രങ്ങളും വെച്ചു. ശേഷം അതിന്റെ കടിഞ്ഞാൺ നല്കിക്കൊണ്ട് നീ ഈ ഒട്ടകത്തെ തെളിച്ചുകൊണ്ടുപോകുക എന്നു പറഞ്ഞു. ഇതു തീരുന്നതിനുമുമ്പേ അല്ലാഹു നിനക്ക് വീണ്ടും തരുന്നതാണ്. അപ്പോൾ ഒരാൾ പറഞ്ഞു:'യാ അമീറൽമുഅ്മിനീൻ! അങ്ങ് അവൾക്ക് ഒരുപാടാണ് നല്കിയത്.' ഉമർ(റ) പ്രത്യുത്തരം നല്കി: 'നിന്റെ മാതാവിനെ നീ നഷ്ടപ്പെടുത്തി.' അതായത് വെറുപ്പ് പ്രകടിപ്പിച്ചു. 'അല്ലാഹു സത്യം. ഞാൻ ഇവളുടെ പിതാവിനേയും സഹോദരനേയും ഇപ്പോഴും കാണുന്നു. അവർ കുറെക്കാലം ഒരു കോട്ടയെ ഉപരോധിച്ചുവെക്കുകയുണ്ടായി. എന്നിട്ട് അവർതന്നെ അതിനെ ജയിച്ചടക്കി. പിന്നീട് അതിനുശേഷം രാവിലെ നേരത്ത് നാം അവരിരുവരുടേയും ഓഹരികൾ ഞങ്ങളുടെ ഇടയിൽ വിതരണം ചെയ്യാൻ തുടങ്ങി. അതായത് ആ കോട്ട അവരിരുവരും ജയിച്ചടക്കിയിരുന്നു. അതിലെ ഗനീമത്ത് മുതൽ എല്ലാ മുസ്ലിമീങ്ങൾക്കും ലഭിച്ചു. അതായത് നാം അവരുടെ ഓഹരിയിൽനിന്നാണ് വിതരണം ചെയ്തത്.' *(സ്വഹീഹുൽ ബുഖാരി കിതാബുൽമഗാസി ഹദീഥ് 4160-4161)* ഇക്കാരണത്താൽ ഇവർ അതിന്റെ അവകാശിയാണ്.

വൃദ്ധരും നിരാലംബരും ദരിദ്രരുമായ സ്ത്രീകളേയും മറ്റുള്ളവരേയും എങ്ങനെയാണ് ഹദ്റത്ത് ഉമർ(റ) ഗൗനിച്ചിരുന്നത്. ഇതു സംബന്ധമായി നിവേദനമുണ്ട്. ഹദ്റത്ത് ത്വൽഹ(റ) നിവേദനം. ഒരിക്കൽ ഹദ്റത്ത് ഉമർ രാത്രിയുടെ അന്ധകാരത്തിൽ വീട്ടിൽനിന്നിറങ്ങി. അത് ഹദ്റത്ത് ത്വൽഹ(റ)കണ്ടു. ഹദ്റത്ത് ഉമർ ഒരു വീട്ടിൽ പ്രവേശിച്ചു. പിന്നീട് മറ്റൊരു വീട്ടിൽ കയറി. രാവിലെ ആയപ്പോൾ ഹദ്റത്ത് ത്വൽഹ അതിൽ നിന്നു ഒരു വീട്ടിൽ പോയി. അവിടെ അന്ധയായ ഒരു വൃദ്ധ ഇരിക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് ത്വൽഹ അവരോടു ചോദിച്ചു: 'നിന്റെയടുത്ത് രാത്രി വരുന്നയാൾ എന്താണ് ചെയ്യുന്നത്?' വൃദ്ധ പറഞ്ഞു: രാത്രി എന്റെ അടുക്കൽ വന്ന വ്യക്തി കുറെ നാളായി എനിക്കു സേവനം ചെയ്യുന്നു. എന്റെ വീട്ടു ജോലികൾ ചെയ്തു തരുന്നു. എന്റെ അഴുക്കുകളെല്ലാം വൃത്തിയാക്കുകയും ചെയ്യുന്നു. ഇതുകേട്ട് ഹദ്റത്ത് ത്വൽഹ(റ) ലജ്ജയോടെ തന്നോടുതന്നെ പറഞ്ഞു: 'ത്വൽഹേ!നിന്റെ മാതാവ് നിന്നെ കളഞ്ഞുകുളിച്ചു. എത്ര വിഷമകരമായ കാര്യമാണ്! നീ ഉമറിന്റെ വീഴ്ചകൾ തേടിപ്പിടിക്കാൻ നടക്കുന്നു. ഇവിടെയാണെങ്കിൽ കാര്യംതന്നെ വേറെയാണ്!' *(സീറത്ത് ഉമർ ബിൻ ഖത്ത്വാബ്, ഇബ്നുൽജൂസി, പേജ് 58, അൽ മത്ബഅത്തുൽ മിസ്രിയ്യ അൽ അസ്ഹർ)* പ്രജകളുടെ സേവനത്തിന്റെ ഈ മഹത്തായ നിലവാരമായിരുന്നു ഹദ്റത്ത് ഉമർ(റ) സ്ഥാപിച്ചത്.

ഹദ്റത്ത് ഉമർ(റ) ജനങ്ങളുടേയും ദരിദ്രരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും ആവശ്യങ്ങൾ പൂർത്തീകരിച്ചതിനെ സംബന്ധിച്ചുള്ള നിവേദനങ്ങൾ ധാരാളമുണ്ട്. എങ്ങനെയാണ് അല്ലാഹുവിനോടുള്ള ഭയം മനസ്സിൽവച്ചുകൊണ്ട് അത് അദ്ദേഹം നിറവേറ്റിയിരുന്നത്. അക്കാര്യങ്ങളിൽ എത്രമാത്രം അസ്വസ്ഥനാകാറുണ്ടായിരുന്നു. ആരുടെയെങ്കിലും ആവശ്യം നിറവേറ്റപ്പെട്ടിട്ടില്ലെന്നും അവർ തന്റെ പ്രജകളിൽപ്പെട്ടവരാണെന്നും കാണുമ്പോൾ അദ്ദേഹം വളരെ അസ്വസ്ഥനാകുമായിരുന്നു. ചില ഉദാഹരണങ്ങൾ കഴിഞ്ഞ ആഴ്ചകളിലെ ജുമുകളിൽ ഞാൻ വിവരിച്ചുകഴിഞ്ഞതാണ്. ഉദാഹരണത്തിന് ഒരു ദിവസം രാത്രി ഒരു സ്ത്രീയോടു അവരുടെ കുഞ്ഞ് കരയുന്നതിന്റെ കാരണം ചോദിച്ചത്! ഹദ്റത്ത് ഉമർ പാലുകുടിക്കുന്ന കുഞ്ഞുങ്ങൾക്ക് റേഷൻ നിശ്ചയിച്ചിട്ടില്ലെന്നും അതുകൊണ്ട് താൻ കുട്ടിയ്ക്ക് ഭക്ഷണം കഴിക്കാനുള്ള ശീലമുണ്ടാക്കാൻ പാലുകൊടുക്കാതിരിക്കാൻ ശ്രമിക്കുകയാണെന്നും അതുകൊണ്ട് കുഞ്ഞ് വിശപ്പുകൊണ്ടു കരയുകയാണെന്നും അപ്പോൾ ആ സ്ത്രീ പറഞ്ഞു. ഇക്കാര്യം കേട്ട് ഹദ്റത്ത് ഉമർ അസ്വസ്ഥനായി. ഉടനെത്തന്നെ ഭക്ഷണത്തിനും പാനീയത്തിനുമുള്ള ഏർപാടു ചെയ്തു. ഇനി മുതൽ ജനിക്കുന്ന എല്ലാവർക്കും റേഷൻ ലഭിക്കുന്നതാണെന്ന് വിളംബരവും ചെയ്തു. *(അൽബിദായ വന്നിഹായ, ഭാഗം 10, പേജ് 185-186, പ്രസാധനം ദാറുൽഹിജ്ർ 1997)*

ഇപ്രകാരംതന്നെ ഒരു അവസരത്തിൽ ഒരു യാത്രക്കാരിയുടെ പക്കൽ കഴിക്കാൻ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. രാത്രി അവർക്ക് അങ്ങനെ കഴിയേണ്ടിവന്നു. കുട്ടികൾ വിശപ്പുകൊണ്ടു കരയുന്നുണ്ടായിരുന്നു. രാത്രി ഈ വിവരം അറിഞ്ഞപ്പോൾ ഉടനെ സ്റ്റോർ തുറന്ന് ഭക്ഷണത്തിനുള്ള സാധനങ്ങളുമെടുത്ത് അവർക്കെത്തിച്ചു. വളരെ അസ്വസ്ഥനായി. ഭക്ഷണം പാകം ചെയ്ത് ആ മക്കൾക്കു നല്കി അവരുടെ ചിരി കാണുന്നതുവരെ അദ്ദേഹത്തിന് സമാധാനമുണ്ടായില്ല. പിന്നീടാണ് അവിടന്ന് ആ സ്ഥലത്തുനിന്ന് മടങ്ങിയത്. *(താരീഖ് അത്ത്വബ്രി ലി ഇബ്നി ജരീർ, ഭാഗം 5, പേജ് 62, പ്രസാധകർ ദാറുൽ ഫിക്ർ ബെയ്റുത്ത് 1998)*

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിച്ചു:

ഹദ്റത്ത് ഉമറിനെ നോക്കുക. അദ്ദേഹത്തിന്റെ ഭക്തി കലർന്ന ഭയവും സ്വാധീന ശക്തിയുംകൊണ്ട് ലോകത്തിലെ വലിയ വലിയ രാജാക്കന്മാർപോലും വിറകൊണ്ടിരുന്നു. ഖയ്സറിന്റേയും കിസ്റായുടേയും ഭരണകൂടങ്ങൾവരേയും അതെത്തിയിരുന്നു. എന്നാൽ, മറുവശത്ത് രാത്രിയുടെ അന്ധകാരത്തിൽ ബദ്‌വിയായ ഒരു സ്ത്രീയുടെ കുട്ടികൾ വിശന്നിരിക്കുന്നതു കണ്ട് ഉമറിനെപ്പോലുള്ള ഉന്നതനിലയിലുള്ള മനുഷ്യൻ അസ്വസ്ഥനായി എഴുന്നേല്ക്കുന്നു. അദ്ദേഹം തന്റെ പുറത്ത് ആട്ടയുടെ ചാക്കേറ്റിയും നെയ്യുടെ പാട്ട കൈയിൽപിടിച്ചും അവിടെ എത്തുന്നു. സ്വന്തം കൈകൊണ്ട് ഭക്ഷണമുണ്ടാക്കി ആ കുഞ്ഞുങ്ങൾക്ക് കൊടുക്കുന്നതുവരെ അവിടെനിന്ന് പോയില്ല. സമാധാനത്തോടെ ഉറങ്ങിയതുമില്ല.' *(സയ്റെ റൂഹാനീ(6)അൻവാറുൽഉലൂം വാള്യം 22, പേജ് 596)*

പിന്നീടൊരു സംഭവം ഹദ്റത്ത് ഉമറിൽനിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് ഉമർ ശാമിൽ നിന്നു മടങ്ങി വരുമ്പോൾ ജനങ്ങളുടെ അവസ്ഥകളെ കുറിച്ചറിയാൻ ആളുകളിൽനിന്ന് വേർപ്പെട്ടു. അതായത് ആ യാത്രാസംഘത്തിൽനിന്ന് മാറി ഒരു ഭാഗത്തേക്ക് പോയി. വൃദ്ധയായൊരു സ്ത്രീ താമസിച്ചിരുന്ന കൂടാരത്തിന്നടുത്തൂടെ അദ്ദേഹം പോയി. അദ്ദേഹം അവരോടു കുശലാന്വേഷണം നടത്തി. അവർ പറഞ്ഞു, ഹേ മനുഷ്യാ! ഉമർ എന്താണ് ചെയ്തത്? അദ്ദേഹം പറഞ്ഞു, ആ ആൾ ഇവിടെത്തന്നെയുണ്ട്. ശാമിൽനിന്ന് വന്നതാണ്. അപ്പോൾ ആ സ്ത്രീ പറഞ്ഞു: 'അല്ലാഹു അദ്ദേഹത്തിന് എന്റെ ഭാഗത്തുനിന്ന് പ്രതിഫലമൊന്നും നൽകാതിരിക്കട്ടെ.' അദ്ദേഹം പറഞ്ഞു, അഹോ കഷ്ടം!എന്തുകൊണ്ട്?' അതായത് നിങ്ങൾ അങ്ങനെ പറയുന്നതെന്തിനാണ്? അവർ പറഞ്ഞു: 'അദ്ദേഹം ഖലീഫ ആയതുമുതൽ ഇന്നുവരെ അദ്ദേഹത്തിൽനിന്ന് എനിക്ക് ഒരു സമ്മാനവും കിട്ടിയിട്ടില്ല.'ഒരു ദിർഹമുമില്ല, ദീനാറുമില്ല. ഹദ്റത്ത് ഉമർ പറഞ്ഞു: 'അഹോ കഷ്ടം! നിങ്ങളുടെ അവസ്ഥയെ കുറിച്ച് ഉമറിന് എങ്ങനെയാണ് അറിവുണ്ടാവുക.' ഹദ്റത്ത് ഉമറാണ് അതെന്ന് ആ വൃദ്ധയ്ക്കറിയില്ലായിരുന്നു. 'നിങ്ങൾ വനത്തോടു ചേർന്നുള്ള ദൂരെയുള്ള ഒരു സ്ഥലത്താണല്ലോ ഇരിക്കുന്നത്.' ആ സ്ത്രീ പറഞ്ഞു. സുബ്ഹാനല്ലാഹ്! ജനങ്ങളുടെ ഭരണാധികാരിയായ ഒരാൾക്ക് കിഴക്കും പടിഞ്ഞാറും എന്താണ് സംഭവിക്കുന്നതെന്ന് അറിയില്ലെന്ന് പറയുന്നത് എനിക്ക് ചിന്തിക്കാൻ പോലും സാധ്യമല്ല.' ഇതുകേട്ട് ഉമർ കരഞ്ഞുകൊണ്ട് അവരിലേക്ക് ശ്രദ്ധിച്ചു. അദ്ദേഹം ഇങ്ങനെ പറയുന്നുണ്ടായിരുന്നു: 'ഉമറേ! കഷ്ടം തന്നെ! നിന്നെക്കാൾ ദീനീ ബോധമുള്ള എത്രയെത്ര ആളുകളുണ്ട്.' അദ്ദേഹം ആ സ്ത്രീയോട് പറഞ്ഞു: 'നീ നിനക്ക് നേരിട്ട നഷ്ടങ്ങൾക്ക് പകരമായി എത്ര രൂപയാണ്(നഷ്ടപരിഹാരമായി) ആഗ്രഹിക്കുന്നത്? ഞാൻ ഉമറിനെ നരകശിക്ഷയിൽ നിന്ന് രക്ഷിക്കുവാൻ ആഗ്രഹിക്കുകയാണ്. നീ പറയുക, നിന്റെ പീഢിപ്പിക്കപ്പെട്ട അവസ്ഥയക്ക് എന്തു പ്രായശ്ചിത്തമാണ് ആഗ്രഹിക്കുന്നത്?' തന്നെ കളിയാക്കരുതെന്ന് അവർ പറഞ്ഞു. അല്ലാഹു നിന്നിൽ കരുണ ചെയ്യട്ടെ.' ഹദ്റത്ത് ഉമർ അവരോടു പറഞ്ഞു: ഇതു കളിയാക്കലല്ല. ഹ്ദറത്ത് ഉമർ അവരെ നിർബന്ധിച്ചുകൊണ്ടിരുന്നു. അവസാനം 25 ദീനാർ അവർക്കു നല്കി അവരുടെ പീഢിതാവസ്ഥ വിലക്കുവാങ്ങി. ഈ സമയത്ത് ഹദ്റത്ത് അലിയും അബ്ദുല്ലാഹ് ബിൻ മസ്ഊദും അവിടെവന്നു. അവരിരുവരും, അസ്സലാമു അലയ്ക്കും 'യാ അമീറൽ മുഅ്മിനീൻ' എന്നു പറഞ്ഞു. അതുകേട്ട് അവർ ഇരുകൈകളും തലയിൽവെച്ചു. അല്ലാഹു നല്ലതു വരുത്തട്ടെ എന്നു പറഞ്ഞു. ഞാൻ അമീറുൽമുഅ്മിനീനെ അദ്ദേഹത്തിന്റെ മുമ്പിൽ അനാവശ്യം പറഞ്ഞു. അപ്പോൾ അമീറുൽമുഅ്മിനീൻ അവരോടു പറഞ്ഞു: 'നിങ്ങൾക്ക് ഒരു കുറ്റവുമില്ല. അല്ലാഹു നിങ്ങളിൽ കരുണ ചൊരിയുമാറാകട്ടെ. അതിനുശേഷം ഉമർ എഴുതുന്നിതിനുവേണ്ടി ഒരു തുകൽക്കഷണം ചോദിച്ചു. എന്നാൽ, കിട്ടിയില്ല. പിന്നീട് സ്വന്തം പുതപ്പിൽനിന്ന് ഒരു കഷണം മുറിച്ചെടുത്തു. ഇപ്രകാരം എഴുതി:'ബിസ്മില്ലാഹിർറഹ്മാനിർറഹീം. ഇന്ന് ഉമർ ഇന്ന സ്ത്രീക്ക് അവർക്കുണ്ടായ നഷ്ടങ്ങൾക്ക് പരിഹാരമായി 25 ദീനാർ നൽകിയിരിക്കുന്നു. ഇനി അല്ലാഹുവിന്റെ സവിധത്തിൽ മഹ്ശറയിൽ ഈ സ്ത്രീ വാദമുന്നയിച്ചാൽ ഉമർ നിരപരാധിയായിരിക്കും. അലി ബിൻ അബീ ത്വാലിബും, അബ്ദുല്ലാഹ് ബിൻ മസ്ഊദും ഇതിന് സാക്ഷികളാകുന്നു. പിന്നീട് ആ എഴുത്ത് അലിക്ക് നൽകിയിട്ട് പറഞ്ഞു, ഞാൻ നിങ്ങളെക്കാൾ മുമ്പേ ഈ ലോകത്ത് നിന്ന് വിടപറയുകയാണെങ്കിൽ ഈ എഴുത്ത് എന്റെ കഫന്റെ കൂടെ വെക്കേണ്ടതാണ്.' *(ഇസാലത്തുൽഖഫാഉ, അൽഖിലാഫത്തിൽ ഖുലഫാഉ മുത്തർജിം, വാള്യം 3, പേജ് 276 -278, മനാഖിബ് ഫാറൂഖ് അഅ്‌ളം, പ്രസാധകർ ഖദീമീ കുതുബു ഖാന കറാച്ചി)*

കുട്ടികളുടെ വിവാഹബന്ധത്തിന് എന്തു നിലവാരമാണ് ആളുകൾ നോക്കുന്നത്. ഇക്കാലത്തും വലിയ വലിയ ഉന്നതനിലവാരമാണ് നമ്മൾ നോക്കുന്നത്. ഇക്കാര്യത്തിൽ ഹദ്റത്ത് ഉമർ(റ)വിന്റെ നിലവാരമെന്തായിരുന്നു? ഇതു സംബന്ധമായി ഒരു നിവേദനമുണ്ട്. ഹദ്റത്ത് അസ്‌ലം(റ)നിവേദനം. അസ്‌ലം ഹദ്റത്ത് ഉമർ(റ)സ്വതന്ത്രനാക്കിയ അടിമയായിരുന്നു. ഒരു രാത്രി ഞാൻ ഹദ്റത്ത് അമീറുൽമുഅ്മിനോടൊപ്പം മദീനയുടെ വശങ്ങളിൽ റോന്തു ചുറ്റുകയായിരുന്നു. അവിടന്ന് ഒരു നിമിഷനേരത്തേക്ക് വിശ്രമിക്കുക എന്നുദ്ദേശ്യത്തോടെ ഒരു ഭിത്തിയോടു ചേർന്നിരുന്നു. അതൊരു വീടിന്റെ ഭിത്തിയായിരുന്നു. അപ്പോൾ വീടിനുള്ളിൽ ഒരു വൃദ്ധ എഴുന്നേറ്റ് പാലിൽ വെള്ളം ചേർക്കുക എന്ന് തന്റെ മകളോടു പറയുന്നത് അദ്ദേഹം കേട്ടു. പെൺകുട്ടി പറഞ്ഞു: അമീറുൽമുഅ്മിനീന്റെ വിളംബരം ചെയ്യുന്നയാൾ പാലിൽ വെള്ളം ചേർക്കരുതെന്ന് വിളംബരം ചെയ്തിരുന്നത് നിങ്ങൾക്കറിയില്ലേ? വൃദ്ധ പറഞ്ഞു: ഇവിടെ ഇപ്പോൾ അമീറുൽമുഅ്മിനീനുമില്ല, വിളിച്ചുപറയുന്ന ആളുമില്ല. പെൺകുട്ടി പറഞ്ഞു: അല്ലാഹുവാണ!മുന്നിൽ നില്ക്കുമ്പോൾ നമ്മൾ അദ്ദേഹത്തെ അനുസരിക്കുകയും തനിച്ചാകുമ്പോൾ നന്ദികേടു കാണിക്കുകയും ചെയ്യുന്നത് നമുക്ക് ചേർന്നതല്ല. ഹദ്റത്ത് ഉമർ(റ)ഇതുകേട്ട് വളരെ സന്തോഷിച്ചു. തന്റെ സ്നേഹിതനോടു പറഞ്ഞു: അസ്‌ലമേ!ഈ വീടിന് അടയാളമിടുക. ഈ വീടിന്റെ വാതിലിൽ എന്തെങ്കിലും അടയാളമിടുക. രണ്ടാമത്തെ ദിവസം അദ്ദേഹം ആരെയോ അവിടേക്ക് അയച്ചു. ആ പെൺകുട്ടിയുടെ വിവാഹബന്ധം തന്റെ ആസിമുമായി ഉറപ്പിക്കുകയും ചെയ്തു. അവളിൽനിന്ന് ആസിമിന് ഒരു മകൾ ജനിച്ചു. ഹദ്റത്ത് ഉമർ ബിൻ അബ്ദുൽഅസീസ് ആ പെൺകുട്ടിയുടെ സന്താനങ്ങളിൽപ്പെട്ടയാളാണ്.*(ഇസാലത്തുൽഖഫാഉ, അൽഖിലാഫത്തിൽ ഖുലഫാഉ മുത്തർജിം, വാള്യം 3, പേജ് 281-282, മനാഖിബ് ഫാറൂഖ് അഅ്‌ളം, പ്രസാധകർ ഖദീമീ കുതുബു ഖാന കറാച്ചി)*

ഒരു നിവേദനത്തിലുണ്ട്. സലമ വിവരിക്കുന്നു. ഒരിക്കൽ ഞാൻ ബാസാറിലൂടെ പോകുകയായിരുന്നു. ഹദ്റത്ത് ഉമർ(റ)വും എന്തൊ ആവശ്യാർഥം പോകുകയായിരുന്നു. അദ്ദേഹത്തിന്റെ കൈയിൽ വടിയുണ്ടായിരുന്നു. ഹദ്റത്ത് ഉമർ പറഞ്ഞു: സലമേ!ഇങ്ങനെ വഴിയിൽനിന്ന് മാറി നടക്കുക. പിന്നീട് എന്നെ വടികൊണ്ടു ലഘുവായി ഒന്നു തട്ടി. ഞാൻ അതുകേട്ട് വഴിയിൽനിന്ന് മാറി നടന്നു. ഹദ്റത്ത് ഉമർ(റ)നിശബ്ദനായി. ഇതു നടന്ന് ഒരു വർഷം കഴിഞ്ഞു. പിന്നീട് ഹദ്റത്ത് ഉമറുമായി ബാസാറിൽവെച്ച് കണ്ടു. അവിടന്ന് പറഞ്ഞു: സലമേ!ഈ വർഷം ഹജ്ജിനുപോകാൻ പരിപാടിയുണ്ടോ? അമീറുൽമുഅ്മിനീൻ! ഉണ്ടെന്ന് ഞാൻ പറഞ്ഞു. പിന്നീട് അദ്ദേഹം എന്റെ കൈ പിടിച്ചു. എന്നെ വീട്ടിൽ കൊണ്ടുപോയി. ഒരു സഞ്ചിയിൽനിന്ന് 600 ദിർഹം എനിക്കു നല്കി. എന്നിട്ടു പറഞ്ഞു: സലമേ! ഇത് നിന്റെ ആവശ്യത്തിന് ചെലവഴിച്ചു കൊള്ളുക. ഒരു വർഷം മുമ്പേ നിന്നെ ഞാൻ വടികൊണ്ടടിച്ചതിനുള്ള പ്രതിക്രിയയാണിത്. സലമ പറയുന്നു: ഞാൻ പറഞ്ഞു, അല്ലാഹുവാണ!അമീറുൽമുഅ്മിനീൻ!ഞാനിക്കാര്യം തികച്ചും മറന്നു കഴിഞ്ഞിരുന്നു. ഇന്ന് അങ്ങ് അത് ഓർമിപ്പിച്ചു.' *(സീറത്ത് ഉമർ ബിൻ ഖത്ത്വാബ്, ഇബ്നുൽ ജൂദി, പേജ് 98, മത്ബഅത്തുൽ മിസ്‌രിയ്യ, അൽഅസ്ഹർ)*

ഹദ്റത്ത് ഉമർ(റ)മാർക്കറ്റിലെ സാധനങ്ങളുടെ വിലകൾ ഒരാൾക്കുപോലും അവരുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നതിന് കാരണമായി തീരാതിരിക്കാൻ ശ്രദ്ധിച്ചിരുന്നു. ഇക്കാര്യം വിവരിച്ചുകൊണ്ട് ഹദ്ത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'പൗരന്മാരുടെ അവകാശങ്ങളിൽപ്പെട്ടതാണ്, കൊടുക്കൽ വാങ്ങൽ കാര്യങ്ങളിൽ ദോഷം ഉണ്ടാകരുതെന്നത്. നമ്മൾ കാണുന്നു, ഇസ്‌ലാം ഇക്കാര്യവും അവഗണിച്ചുകളഞ്ഞില്ല. വിലക്കയറ്റമുണ്ടാക്കുന്നതും വിലകയറ്റി കച്ചവടം ചെയ്യുന്നതും ഇസ്‌ലാം തടഞ്ഞിരിക്കുന്നു. ഇപ്രകാരംതന്നെ മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കുന്നതും ഇക്കാലത്ത് മാർക്കറ്റുകളിൽ കണ്ടുവരുന്നതുപോലെ അവരുടെ കച്ചവടത്തിൽ നഷ്ടമുണ്ടാകുന്നതിന് വിലകുറച്ചു വില്ക്കുന്നതും തടഞ്ഞു. ഒരിക്കൽ ഒരാൾ മദീനയിൽ മറ്റുള്ള കച്ചവടക്കാർക്ക് വില്ക്കാൻ പറ്റാത്ത നിലയിൽ വില കുറച്ച് മുന്തിരി വില്ക്കുയായിരുന്നു. ഹദ്റത്ത് ഉമർ അതിനടുത്തൂടെ നടന്നു പോകുകയായിരുന്നു. അദ്ദേഹം ആ വിലകുറച്ചു വില്ക്കുന്നയാളെ വഴക്കു പറഞ്ഞു. കാരണം അങ്ങനെ മറ്റു കച്ചവടക്കാർക്ക് നഷ്ടമുണ്ടായിരുന്നു. ചുരുക്കത്തിൽ ഇസ്‌ലാം കച്ചവടക്കാർക്കും ഉപഭോക്താക്കൾക്കും നഷ്ടമുണ്ടാകാതരിക്കുന്നതിന് വിലകൂട്ടി വില്ക്കുന്നതും തടഞ്ഞു. വില കുറച്ചു വില്ക്കുന്നതും തടഞ്ഞു.' *(തഫ്സീറെ കബീർ വാള്യം 10, പേജ് 307)*

ആമിർ വിവരിക്കുന്നു. ഒരാൾ ഹദ്റത്ത് ഉമർ(റ)ന്റെ അടുക്കൽ വന്നു. അയാൾ പറഞ്ഞു: എനിക്കു ഒരുമകളുണ്ടായിരുന്നു. അവളെ ജാഹ്‌ലിയ കാലത്ത് ഞാൻ ജീവനോടെ

കുഴിച്ചുമൂടി. പക്ഷേ, അവൾ മരിക്കുന്നതിനു മുമ്പേ ഞാൻ കുഴിയിൽനിന്ന് കയറ്റി. അവൾ ഇസ്‌ലാം സ്വീകരിച്ചപ്പോൾ അവൾക്ക് അല്ലാഹുവിന്റെ ശിക്ഷകളിൽ ഒരു ശിക്ഷ കൊടുത്തു. തെറ്റായ പ്രവൃത്തി ഉണ്ടായതുകൊണ്ട് ശിക്ഷ നല്കി. അവൾ ആത്മഹത്യചെയ്യുന്നതിനു ഒരു കത്തിയെടുത്തു. ഞാൻ അവളെ പിടിച്ചു. അപ്പോൾ അവൾ ചില ഞരമ്പുകൾ മുറിച്ചു കഴിഞ്ഞിരുന്നു. പിന്നീട് ഞാൻ അവളെ ശുശ്രൂഷിച്ചു. അങ്ങനെ അവൾ സുഖം പ്രാപിച്ചു. പിന്നീട് അവൾ അതിനുശേഷം തൗബ ചെയ്തു. നല്ലവണ്ണം തൗബ ചെയ്തു. യാ അമീറൽ മുഅ്മിനീൻ! ഇപ്പോൾ അവൾക്ക് വിവാഹാലോചന വന്നുകൊണ്ടിരിക്കുന്നു. വിവാഹാലോചനയുമായി വരുന്നവരോട് നടന്ന കാര്യങ്ങളെല്ലാം പറയേണ്ടതുണ്ടോ? ഉമർ പറഞ്ഞു:' അല്ലാഹു അവളുടെ ന്യൂനതകൾ മറച്ചു വെച്ചിരിക്കെ നീ അത് വെളിപ്പെടുത്തുകയാണോ?' അല്ലാഹുവാണ! നീ അങ്ങനെ ചെയ്താൽ നാട്ടുകാർക്ക് മുഴുവൻ ഗുണപാഠമാകുന്ന രീതിയിൽ ഞാൻ നിനക്ക് ശിക്ഷ നൽകുന്നതാണ്.' അവളുടെ നിക്കാഹ് ഒരു പരിശുദ്ധയായ പെൺകുട്ടി എന്ന നിലയിൽ നടത്തുക.' *(തഫ്സീർ അത്ത്വബരി, ഭാഗം 6, സൂറത്തുൽ മാഇദ, പേജ് 127, ദാറു അഹ് യാഉത്തുറാഥ് അൽഅറബി അത്ത്വബഅത്തുൽഊലാ 2001)*

അംവാസിലെ പ്ലേഗും ഹദ്റത്ത് ഉമറിന് ജനങ്ങളുടെ കന്നുകാലികളെ കുറച്ചുള്ള ചിന്തയും? ഇതിനെ കുറിച്ച് പറയുന്നു: റംലയിൽനിന്ന് ബയ്ത്തുൽമുഖദ്ദസിലേക്കുള്ള വഴിയിൽ 6 മൈൽ ദൂരത്ത് ഒരു താഴ് വരയുണ്ട്. അതിന്റെ പേര് അംവാസ് എന്നാണ്. ഇവിടെനിന്നാണ് പ്ലേഗ് പൊട്ടിപ്പുറപ്പെട്ടതെന്നും ശാം ദേശത്ത് പടർന്നുപിടിച്ചതെന്നും ചരിത്രഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്നു. അതുകൊണ്ടാണ് അംവാസ് പ്ലേഗ് എന്ന് അത് വിളിക്കപ്പെടുന്നത്. ഈ പകർച്ചവ്യാധികൊണ്ട് ശാമിൽ അസംഖ്യം മരണങ്ങളുണ്ടായി. ചിലർ പറയുന്നത് ഇരുപത്തി അയ്യായിരത്തോളം മരണങ്ങളുണ്ടായി എന്നാണ്. ഹിജ്റ 17-ൽ ഹദ്റത്ത് ഉമർ മദീനയിൽനിന്ന് ശാമിലേക്ക് പുറപ്പെട്ടു. സർഗ് എന്ന സ്ഥലത്തെത്തി സൈന്യാധിപന്മാരുമായി കൂടിക്കാഴ്ച നടത്തി. സർഗ് എന്നതും ശാമിന്റേയും ഹിജാസിന്റേയും അതിർത്തി പ്രദേശത്ത് തബൂക് താഴ്‌വരയിലെ ഒരു നാടിന്റെ പേരാണ്. അംവാസ് എന്ന സ്ഥലത്ത് പകർച്ചവ്യാധി പടർന്നു പിടിച്ചിരിക്കുകയാണെന്ന് അദ്ദേഹത്തിന് വിവരം നല്കപ്പെട്ടു. കൂടിയാലോചനയക്കു ശേഷം അദ്ദേഹം മടങ്ങിപ്പോന്നു. അതിന്റെ വിശദീകരണം സ്വഹീഹ് ബുഖാരിയുടെ ഒരു നിവേദനത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. മുമ്പേയും ഒരിക്കൽ ഇതു വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ)വിവരിക്കുന്നു: ഹദ്റത്ത് ഉമർ(റ)സർഗ് എന്ന സ്ഥലത്തെത്തിയപ്പോൾ സൈന്യാധിപന്മാരായ ഹദ്റത്ത് അബൂ ഉബയ്ദായും അദ്ദേഹത്തിന്റെ സുഹൃത്തുക്കളുമായി കൂടിക്കാഴ്ച നടന്നു. അവർ ഹദ്റത്ത് ഉമർ(റ)നോടു പറഞ്ഞു. ശാം ദേശത്ത് പ്ലേഗ് എന്ന മഹാമാരി പടർന്നു പിടിച്ചിരിക്കുകയാണ്. ഹദ്റത്ത് ഉമർ(റ)ആദ്യകാല മുഹാജിരീങ്ങളെ കൂടിയാലോചിക്കുന്നതിനുവേണ്ടി വിളിച്ചു. ഉമർ അവരുമായി കൂടിയാലോചിച്ചു. എന്നാൽ, മുഹാജിരീങ്ങളിൽ അഭിപ്രായ ഭിന്നതയുണ്ടായി. ഇവിടെനിന്ന് പിന്മാറാൻ പാടില്ലെന്ന് ചിലർ പറഞ്ഞു. ഈ സൈന്യത്തിൽ നബി(സ)തിരുമേനിയുടെ സ്വഹാബത്ത് ഉണ്ടെന്നും അവരെ ഈ പകർച്ചവ്യാധിയിൽ അകപ്പെടുത്തരുതെന്നും ചിലർ പറഞ്ഞു. ഹദ്റത്ത് ഉമർ(റ) മുഹാജിരീങ്ങളെ പറഞ്ഞയക്കുകയും അൻസ്വാറിനെ വിളിപ്പിക്കുകയും ചെയ്തു. അവരുമായി കൂടിയാലോചിച്ചു. എന്നാൽ, അൻസ്വാറിന്റെ അഭിപ്രായങ്ങളിലും മുഹാജിരീങ്ങളെപ്പോലെ ഭിന്നതയുണ്ടായി. ഹദ്റത്ത് ഉമർ അൻസ്വാറിനെ പറഞ്ഞയച്ചു. ഖുറയ്ശികളിലെ വൃദ്ധജനങ്ങളെ വിളിപ്പിച്ചു. അവർ മക്ക വിജയനേരത്ത് ഇസ്‌ലാം സ്വീകരിച്ച് മദീനയിൽ വന്നവരായിരുന്നു. അവർ വിളിപ്പിക്കപ്പെട്ടു. അവർ ഐകകണ്ഠ്യേന പറഞ്ഞു:'ഇവരേയും കൂട്ടി മടങ്ങിപ്പോകുക. പകർച്ചവ്യാധിയുള്ള പ്രദേശത്തു ജനങ്ങളേയും കൂട്ടി പോകരുത്.' ഹദ്റത്ത് ഉമർ(റ)ജനങ്ങളിൽ മടങ്ങിപ്പോകുന്ന വിവരം വിളംബരം ചെയ്തു. ഹദ്റത്ത് അബൂഉബയ്ദ(റ)ഈ അവസരത്തിൽ ചോദിച്ചു:'അല്ലാഹുവിന്റെ വിധിയിൽനിന്ന് ഓടിമാറാൻ സാധിക്കുമോ?' ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അബൂഉബയ്ദയോടു പറഞ്ഞു: 'അഹോകഷ്ടം! താങ്കളല്ലാതെ മറ്റാരെങ്കിലും ഇത് ചോദിച്ചിരുന്നെങ്കിൽ!അതേ നാം അല്ലാഹുവിന്റെ വിധിയിൽനിന്ന് ഓടിക്കൊണ്ട് അല്ലാഹുവിന്റെ വിധിയിലേക്കുതന്നെ പോകുകയാണ്.'

നിങ്ങളുടെ കൈയിൽ ഒട്ടകമുണ്ട്. അതിനേയുംകൊണ്ട് രണ്ടു കരയുള്ള താഴ്‌വരയിൽ പോകുന്നു. ഒന്ന് ഹരിതാഭമാണ്. ഒന്ന് ഉണങ്ങി വരണ്ടതാണ്. നിങ്ങൾ നിങ്ങളുടെ ഒട്ടകങ്ങളെ ഹരിതാഭമായ സ്ഥലത്ത് മേയ്ക്കുകയാണെങ്കിൽ അത് അല്ലാഹുവിന്റെ തഖ്ദീറിൽപ്പെട്ടതാണ്. ഇനി ഉണങ്ങിവരണ്ട സ്ഥലത്തു കൊണ്ടുപോകുകയാണെങ്കിൽ അതും അല്ലാഹുവിന്റെ തഖ്ദീറിൽപ്പെട്ടതാണ്. ഇത്രയുമായപ്പോൾ ഹ്ദറത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ഉം അവിടെയെത്തി. എന്തോ തിരക്കുകാരണത്താൽ അദ്ദേഹത്തിന് നേരത്തെ എത്താൻ കഴിഞ്ഞിരുന്നില്ല. തന്റെയടുത്ത് ഈ പ്രശ്നത്തിനുള്ള അറിവുണ്ടെന്ന് അദ്ദേഹം പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്, 'ഏതെങ്കിലും സ്ഥലത്ത് പകർച്ച വ്യാധിയുണ്ടെന്ന് നിങ്ങൾ കേട്ടാൽ അവിടെ പോകരുത്. നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് പകർച്ചവ്യാധിയുണ്ടായാൽ അവിടെനിന്നോടി മറ്റു സ്ഥലത്തും പോകരുത്.' അതു കേട്ട് ഹദ്റത്ത് ഉമർ(റ) അല്ലാഹുവിന് നന്ദി പറഞ്ഞു. മടങ്ങിപ്പോകുകയും ചെയ്തു. *(സ്വഹീഹുൽബുഖാരി, കിതാബുത്ത്വിബ്ബ്, ഹദീഥ് 5729)(അത്ത്വബഖാത്തുൽകുബ്റാ, വാള്യം 3, പേജ് 214-215, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1990)(മുഅ്ജമുൽ ബുൽദാൻ വാള്യം 4, പേജ് 177-178, വാള്യം 3, പേജ് 239,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് ഉമർ(റ) മദീനയിൽനിന്ന് വന്നതായിരുന്നു. അപ്പോൾ പകർച്ചവ്യാധിയുള്ള സ്ഥലത്തെത്തിയിരുന്നില്ല. അതുകൊണ്ടു തന്റെ കൂടെയുള്ളവരേയും കൂട്ടി മടങ്ങിപ്പോയി. പക്ഷേ, സൈന്യാധിപനായിരുന്ന അബൂഉബയ്ദ(റ)മുമ്പേതന്നെ പകർച്ച വ്യാധി വ്യാപിച്ച സ്ഥലത്ത് താമസിച്ചുവരികയായിരുന്നു. അതുകൊണ്ട് അദ്ദേഹവും മുസ്‌ലിം സൈന്യങ്ങളും പകർച്ചവ്യാധിയുള്ള സ്ഥലത്തുതന്നെ താമസിച്ചു. എവിടെയാണോ ഉണ്ടായിരുന്നത് അവർ അവിടെതന്നെ താമസിച്ചു. മദീനയിലെത്തിയ ഉമർ(റ) ശാമിലെ മുസ്‌ലിമീങ്ങളെ സംബന്ധിച്ച് ചിന്തിക്കാൻ തുടങ്ങി. പ്ലേഗിന്റെ നാശത്തിൽനിന്ന് അവരെ എങ്ങനെ രക്ഷിക്കും?

പ്രത്യേകിച്ചും ഹദ്റത്ത് അബൂഉബയ്ദയെ സംബന്ധിച്ച് ഹദ്റത്ത് ഉമറിന് വലിയ ചിന്തയായിരുന്നു. ഒരു ദിവസം ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അബൂഉബയ്ദ(റ)യ്ക്ക് കത്തെഴുതി: 'എനിക്ക് താങ്കളെകൊണ്ട് ഒരു അത്യാവശ്യ ജോലിയുണ്ട്. അതുകൊണ്ട് താങ്കൾക്ക് ഈ കത്തു കിട്ടിയാലുടൻ മദീനയിലേക്ക് പുറപ്പെടുക. രാത്രിയിലാണ് കത്ത് കിട്ടുന്നതെങ്കിൽ നേരം വെളുക്കാൻ കാത്തിരിക്കരുത്. രാവിലെയാണ് കത്തു കിട്ടുന്നതെങ്കിൽ രാത്രിയാകാൻ കാത്തിരിക്കരുത്.' ഈ സ്നേഹമായിരുന്നു ഹദ്റത്ത് ഉമറിന് ഹദ്റത്ത് അബൂഉബയ്ദയോടു. ഹദ്റത്ത് അബൂഉബയ്ദ ആ കത്തു വായിച്ചപ്പോൾ പറഞ്ഞു, 'അമീറുൽമുഅ്മിനീന്റെ ആവശ്യം എനിക്കറിയാം. അല്ലാഹു ഹദ്റത്ത് ഉമറിനുമേൽ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം ബാക്കിയാകാത്ത ഒരാളെ ബാക്കിവെക്കാനാഗ്രഹിക്കുകയാണ്.' അതായത് തന്നോടു എന്താണുണ്ടാകാൻ പോകുന്നതെന്ന് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. അബൂഉബയ്ദ ഇതാണ് ചിന്തിച്ചത്. പിന്നീട് ആ കത്തിന് മറുപടി നല്കി: 'യാ അമീറൽമുഅ്മിനീൻ!ഞാൻ അങ്ങയുടെ ഉദ്ദേശ്യം മനസ്സിലാക്കിയിരിക്കുന്നു. എന്നെ വിളിക്കാതിരുന്നാലും. ഇവിടെത്തന്നെ താമസിക്കാൻ അനുവദിച്ചാലും. ഞാൻ മുസ്‌ലിം പട്ടാളക്കാരിൽപ്പെട്ട ഒരാളാണ്. എന്താണോ

ശേഷം പേജ് 12 ൽ

## ഹദീഥുന്നബ്‌വി(സ):

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**
*(സ്വഹീഹ് മുസ്‌ലിം)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## ഹദീഥുന്നബ്‌വി(സ):

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'** *(തിർമുദി, അബ്‌വാബുദ്ദഅ്വാത്ത്)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## ഖുത്‌ബ ജുമുഅ

അല്ലാഹു അക്ബർ! അവരിരുവരുടെ(അബൂബക്റും(റ) ഉമറും(റ)സത്യസന്ധതയുടേയും ആത്മാർഥതയുടേയും തേജോവിലാസം എത്ര ഉന്നതമാണ്. അവരിരുവരും എങ്ങനെയുള്ള അനുഗൃഹീത ഖബ്റിൽ മറയടക്കപ്പെട്ടുവെന്നാൽ, മൂസായും ഈസായും ജീവിച്ചിരുന്നുവെങ്കിൽ അസൂയയോടുകൂടി അവിടെ മറയടക്കാൻ ആഗ്രഹിക്കുമായിരുന്നു.

# നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

**ഖുത്ബ ജുമുഅ 2021 നവംബർ 26/1400 നുബുവ്വത്ത് 26,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് ഉമർ(റ)ന്റെ സദസ്സിൽ വിജ്ഞാനമുള്ളവർക്കും പ്രത്യേകിച്ചും വിശുദ്ധ ഖുർആനിന്റെ ജ്ഞാനമുള്ള ആളുകൾക്ക് വലിയ സ്ഥാനമുണ്ടായിരുന്നു; അവർ ചെറിയ പ്രായക്കാരായ കുട്ടികളോ യുവാക്കളോ മുതിർന്നവരോ ആയിരുന്നാലും ശരി. ബുഖാരിയിൽ ഒരു നിവേദനമുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)പറഞ്ഞു:'ഉയയ്ന ബിൻ ഹിസ്വൻ ബിൻ ഹുദയ്ഫ മദീനയിൽവന്നു. തന്റെ സഹോദരപുത്രനായ ഹുർ ബിൻ ഖയ്സിന്റെ അടുത്തു താമസിച്ചു. ഹദ്റത്ത് ഉമർ(റ)തന്റെ ഏറ്റവും അടുത്ത് ഇരുത്താറുണ്ടായിരുന്നവരിൽപ്പെട്ടയാളായിരുന്നു ഹുർ ബിൻ ഖയ്സ്. ഖാരി അതായത് ഖുർആനിന്റെ പണ്ഡിതന്മാർ അവർ മുതിർന്നവരാകട്ടെ യുവാക്കളാവട്ടെ മജ്‌ലിസിൽ ഉമറിന്റെ അടുത്തിരിക്കുന്നവരായിരുന്നു. അവർ അദ്ദേഹത്തോടു അഭിപ്രായം പറയുമായിരുന്നു. ഉയയ്ന തന്റെ സഹോദരപുത്രനോടു പറഞ്ഞു: സഹോദര പുത്രാ! ഈ അമീറിന്റെയടുത്ത് നിനക്ക് വ്യക്തിത്വമുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന്റെ അടുത്തുവരാൻ എനിക്ക് അനുവാദം വാങ്ങിത്തരിക. ഹുർ ബിൻ ഖയ്സ് പറഞ്ഞു:ഞാൻ അദ്ദേഹത്തിന്റെ അടുത്തുവരാൻ താങ്കൾക്ക് അനുവാദം വാങ്ങാം. ഹദ്റത്ത് ഇബ്നു അബ്ബാസ് പറയാറുണ്ടായിരുന്നു: അങ്ങനെ ഉയയ്നയ്ക്കുവേണ്ടി ഹുർറ് അനുവാദം ചോദിച്ചു. ഹദ്റത്ത് ഉമർ അദ്ദേഹത്തിന് അനുവാദം നല്കി. അയാൾ ഹദ്റത്ത് ഉമറിന്റെ അടുത്തുവന്നു. അയാൾ പറഞ്ഞു:'അല്ലാഹുവാണ! ഖത്ത്വാബിന്റെ മകനേ!താങ്കൾ ഞങ്ങൾക്ക് ധാരാളമായി നല്കുന്നില്ല. ഞങ്ങളുടെ ഇടയിൽ നീതിയോടുകൂടി വിധിക്കുന്നില്ല.' ഇതുകേട്ട് ഹദ്റത്ത് ഉമർ(റ)കോപിക്കുകയും അയാളെ ശിക്ഷിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്തു. അയാളോടു ഹദ്റത്ത് ഉമർ(റ)എന്തോ പറയാൻ തുടങ്ങുകയായിരുന്നു അപ്പോൾ ഹുർറ് ഹദ്റത്ത് ഉമറിനോടു പറഞ്ഞു: അമീറുൽമുഅ്മിനീൻ!അല്ലാഹു തന്റെ നബി(സ)യോടു പറഞ്ഞു:ഖുദിൽഅഫ്‌വ വഅ്മുർ ബിൽ ഉർഫി വ അഅ്രിള് അനിൽ ജാഹിലീന മാപ്പു(ചെയ്യുന്ന സ്വഭാവം) കൈക്കൊള്ളുക. നല്ല കാര്യം ഉപദേശിക്കുക. അവിവേകം പ്രവർത്തിക്കുന്നവരിൽനിന്ന് ഒഴിഞ്ഞുമാറുകയും ചെയ്യുക(7:200) ശേഷം പറഞ്ഞു: ഇവൻ മൂഢന്മാരിൽപ്പെട്ടവനാണ്. അദ്ദേഹത്തിന്റെ മുമ്പിൽ ഈ ആയത്ത് ഓതിയപ്പോൾ അല്ലാഹുവാണ! ഉമർ അവിടെ നിന്നു. മറ്റൊന്നും പറഞ്ഞില്ല. അല്ലാഹുവിന്റെ വചനം കേട്ട് നിശബ്ദനായി നില്ക്കുമായിരുന്നു.'*(സ്വഹീഹുൽ ബുഖാരി, കിതാബുത്തഫ്സീർ, സൂറത്തുൽ അഅ്റാഫ്, ബാബു ഖുദിൽഅഫ്‌വ്....ഹദീഥ് 4642)*

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ) ഹദ്റത്ത് ഉമർ(റ)ന്റെ ദർബാറിലെ ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നു: 'ഹദ്റത്ത് ഉമർ(റ)ന്റെ ദർബാറിൽ ഒരു സമ്പന്നൻ വന്നു. ഒരു പത്തുവയസ്സുള്ള ആൺകുട്ടിയും ആ ദർബാറിൽ ഇരിക്കുന്നത് വെറുപ്പുളവാക്കുന്നതായി അയാൾ മനസ്സിലാക്കി. അത്തരം ഉന്നതമായ തിരുസന്നിധിയിൽ ചെറിയ കുട്ടികൾക്കെന്താകാര്യം! യാദൃച്ഛികമായി ആ സമ്പന്നന്റെ ഏതൊ ചെയ്തിയിൽ ഹദ്റത്ത് ഉമർ(റ)ദ്വേഷ്യപ്പെട്ടു. അദ്ദേഹം ആരാച്ചാരെ വിളിച്ചു. ആ ആൺകുട്ടി ഉറക്കെ വിളിച്ചു പറഞ്ഞു:വൽകാളിമീനൽഗയ്ള!(3:135) പിന്നേയും ഓതി:വഅഅ്രിള് അനിൽജാഹിലീൻ(അഅ്റാഫ്:200) പിന്നീട് പറഞ്ഞു:ഹാദാ മിനൽ ജാഹിലീൻ. ഹദ്റത്ത് ഉമറിന്റെ മുഖം വിളറി. അദ്ദേഹം നിശബ്ദനായി. ആ നേരത്ത് അവന്റെ സഹോദരൻ, അതായത് ഈ വചനമോതിയവന്റെ സഹാദരൻ പറഞ്ഞു:നോക്കൂ! നീ നിസ്സാരനായി കണ്ട ആ ആൺകുട്ടിയാണ് നിന്റെ ജീവൻ രക്ഷിച്ചത്.'*(ഹഖാഇഖുൽ ഫുർഖാൻ, വാള്യം 2, പേജ് 122)*

ഹദ്റത്ത് ഉമർ(റ)കുട്ടികളുടെ തർബിയ്യത്ത് അഥവാ ശിക്ഷണം എങ്ങനെയായിരുന്നു നടത്തിയിരുന്നത്. ഇതുസംബന്ധമായി ഒരു നിവേദനമുണ്ട്. യൂസുഫ് ബിൻ യഅ്ഖൂബ് പറഞ്ഞു:ഇബ്നു ശിഹാബ് കുട്ടികളായ എന്നോടും എന്റെ സഹോദരനോടും അതുപോലെതന്നെ എന്റെ പിതൃസഹോദരപുത്രനോടും പറഞ്ഞു:'നിങ്ങൾ നിങ്ങളെ വയസ്സുകുറഞ്ഞ കാരണത്താൽ നിസ്സാരരായി മനസ്സിലാക്കരുത്. കാരണം ഹദ്റത്ത് ഉമറിന് എന്തെങ്കിലും പ്രയാസകരമായ കാര്യമുണ്ടാകുമ്പോൾ അവിടന്ന് കുട്ടികളെ വിളിക്കുകയും അവരുടെ ബുദ്ധി മൂർച്ചയുള്ളതാക്കുക എന്നുദ്ദേശ്യത്തോടെ അവരോടു അഭിപ്രായം ചോദിക്കുകയും ചെയ്യുമായിരുന്നു.'*(സീറത്ത് ഉമർ ബിൻ അൽഖത്ത്വാബ്, ഇബ്നു ജൂസി, പേജ് 165, മക്തബ മിസ്‌രിയ്യത്തിൽ അസ്ഹർ)*

ഉഹുദു യുദ്ധത്തിൽ യുദ്ധഗതി വിപരീതമായപ്പോൾ അബൂ സുഫ്‌യാൻ വിളിച്ചു ചോദിച്ചു: അക്കൂട്ടത്തിൽ മുഹമ്മദ് ജീവിച്ചിരിപ്പുണ്ടോ? അയാൾ മൂന്നുപ്രാവശ്യം അത് ആവർത്തിച്ചു. അയാൾക്ക് ഉത്തരം നല്കാൻ നബി(സ)തിരുമേനി അനുവദിച്ചില്ല. പന്നീട് അക്കൂട്ടത്തിൽ അബൂഖുഹാഫയുടെ മകൻ ഉണ്ടോ എന്നും മൂന്നുപ്രാവശ്യം ചോദിച്ചു. ഖത്ത്വാബിന്റ മകൻ അക്കൂട്ടത്തിലുണ്ടോഎന്നും മൂന്നുപ്രാവശ്യം വിളിച്ചു ചോദിച്ചു. അതുകഴിഞ്ഞ് അയാൾ തന്റെ കൂട്ടുകാരുടെ അടുത്ത് മടങ്ങിച്ചെന്നിട്ട് പറഞ്ഞു:ഇതാ ഇവരെല്ലാവരും കൊല്ലപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അന്നേരം ഉമറിന് തന്റെ മനസ്സിനെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം വിളിച്ചു പറഞ്ഞു:'അല്ലാഹുവിന്റെ ശത്രൂ!നീയെണ്ണിപ്പറഞ്ഞവരെല്ലാവരും ജീവിച്ചിരിപ്പുണ്ട്. നിന്നെ ദുഃഖിതനാക്കാനുള്ളവർ ഇവിടെ അവശേഷിക്കുന്നുണ്ട്.' അബൂസുഫ്‌യാൻ പറഞ്ഞു: ഇത് ബദ്റിനുള്ള പ്രതികാരമാണ്. യുദ്ധം ഒരു തൊട്ടിപോലെയാണ്. ചിലപ്പോൾ അതിന് വിജയമുണ്ടാകും. ചിലപ്പോൾ പരാജയവും.*(സ്വഹീഹുൽബുഖാരി, കിതാബുൽജിഹാദ്, ഹദീഥ് നമ്പർ 3039)*

ബയ്ത്തുൽമാലിന്റെ സ്വത്ത് സംരക്ഷിക്കുന്നതിലും മേൽനോട്ടത്തിലും എത്രമാത്രം ശ്രദ്ധയാണ് ഹദ്റത്ത് ഉമർ(റ)നുണ്ടായിരുന്നത്. ഇതുസംബന്ധമായി നിവേദനമുണ്ട്. സയ്ദ് ബിൻ അസ്‌ലം പറയുന്നു: ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന് ആരോ ഗ്ലാസ്സിൽ പാലു കൊടുത്തു. അത് അദ്ദേഹം കുടിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തു. അതിനുശേഷം പാലു കൊടുത്തയാളോടു ചോദിച്ചു: എവിടെ നിന്നാണ് ഈ പാലു കൊണ്ടുവന്നത്? താൻ ഒരു അരുവിയിൽ പോയെന്നും-അതിന്റെ പേരും അയാൾ പറഞ്ഞിരുന്നു-അവിടെ സക്കാത്തിന്റെ വകുപ്പിൽപ്പെട്ട ഒട്ടകങ്ങൾക്ക് ആളുകൾ വെള്ളം കുടിപ്പിക്കുകയായിരുന്നെന്നും എനിക്കുവേണ്ടി അവർ അതിന്റെ പാലു കറന്നുവെന്നും അത് ഞാൻ എന്റെ വെള്ളം കുടിക്കുന്ന പാത്രത്തിൽ ഒഴിച്ചുകൊണ്ടുവന്നുവെന്നും ഹദ്റത്ത് ഉമറിനോടു പറഞ്ഞു: ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)തന്റെ കൈ വായിലിട്ട് അതു മുഴുവനും ഛർദ്ദിച്ചു കളഞ്ഞു. *(മുവത്ത ഇമാം മാലിക്, കിതാബുസ്സക്കാത്ത്, ഹദീഥ് 31, ദാറു അഹ്‌യാഉത്തുറാഥ് അൽഅ*

*റബി ബെയ്റുത്ത്, 1985)* ഇതു സക്കാത്തിന്റെ സ്വത്താണ്. ഇതു ഞാൻ കുടിക്കുകയില്ലെന്ന് പറഞ്ഞു.

ബറാഅ് ബിൻ മഅ്റൂറിന്റെ മകൻ വിവരിക്കുന്നു: ഒരു ദിവസം ഹദ്റത്ത് ഉമർ(റ) വീട്ടിൽനിന്നിറങ്ങി. അങ്ങനെ അദ്ദേഹം മിമ്പറിൽ കയറി. അദ്ദേഹത്തിന് ആ നേരത്ത് നല്ല സുഖമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ചികിത്സയ്ക്ക് തേൻ കൊടുക്കാൻ പറയപ്പെട്ടു. ബയ്ത്തുൽമാലിൽ തേനിന്റെ പാത്രമുണ്ടായിരുന്നു. ഹദ്റത്ത് ഉമർ(റ)പറഞ്ഞു, നിങ്ങൾ എനിക്ക് അനുവാദം തരികയാണെങ്കിൽ ഞാൻ ആ പാത്രം വാങ്ങാം. ഇല്ലെങ്കിൽ എനിക്കത് ഹറാമാണ്. അപ്പോൾ ഹദ്റത്ത് ഉമറിന് ആളുകൾ അനുവാദം കൊടുത്തു. *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 147, ദിക്ർ ഇസ്തിഖ്ലാഫ് ഉമർ, ദാറുൽ അഹ്യാഉത്തുറാഥ് അൽഅറബി, ബെയ്റത്ത് 1996)*

ബയ്ത്തുൽമാലിന്റെ സമ്പത്ത് സംരക്ഷിക്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നുവെന്നതിനെ സംബന്ധിച്ച് നേരത്തേയും വിവരിച്ചതാണ്. ഇവിടെ ചുരുക്കിപ്പറയാം. ഒരു നട്ടുച്ചയ്ക്ക് കഠിനമായി ചൂടുള്ളപ്പോൾ പിന്നിലായിപ്പോയ രണ്ടു ഒട്ടകങ്ങളെ, അവ എവിടെയെങ്കിലും നഷ്ടപ്പെട്ടുപോകാതിരിക്കാൻ നേരിട്ട് തെളിച്ച് അവിടന്ന് മേച്ചിൽ സ്ഥലത്തേക്ക് കൊണ്ടുപോകുകയായിരുന്നു. യാദൃച്ഛികമായി ഹദ്റത്ത് ഉഥ്മാൻ(റ)അതുകണ്ടപ്പോൾ, ഈ ജോലി തങ്ങൾ ചെയ്തുകൊള്ളാമെന്നും അങ്ങ് തണലിൽ വരികയെന്നും പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു:'നിങ്ങൾ സുഖമായി തണലിൽ ഇരുന്നുകൊള്ളുക. ഇതെന്റെ ജോലിയാണ്. ഇതു ഞാൻ തന്നെ ചെയ്യുന്നതായിരിക്കും.'*(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 667, ഉമർ ബിൻ അൽഖത്ത്വാബ്, പ്രസാധകർ ദാറുൽഫികർ ബെയ്റുത്ത് 2003)*

ഈ സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ഇങ്ങനെ വിവരിക്കുന്നു:'അല്ലാഹു തന്റെ വാഗ്ദാനപ്രകാരം മുസ്ലിമീങ്ങൾക്കു സ്വത്തും മുതലും നല്കി. അന്തസ്സും പദവികളും നല്കി. പക്ഷേ, അവർ ഇസ്ലാമിൽനിന്ന് അശ്രദ്ധരായി.' അദ്ദേഹം പയുന്നു: 'നിങ്ങൾക്കെന്തെങ്കിലുമുണ്ടെങ്കിൽ നിങ്ങളുടെ ദീനിൽനി അശ്രദ്ധരാകരുത്. ഇസ്ലാമിന്റെ അധ്യാപനങ്ങളിൽ അശ്രദ്ധരാവകരുത്. സ്വന്തം ഉത്തരവാദിത്വങ്ങളിൽ അശ്രദ്ധരാകരുത്.' തുടർന്ന് പറയുന്നു:'ഹദ്റത്ത് ഉഥ്മാൻ(റ)വിവരിക്കുന്നു, 'ഒരിക്കൽ പുറത്ത് ഖുബ്ബയിൽ ഇരിക്കുകയായിരുന്നു. കഠിനമായ ചൂടുകാരണം വാതിൽ തുറക്കാൻപോലും തോന്നുന്നുണ്ടായിരുന്നില്ല. ഇതിനിടയിൽ എന്റെ ജോലിക്കാരൻ വന്ന് എന്നോടു പറഞ്ഞു, നോക്കുക ഈ കഠിനമായ ചൂടിലും വെളിയിൽ ഒരാൾ കറങ്ങുന്നുണ്ട്. കുറച്ചു സമയത്തിനകംതന്നെ അദ്ദേഹം എന്റെ ഖുബ്ബയുടെ അടുത്തെത്തി. അത് ഹദ്റത്ത് ഉമറാണെന്ന് ഞാൻ കണ്ടു. അദ്ദേഹത്തെ കണ്ടതും ഞാൻ പരിഭ്രമിച്ച് പുറത്തുവന്നു. ഞാൻ പറഞ്ഞു. ഇത്രയും കഠിനമായ ചൂടിൽ അങ്ങ് എവിടേക്കാണ്? ഹദ്റത്ത് ഉമർ പറഞ്ഞു: 'ബയ്ത്തുൽമാലിലെ ഒരു ഒട്ടകം കാണാതായിരിക്കുന്നു. ഞാൻ അതിനെ അന്വേഷിച്ച് ഇറങ്ങിയതാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)തുടർന്നെഴുതുന്നു:അലൽ അറാഇക്കിയൻള്വുറൂൻ എന്ന് അല്ലാഹു പറയുന്നു. അവർ ചാരുകട്ടിലുകളിന്മേൽ ഇരിക്കുകയാണെങ്കിലും എപ്പോഴും മേൽനോട്ട ജോലി നടത്തിക്കൊണ്ടിരിക്കും. ഭൗതികലോകത്തിന്റെ അനുഗ്രഹങ്ങളും സ്വസ്ഥതകളും അവരെ മടിയന്മാരാക്കുകയില്ല. അവർ ആ ചാരുകട്ടിലുകളിൽ ഉറങ്ങുകയായിരിക്കുകയില്ല. പ്രത്യുത അവർ ഉണർന്നിരിക്കുന്നവരും ജാഗരൂകരുമായിരിക്കും. ജനങ്ങളുടെ അവകാശങ്ങൾ ശ്രദ്ധിക്കുന്നവരായിരിക്കും. തങ്ങളുടെ ചുമതലകൾ വളരെ സന്തോഷത്തോടെ നിറവേറ്റിക്കൊണ്ട് പോകുന്നതായിരിക്കും.'*(തഫ്സീറെ കബീർ വാള്യം 8, പേജ് 314-315)*

സമത്വം സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് നിവേദനത്തിൽ പറയുന്നുണ്ട്. സയീദ് മുസയ്യിബ് നിവേദനം. ഹദ്റത്ത് ഉമറിന്റെ അടുത്ത് ഒരു യഹൂദിയും ഒരു മുസ്ലിമും വഴക്കിട്ടു കൊണ്ടുവന്നു. ഹദ്റത്ത് ഉമർ(റ) യഹൂദിയുടെ പക്ഷത്താണ് സത്യമെന്ന് കണ്ടപ്പോൾ അയാൾക്ക് അനുകൂലമായി വിധി പറഞ്ഞു.അപ്പോൾ യഹൂദി പറഞ്ഞു: 'അല്ലാഹുവാണ!അങ്ങ് സത്യമായ വിധിയാണ് പുറപ്പെടുവിച്ചത്.'*(മുവത്ത ഇമാം മാലിക് കിതാബുൽ അഖ്ളിയ ബാബു അത്തർഗീബു ഫിൽഖളാഇ ബിൽഹഖി, നിവേദനം നമ്പർ 1425, മക് തബ ദാറുൽഫിക്ർ 2002)*

ഹദ്റത്ത് അനസിൽനിന്ന് നിവേദനം. ഈജിപ്തിൽനിന്നുള്ള ഒരാൾ ഹദ്റത്ത് ഉമറിന്റെ അടുത്തു വന്നു. അയാൾ പറഞ്ഞു: അമീറുൽമുഅ്മിനീൻ! ഞാൻ അക്രമത്തിൽനിന്ന് അങ്ങയോടു അഭയം തേടുകയാണ്. അദ്ദേഹം പറഞ്ഞു, നീ നല്ല അഭയകേന്ദ്രമാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ഞാൻ അംറ് ബിൻ ആസിന്റെ മകനുമായി ഓട്ടപ്പന്തയം നടത്തി. ഞാൻ അയാളെ മറികടന്നു. അപ്പോൾ അയാൾ എന്നെ അടിച്ചു. എന്നിട്ട് താൻ ബഹുമാനിതനായ വ്യക്തിയുടെ മകനാണെന്ന് പറഞ്ഞു. അതുകൊണ്ട് എന്നെ മറികടക്കാൻ നിനക്കെങ്ങനെ ധൈര്യം വന്നു? ഇതുകേട്ടപ്പോൾ ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അംറ് ബിൻ ആസിന് കത്തെഴുതിക്കൊണ്ട് തന്റെ മകനേയും കൂട്ടി ഹാജരാകാൻ കല്പന നല്കി. ഹദ്റത്ത് അംറ് ബിൻ ആസ് എത്തിയപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു:'മിസ്റി എവിടെപ്പോയി? ചമ്മട്ടി എടുത്ത്, ഹദ്റത്ത് അംറ് ബിൻ ആസിന്റെ മകനെ അടിക്കുക.' അയാൾ അവനെ അടിക്കാൻ തുടങ്ങി. ഹദ്റത്ത് ഉമർ മിസ്റിക്കാരനോടു ബഹുമാനിതനായ ആളുടെ മകനെ അടിക്കുക എന്നു പറഞ്ഞുകൊണ്ടിരുന്നു. ഹദ്റത്ത് അനസ് പറയുന്നു:അയാൾ അവനെ അടിച്ചു. ഞങ്ങൾ അതു ഇഷ്ടപ്പെടുകയായിരുന്നു. അയാൾ അവനെ തുർച്ചയായി അടിച്ചുകൊണ്ടിരുന്നു. ഇനി അവനെ വിട്ടിരുന്നെങ്കിലെന്ന് ഞങ്ങൾ ആഗ്രഹിച്ചുപോയി. പിന്നീട് ഹദ്റത്ത് ഉമർ മിസ്റിയോടു പറഞ്ഞു: അംറ് ബിൻ ആസിന്റെ തലയിൽ അടിക്കുക. അപ്പോൾ ആ മിസ്റി പറഞ്ഞു: 'അമീറുൽമുഅ്മിനീൻ അദ്ദേഹത്തിന്റെ മകനാണ് എന്നെ തല്ലിയത്. ഞാൻ അയാളോടു പകരം വീട്ടി.' അപ്പോൾ ഹദ്റത്ത് ഉമർ(റ)ഹദ്റത്ത് അംറ് ബിൻ ആസിനോടു പറഞ്ഞു:'നിങ്ങൾ എപ്പോൾ മുതലാണ് ജനങ്ങളെ അടിമയായി വെക്കാൻ തുടങ്ങിയത്? വാസ്തവത്തിൽ അവന്റെ ഉമ്മ അവനെ സ്വതന്ത്രനായിട്ടാണ് പ്രസവിച്ചത്.' ഹദ്റത്ത് അംറ് ബിൻ ആസ്(റ) പറഞ്ഞു: 'അമീറുൽമുഅ്മിനീൻ! ഈ സംഭവത്തെ കുറിച്ച് എനിക്കറിയില്ലായിരുന്നു. ആ മിസ്റി എന്റെയടുത്ത് വന്നതുമില്ല.' *(കൻസുൽഉമ്മാൽ, കിതാബുൽഫളാഇൽ, വാള്യം 6, നിവേദനം 36005, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഒരു പ്രാവശ്യം ഹദ്റത്ത് ഉമറിന്റെ അടുത്ത് കുറച്ച് ധനം വന്നു. അദ്ദേഹം അത് ജനങ്ങൾക്കിടയിൽ വിതരണം ചെയ്യാൻ തുടങ്ങി. ജനങ്ങൾ തിക്കിതിരക്കിക്കൊണ്ടിരുന്നു.ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് ജനങ്ങളെ വകഞ്ഞു മാറ്റി മുന്നോട്ടു പോയി ഉമറിന്റെ അടുത്തെത്തി. അദ്ദേഹം സഅ്ദിന് ഒരു വഴികൊടുത്തു. എന്നിട്ടു പറഞ്ഞു, നിങ്ങൾ ഭൂമിയിൽ അല്ലാഹുവിന്റെ സുൽത്വാനെ ഭയപ്പെടുന്നില്ല. മാത്രമല്ല ജനങ്ങളെ വകഞ്ഞുമാറ്റി മുന്നോട്ടു വന്നിരിക്കുന്നു. അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുകയാണ്, അല്ലാഹുവിന്റെ സുൽത്വാനെ നിങ്ങളെ അല്പംപോലും ഭയക്കുന്നില്ല.'*(സീറത്ത് ഉമർ ബിൻ ഖത്ത്വാബ്, അലി മുഹമ്മദ് അസ്സ്വലാബീ, പേജ് 97, ദാറുൽമഅ്രിഫ ബെയ്റുത്ത്)*

ഹദ്റത്ത് ഉമറിനുണ്ടായിരുന്ന വിശാലമായ ആത്മവിശ്വാസം എത്രയായിരുന്നു എന്നതിനെ കുറിച്ച് നിവേദനത്തിൽ പറയുന്നു: 'ഒരിക്കൽ ഹദ്റത്ത് ഉമർ(റ) പ്രസംഗിക്കവെ പറഞ്ഞു: ജനങ്ങളേ! നിങ്ങളിലാരെങ്കിലും എന്നിൽ എന്തെങ്കിലും വക്രത കണ്ടാൽ അത് നന്നാക്കേണ്ടതാണ്.' ഒരാൾ എഴുന്നേറ്റുനിന്നു. അയാൾ പറഞ്ഞു:'ഞങ്ങൾ അങ്ങയിൽ എന്തെങ്കിലും വക്രത കണ്ടാൽ ഞങ്ങളുടെ വാളുകൊണ്ടായിരിക്കും നന്നാക്കുക.' അതുകേട്ട ഹദ്റത്ത് ഉമർ(റ)പറഞ്ഞു:'അല്ലാഹുവിനു നന്ദി! ഉമറിന്റെ വക്രതകാണുമ്പോൾ തങ്ങളുടെ വാളുകൊണ്ടു ശരിയാക്കുന്നവരെ അല്ലാഹു തന്റെ ഉമ്മത്തിൽ സൃഷ്ടിച്ചിരിക്കുന്നു.' *(സീറത്ത് ഉമർ ബിൻ ഖത്ത്വാബ്, അലി മുഹമ്മദ് അസ്സ്വലാബീ, പേജ് 106, ദാറുൽമഅ്രിഫ ബെയ്റുത്ത്)*

ഹദ്റത്ത് ഉമർ(റ) ഖുത്ബ കൊടുത്തുകൊണ്ടിരിക്കെ പറഞ്ഞു: 'എനിക്ക് നന്മയുടെ കല്പന നല്കിയും തിന്മയിൽനിന്ന് തടഞ്ഞും എന്നെ ഉപദേശിച്ചും എന്നെ സഹായിക്കുക.' *(സീറത്ത് ഉമർ ബിൻ ഖത്ത്വാബ്, അലി മുഹമ്മദ് അസ്സ്വലാബീ, പേജ് 107, ദാറുൽമഅ്രിഫ ബെയ്റുത്ത്)*

ഹദ്റത്ത് ഉമർ(റ) മറ്റൊരു അവസരത്തിൽ പറഞ്ഞു: 'എന്റെ പക്കൽ ഏറ്റവുമധികം ഇഷ്ടപ്പെട്ട വ്യക്തി എന്റെ ന്യൂനതകളെ കുറിച്ച് എന്നെ അറിയിക്കുന്നയാളാണ്.' *(അത്ത്വബഖാത്തുൽകുബ്റാ വാള്യം 3, പേജ് 222, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

പിന്നീട് ഉമറിന്റെ ഒരു ഖൗൽ പറയപ്പെടാറുണ്ട്: 'ഞാൻ തെറ്റു ചെയ്യുകയും എന്നെ ഭയന്ന് ആരും എന്നെ നേരായവഴി കാണിക്കാതിരിക്കുകയും ചെയ്യുമോ എന്ന് ഞാൻ ഭയപ്പെടുന്നു.' *(സീറത്ത് ഉമർ ബിൻ ഖത്ത്വാബ്, അലി മുഹമ്മദ് അസ്സ്വലാബീ, പേജ് 107, ദാറുൽമഅ്രിഫ ബെയ്റുത്ത്)*

ഒരു ദിവസം ഹദ്റത്ത് ഉമറിന്റെ അടുത്ത് ഒരാൾ വന്നു. പരസ്യമായി പറഞ്ഞു: 'ഉമറേ! അല്ലാഹുവിനെ ഭയപ്പെടുക!' അയാളുടെ പറച്ചിൽകേട്ട് ചിലർക്ക് കഠിനമായ കോപമുണ്ടായി. അയാളെ നിശബ്ദനാക്കാൻ അവർ ആഗ്രഹിച്ചു. അപ്പോൾ ഹദ്റത്ത് ഉമർ അയാളോടു പറഞ്ഞു: 'താങ്കൾ ന്യൂനത വെളിപ്പെടുത്തുന്നില്ലെങ്കിൽ താങ്കളിൽ ഒരു നന്മയുമില്ല. നാം അത് കേൾക്കുന്നില്ലെങ്കിൽ നമ്മിൽ ഒരു നന്മയുമില്ല.' *(സീറത്ത് ഉമർ ബിൻ ഖത്ത്വാബ്, അലി*

*മുഹമ്മദ് അസ്സലാബീ, പേജ് 107, ദാറുൽമഅ്‌രിഫ ബെയ്റുത്ത്)* അതായത് അയാളോടു പറഞ്ഞു, വെറുതെ പറഞ്ഞാൽപോര, പ്രത്യുത എന്താണ് ചെയ്യാനാഗ്രഹിക്കുന്നതെന്ന് വ്യക്തമാക്കി പറയുക.

ഒരു ദിവസം ഹദ്റത്ത് ഉമർ(റ) ഖുത്ബ നല്കുന്നതിന് ജനങ്ങളുടെ മുമ്പിൽനിന്നു. അവിടന്ന് അല്ലയോ ജനങ്ങളേ! കേൾക്കുക അനസരിക്കുക എന്ന് പറഞ്ഞതെയുള്ളു, ഒരാൾ സംസാരം മുറിച്ചുകൊണ്ട് പറഞ്ഞു, 'ഉമറേ! ഞങ്ങൾ കേൾക്കുകയില്ല. ഞങ്ങൾ അനുസരിക്കുകയുമില്ല.' ഹദ്റത്ത് ഉമർ അയാളോടു മൃദുവായി ചോദിച്ചു:'അല്ലാഹുവിന്റെ ദാസരേ! എന്തുകൊണ്ട്?' അയാൾ പറഞ്ഞു, 'ബയ്ത്തുൽമാലിൽനിന്ന് വിതരണം ചെയ്ത തുണികൊണ്ട് ആളുകൾക്ക് ഖമീസു മാത്രമെ തുന്നിക്കാൻ കഴിയുകയുള്ളു. ജോഡി മുഴുവനാകുകയില്ല. അങ്ങയ്ക്കും അതുതന്നെയായിരിക്കുമല്ലോ കിട്ടിയിട്ടുണ്ടാകുക? പിന്നീട് അങ്ങയ്ക്കെങ്ങനെയാണ് ജോഡിഡ്രസ്സ് തയ്യാറായത്? ഹദ്റത്ത് ഉമർ(റ)പറഞ്ഞു, താങ്കൾ താങ്കളുടെ സ്ഥാനത്തിരിക്കുക. പിന്നീട് തന്റെ മകൻ അബ്ദുല്ലായെ വിളിച്ചു. താൻ തനിക്കുകിട്ടിയ തുണി ജോഡി പൂർണമായും തുന്നുന്നതിന് പിതാവിനു നല്കിയതാണെന്ന് അബ്ദുല്ലാ പറഞ്ഞു. ഇതുകേട്ടപ്പോൾ എല്ലാവർക്കും തൃപ്തിയായി. ആ ആൾ പറഞ്ഞു: 'യാ അമീറൽമുഅ്മിനീൻ! ഇനി കേൾക്കുകയും അനുസരിക്കുകയും ചെയ്യും.' *(സീറത്ത് ഉമർ ബിൻ ഖത്ത്വാബ്, അലി മുഹമ്മദ് അസ്സലാബീ, പേജ് 107, ദാറുൽമഅ്‌രിഫ ബെയ്റുത്ത്)*

ഇത്തരത്തിൽ ചില സംസ്കാരമില്ലാത്ത ആളുകളുമുണ്ടാകാറുണ്ട്. പക്ഷേ, നബി(സ)തിരുമേനിയിൽനിന്ന് ശിക്ഷണം ലഭിച്ച സ്വഹാബത്തിന്റെ വായിൽനിന്ന് ഇത്തരത്തിലുള്ള കാര്യങ്ങൾ ഒരിക്കലും നിങ്ങൾ കേൾക്കുകയില്ല. ഇവർ പിന്നീട് മുസ്‌ലിമായവരാണ്. അല്ലെങ്കിൽ അവർ തികച്ചും അപരിഷ്തരും സംസ്കാരം തീണ്ടിയിട്ടില്ലാത്തവരും അജ്ഞരുമാണ്. ഉന്നതരായ സ്വഹാബിമാരിൽ ഒരിക്കലും ഇത്തരം കാര്യങ്ങൾ ഉണ്ടായിരുന്നില്ല. അവരിൽ പൂർണ അനുസരണമാണുണ്ടായിരുന്നത്.

ഇസ്‌ലാം മതപരമായ കാര്യങ്ങളിൽ പൂർണമായ സ്വാതന്ത്ര്യം നല്കുന്നു. ഇതു സംബന്ധമായി ഹദ്റത്ത് ഉമറിന്റെ മാർഗമെന്തായിരുന്നു? അലക്സാൺട്രിയ വിജയത്തിനുശേഷം അവിടെയുള്ള ഭരണാധികാരി അംറ് ബിൻ ആസിന് സന്ദേശമയച്ചു; ഏ അറബ് സമൂഹമേ! ഞാൻ നിങ്ങളെക്കാളധികം വെറുക്കപ്പെട്ട ജനതകളെ, അതായത് പേർഷ്യക്കാർക്കും റോമക്കാർക്കും ജിസിയ കൊടുത്തിരുന്നു. നിങ്ങളിഷ്ടപ്പെടുകയാണെങ്കിൽ നിങ്ങൾക്കും ജിസിയ നല്കാൻ തയ്യാറാണ്. പക്ഷേ, ഒരു നിബന്ധനയുണ്ട്. എന്റെ പ്രദേശത്തെ യുദ്ധത്തടവുകാരെ മടക്കിത്തരിക. ഹദ്റത്ത് അംറ് ബിൻ ആസ്(റ) ഖിലാഫത്തിന്റെ സന്നിധിയിൽ എല്ലാ വിവരങ്ങളും എഴുതി അയച്ചു. ഹദ്റത്ത് ഉമർ(റ)ന്റെ മറുപടി വന്നു; താങ്കൾ അലക്സാൺട്രിയ ഭരണാധികാരിയുടെ മുമ്പിൽ ഈ പദ്ധതി വെക്കുക. അവരും ജിസിയ തന്നു കൊള്ളട്ടെ. എന്നാൽ, മുസ്‌ലിമീങ്ങളുടെ പക്കലുള്ള യുദ്ധത്തടവുകാർക്ക് ഇസ്‌ലാം സ്വീകരിക്കാനോ തങ്ങളുടെ ജനതയുടെ മതത്തിൽ ഉറച്ചുനില്ക്കാനോ അധികാരം നല്കുന്നതായിരിക്കും. മുസ്‌ലിമാകുന്നവർ മുസ്‌ലിമീങ്ങളിൽപ്പെടുന്നതായിരിക്കും. അവർക്കുള്ള അവകാശങ്ങളും നിർബന്ധകാര്യങ്ങളും മുസ്‌ലിമീങ്ങൾക്കുള്ളതുതന്നെയായിരിക്കും. എന്നാൽ, തങ്ങളുടെ സ്വന്തം മതത്തിൽ ഉറച്ചുനില്ക്കുന്നവർക്ക് അവരുടെ സമാനമായ മതക്കാർക്കുള്ളതുപോലെ ജിസിയ നിശ്ചയിക്കപ്പെടുന്നതായിരിക്കും. അങ്ങനെ അംറ് ബിൻ ആസ്(റ)എല്ലാ തടവുകാരേയും ഒരുമിച്ചുകൂട്ടി. അവരെ ഖിലാഫത്തിൽനിന്നുള്ള നിർദേശം കേൾപ്പിച്ചു. ഒരുപാട് തടവുകാർ മുസ്‌ലിമായി.'*(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 512-513, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

മതപരമായ സ്വാതന്ത്ര്യത്തിൽ അദ്ദേഹം വളരെ ശ്രദ്ധാലുവായിരുന്നു. ഇതു സംബന്ധമായി ഒരു സംഭവമുണ്ട്. ഒരിക്കൽ ഒരു ക്രിസ്ത്യാനിവൃദ്ധ തന്റെ എന്തോ ആവശ്യത്തിന് ഹദ്റത്ത് ഉമർ (റ)ന്റെ അടുത്തു വന്നു. അപ്പോൾ അദ്ദേഹം അവരോടു പറഞ്ഞു:'മുസ്‌ലിമാകുക, സുരക്ഷിതയാകുന്നതാണ്. അല്ലാഹു മുഹമ്മദിനെ സത്യവുമായിട്ടാണ് അയച്ചത്.' അവർ പറഞ്ഞു: 'ഞാൻ വൃദ്ധയാണ്. മരണം എന്റെ സമീപത്താണ്.' അദ്ദേഹം അവരുടെ ആവശ്യം നിറവേറ്റിക്കൊടുത്തു. എന്നാൽ, അവരുടെ ആവശ്യത്തെ ദുരുപയോഗം ചെയ്ത് മുസ്‌ലിമാക്കാൻ നിർബന്ധിച്ചുവെന്ന പഴികേൾക്കുന്നതിനെ അദ്ദേഹം ഭയപ്പെടുകയും ചെയ്തു. അതുകൊണ്ട് അദ്ദേഹം തന്റെ ആ കർമത്തിൽ അല്ലാഹുവിനോടു പശ്ചാത്തപിച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹുവേ!ഞാൻ അവർക്ക് നേരായമാർഗം കാണിക്കുക മാത്രമാണ് ചെയ്തത്. അവരെ നിർബന്ധിച്ചിട്ടില്ല.'*(സയ്യിദുനാ ഉമർ ബിൻ ഖത്ത്വാബ്, ഡോക്ടർ അലിമുഹമ്മദ് അസ്സലാബീ, പേജ് 101, ദാറുൽ മഅ്‌രിഫ ബെയ്റുത്ത് 2007)* അതായത് അക്കാര്യത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു.

മറ്റൊരു സംഭവമുണ്ട്. ഹദ്റത്ത് ഉമറിന് ഒരു ക്രൈസ്തവ അടിമയുണ്ടായിരന്നു. അയാളുടെ പേര് അശഖ എന്നായിരുന്നു. അയാൾ പറയുന്നു:'ഞാൻ ഹദ്റത്ത് ഉമറിന്റെ അടിമയായിരുന്നു. മുസ്‌ലിമീങ്ങളുടെ ചില കാര്യങ്ങളിൽ നിന്നിൽനിന്ന് സഹായം തേടാൻ നീ മുസ്‌ലിമാകാൻ അദ്ദേഹം എന്നോടു പറഞ്ഞു. കാരണം മുസ്‌ലിമീങ്ങളുടെ കാര്യങ്ങളിൽ അമുസ്‌ലിമീങ്ങളുടെ സഹായം തേടുന്നത് ഞങ്ങൾക്ക് ഉചിതമല്ല. പക്ഷേ, ഞാനത് നിരസിച്ചു. അടിമ പറയുന്നു: അദ്ദഹം പറഞ്ഞു, ലാ ഇക്റാഹ ഫിദ്ദീൻ മതം വിശ്വസിക്കുന്ന കാര്യത്തിൽ ഒരു ബലാൽക്കാരവുമില്ല. അദ്ദേഹം മരണാസന്നനായപ്പോൾ എന്നെ സ്വതന്ത്രനാക്കിക്കൊണ്ടു പറഞ്ഞു:'നിനക്കിഷ്മുള്ളിടത്ത് നീ പൊയ്ക്കൊള്ളുക.' *(സയ്യിദുനാ ഉമർബിൻ ഖത്ത്വാബ്,ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡേക്ടർ അലിമുഹമ്മദ് സ്വലാബീ മുത്തർറജിം ഉർദു, പേജ് 184, മക്തബത്തുൽ ഫുർഖാൻ, മുളഫർഗഢ്, പാക്കിസ്താൻ)*

മൃഗങ്ങളോടുള്ള അലിവിന്റേയും കരുണയുടേയും സംഭവം. അഹ്നഫ് ബിൻ ഖയ്സ് പറയുന്നു:ഞങ്ങൾ ഉമർ ബിൻ ഖത്ത്വാബിന്റെ അടുക്കൽ ഒരു സംഘമായി മഹത്തായ വിജയത്തിന്റെ സന്തോഷ വാർത്തയുമായി വന്നു. നിങ്ങളെവിടെയാണ് താമസിക്കുന്നതെന്ന് അദ്ദേഹം ചോദിച്ചു. ഇന്ന സ്ഥലത്തെന്ന് ഞാൻ പറഞ്ഞു. പിന്നീട് അദ്ദേഹം എന്നോടൊപ്പം പുറപ്പെട്ടു. ഞങ്ങളുടെ യാത്രാമൃഗങ്ങളെ കെട്ടിയിരുന്ന സ്ഥലത്തെത്തി. ഓരോന്നിനേയും സൂക്ഷ്മമായി നോക്കിയതിനുശേഷം പറഞ്ഞു:'നിങ്ങൾ നിങ്ങളുടെ യാത്രാവാഹനങ്ങളെ കുറിച്ച് അല്ലാഹുവിനെ ഭയപ്പെടുന്നില്ലേ? അവർക്കും നിങ്ങളിൽ അവകാശമുണ്ടെന്ന് നിങ്ങൾക്കറിയില്ലേ? അവർക്കും പുല്ലുംമറ്റും തിന്നാൻ എന്തുകൊണ്ട് തുറന്ന സ്ഥലത്ത് വിടുന്നില്ല?'*(സീറത്ത് ഉമർ ബിൻ ഖത്ത്വാബ്, അലി മുഹമ്മദ് അസ്സലാബീ, പേജ് 171, ദാറുൽമഅ്‌രിഫ ബെയ്റുത്ത്)*

ഹദ്റത്ത് ഉമർ(റ)നിരാലംബതയും രോഗത്തിന്റെ ലക്ഷണവുമുള്ള ഒരു ഒട്ടകത്തെ കണ്ടു. സാലിം ബിൻ അബ്ദുല്ലാഹ് വിവരിക്കുന്നു, ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)തന്റെ കൈ അതിന്റെ പുറത്ത് മുറിവുണ്ടായിരുന്ന സ്ഥലത്തിന്നടുത്ത് വെച്ചു. തന്നോടുതന്നെ പറഞ്ഞു:'നിന്നെ കുറിച്ച് അല്ലാഹുവിന്റെ മുമ്പിൽ ചോദ്യം ചെയ്യപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു.'*(അത്ത്വബഖാത്തുൽ കുബ്റാ, ബാബു ദിക്റു ഇസ്തിഖ്‌ലാഫ് ഉമർ, വാള്യം 3, പേജ് 217, ദാറുൽഇൽമിയ്യ ബെയ്റുത്ത്)*

പിന്നീട് അസലമിൽനിന്ന് ഒരു നിവേദനമുണ്ട്. അദ്ദേഹം രിവായത്ത് ചെയ്യുന്നു:ഒരിക്കൽ ഹദ്റത്ത് ഉമർ(റ)പറഞ്ഞു, 'എന്റെ മനസ്സിൽ ഫ്രഷ്മീൻ തിന്നാൻ ആഗ്രഹമുണ്ടായി. യർഫാ(ഹദ്റത്ത് ഉമറിന്റെ അടിമയുടെ പേരാണ്)യാത്രാവാഹനത്തിൽ പുറപ്പെട്ടു. മുന്നോട്ടും പിന്നോട്ടും നാലു മൈൽ ഓടിച്ച് ഒരു നല്ല മത്സ്യം വാങ്ങിക്കൊണ്ടുവന്നു. പിന്നീട് യാത്രാവാഹനത്തിലേക്ക് ശ്രദ്ധതിരിച്ചു. അതിനെ കുളിപ്പിച്ചു. അത്രയുമായപ്പോൾ ഹദ്റത്ത് ഉമർ (റ)ഉം അവിടെ വന്നു. അദ്ദേഹം യാത്രാവാഹനത്തെ നോക്കിക്കൊണ്ടു പറഞ്ഞു:'അതിന്റെ ചെവിയുടെ താഴെയുള്ള വിയർപ്പ് കഴുകാൻ നീ മറന്നുപോയി. നീ ഉമറിന്റെ ആഗ്രഹം പൂർത്തിയാക്കാൻ ഒരു മൃഗത്തെ ദുരിതത്തിലാക്കി. അല്ലാഹുവാണ! ഉമർ നിന്റെ മത്സ്യത്തെ രുചിക്കുകയില്ല.'*(കൻസുൽഉമ്മാൽ, കിതാബുൽ ഫളാഇൽ, വാള്യം 6, പേജ് 287, ഹദീഥ് 35966, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1985)*

ഒരിക്കൽ ഹദ്റത്ത് ഉമറിന്റെ അടുത്ത് ചൂടുകാലത്ത് ഉച്ച നേരത്ത് ഇറാഖിൽനിന്ന് ഒരു സംഘം വന്നു. അതിൽ അഹ്നഫ് ബിൻ ഖയ്സുമുണ്ടായിരുന്നു. ഹദ്റത്ത് ഉമർ(റ) തലേക്കെട്ടുകെട്ടി സക്കാത്തിന്റെ ഒരു ഒട്ടകത്തിന് ടർപന്റൈൻ തുടങ്ങിയവ പുരട്ടുകയായിരുന്നു. അവിടന്ന് പറഞ്ഞു: അഹ്നഫേ! താങ്കൾ വസ്ത്രം മാറി വരിക. ഈ ഒട്ടകത്തിന്റെ കാര്യത്തിൽ അമീറുൽമുഅ്മിനീനെ സഹായിക്കുക. ഇത് സക്കാത്തിന്റെ ഒട്ടകമാണ്. അതിൽ യത്തീമിനും വിധവയ്ക്കും മിസ്കീൻമാർക്കും അവകാശമുണ്ട്.*(കൻസുൽഉമ്മാൽ, വാള്യം 3, പേജ് 303, കിതാബുൽഖിലാഫ മഅൽഇമാറത്തി/ഖിസ്മുൽ അഫ്ആൽ, ഹദീഥ് 14303, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് ഉമർ(റ)ഒരു യഹൂദിക്ക് കൊടുത്ത മറുപടിയെ കുറിച്ച് ഒരു നിവേദനമുണ്ട്. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിൽനിന്ന് ത്വാരിഖ് നിവേദനം. യഹൂദികളിൽപ്പെട്ട ആരോ അദ്ദേഹത്തോടു പറഞ്ഞു:'അമീറുൽമുഅ്മിനീൻ അങ്ങയുടെ ഗ്രന്ഥത്തിൽ നിങ്ങൾ പാരായണം ചെയ്യുന്ന ഒരു ആയത്തുണ്ട്. അത് ഞങ്ങളിൽ അതായത് യഹൂദിജനതയിൽ ഇറക്കപ്പെട്ടിരുന്നെങ്കിൽ ഞങ്ങൾ ആ ദിവസം പെരുന്നാൾ ആഘോഷിക്കുമായിരുന്നു. അത്

ഏത് ആയത്താണെന്ന് ഹദ്റത്ത് ഉമർ(റ) അയാളോടു ചോദിച്ചു. അയാൾ പറഞ്ഞു: **അൽയൗമ അക്മൽത്തുലക്കും ദീനക്കും വ അത്മംതു അലയ്ക്കും നിഅ്മത്തീ വ റളീത്തു ലക്കുമുൽ ഇസ്ലാമാ ദീനൻ**(5:5) ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്കു ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്കു പൂർത്തീകരിക്കുകയും ഇസ്ലാമിനെ നിങ്ങൾക്കു മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു. ഹദ്റത്ത് ഉമർ പറഞ്ഞു: നബി(സ)തിരുമേനിക്ക് ഈ ആയത്തിറങ്ങിയ ആ ദിവസവും ആ സ്ഥലവും നമുക്ക് ഓർമയുണ്ട്. അവിടന്ന് ആ നേരത്ത് ജുമുഅ ദിവസം അർഫാ മൈതാനത്ത് നില്ക്കുകയായിരുന്നു.' *(സഹീഹുൽബുഖാരി, കിതാബുൽഈമാൻ ബാബു സിയാദത്തുൽഈമാനി വ നുഖ്സാനഹൂ, ഹദീഥ് 45)*

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇതു സംബന്ധമായി പറയുന്നു: 'ഹദ്റത്ത് ഉമറിനോടു ഒരി യഹൂദി പറഞ്ഞു:വിശുദ്ധ ഖുർആനിൽ ഒരു ആയത്തുണ്ട്. അത് ഞങ്ങളുടെ ഗ്രന്ഥത്തിൽ ഇറങ്ങിയിരുന്നെങ്കിൽ ഞങ്ങൾ ആ ദിവസം പെരുന്നാൾ കൊണ്ടാടുമായിരുന്നു. ഹദ്റത്ത് ഉമർ ചോദിച്ചു:അത് ഏതു വചനമാണ്? അയാൾ മറുപടി പറഞ്ഞു: അൽയൗമ അക്മൽത്തുലക്കും ദീനക്കും......എന്ന ആയത്താണത്. അവിടന്ന് പറഞ്ഞു: ആ ദിവസം ഞങ്ങൾക്ക് രണ്ടു പെരുന്നാളുകളുടെ ദിവസമായിരുന്നു. അതായത് ജുമുഅ ദിവസവും അറഫാ ദിവസവും. ആ ദിവസമാണ് ഈ വചനമിറങ്ങിയത്.' *(തഫ്സീർ കബീർ, വാള്യം 4, പേജ് 6)*

ചില മഹാത്മാക്കൾ ഹദ്റത്ത് ഉമറിനെ കുറിച്ച് വിവരിക്കുന്നു:'അശ്അഥ് നിവേദനം. ഞാൻ ഹദ്റത്ത് ശെഅ്ബി ഇങ്ങനെ പറയുന്നതായി കേട്ടു:ആളുകൾ ഏതെങ്കിലും പ്രശ്നത്തിൽ ഭിന്നാഭിപ്രായകാരായാൽ ഹദ്റത്ത് ഉമർ(റ) അതിലെന്താണ് ചെയ്തതെന്ന് നോക്കുക. കാരണം ഹദ്റത്ത് ഉമർ(റ)കൂടിയാലോചന കൂടാതെ ഒരു കാര്യവും ചെയ്തിരുന്നില്ല.' *(ഹുൽയത്തുൽഔലിയാഉ, വാള്യം 4, പേജ് 304-305,നിവേദനം 5841, മക് തബത്തിൽഈമാൻ, അത്ത്വബഅത്തുൽഊലാ 2007)*

ഇമാം ശാഫി പറയുന്നു: 'ഞാൻ ഹദ്റത്ത് ഖബീസ്വ ബിൻ ജാബിർ ഇങ്ങനെ പറയുന്നതായി കേട്ടു. ഞാൻ ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന്റെ കൂടെ താമസിച്ചിരുന്നു. അദ്ദേഹത്തെക്കാളധികം അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുന്നയാളെയും അല്ലാഹുവിന്റെ ദീനിനെ മനസ്സിലാക്കുന്നയാളെയും അതിന്റെ ദറസ്സ് നല്കുന്നയാളെയും ഞാൻ കണ്ടിട്ടില്ല. *(താരീഖ് ദിമശ്ക്കുൽ കബീർ ലി ഇബ്നി അസാകിർ, വാള്യം 11, ഭാഗം 21, പേജ് 128, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽഅറബി, അത്ത്വബഅത്തുൽഊലാ 2007) ബെയ്റൂത്ത് ലബ്നാൻ 1996)(ഫർഹങ്കെ സീറത്ത് പേജ് 130, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2001)*

ഹദ്റത്ത് ഹസൻ ബസ്വരി(റ) പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ മജ്ലിസുകളെ പരിമിളമുള്ളതാക്കാൻ ആഗ്രഹിക്കുമ്പോൾ ഹദ്റത്ത് ഉമറിനെ അധികമായി സ്മരിക്കുക.' *(സീറത്ത് ഉമർ ബിൻ അൽഖത്ത്വാബ്, ഇബ്നു ജൂസി, പേജ് 217, മക്തബ മിസ്രിയ്യത്തുൽഅസ്ഹർ)*

മുജാഹിദിൽനിന്ന് നിവേദനം. ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ നിസംശയം ശയ്ത്വാൻ ചങ്ങലക്കിടപ്പെട്ടുവെന്ന് ഞങ്ങൾ പരസ്പരം പറയാറുണ്ടായിരുന്നു.അദ്ദേഹം ശഹീദായപ്പോൾ ശയ്ത്വാൻ ഭൂമിയിൽ തുള്ളിച്ചാടാൻ തുടങ്ങി. *(സീറത്ത് ഉമർ ബിൻ അൽഖത്ത്വാബ്, ഇബ്നു ജൂസി, പേജ് 217, മക്തബ മിസ്രിയ്യത്തുൽ അസ്ഹർ)*

കവിതയോടു അദ്ദേഹത്തിന് അതിയായ താൽപര്യമായിരുന്നുവെന്ന് ഹദ്റത്ത് ഉമറിനെക്കുറിച്ച് വരുന്നുണ്ട്. സ്വയം അദ്ദേഹം കവിത രചിക്കുമായിരുന്നില്ല. പക്ഷേ, കവിത കേൾക്കുമായിരുന്നു. ഇഷ്ടപ്പെട്ടിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) പറയുന്നു: 'ഞാൻ ഹദ്റത്ത് ഉമറിനോടൊപ്പം ഒരു യാത്ര പുറപ്പെട്ടു. ഒരു രാത്രി ഞങ്ങൾ പൊയ്ക്കൊണ്ടിരിക്കുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ അടുത്തെത്തി. അദ്ദേഹം തന്റെ ജീനിയുടെ മുമ്പിലത്തെ ഭാഗത്ത് വാറടിച്ചുകൊണ്ട് ഈ പദ്യശകലം ചൊല്ലി:

**കദബ്ത്തും വ ബയ്ത്തില്ലാഹി**
**യുഖ്ത്തലു അഹ്മദു**
**വലമ്മാ നുത്വായിൻ ദൂനഹു**
**വ നുനാളിലു**
**വ നുസ്ലിമുഹു ഹത്താ നുസ്വർറഅ**
**ഹൗലഹുവ നദ്ഹല അൻ**
**അബ്നാഇനാ വൽഹലാഇലി**

നിങ്ങൾ കളവാണ് പറയുന്നത്! അല്ലാഹുവിന്റെ ഭവനമായ കഅ്ബ ദേവാലയമാണ!ഞങ്ങൾ അദ്ദേഹത്തിന്റെ സംരക്ഷണത്തിന് അമ്പെയ്യുകയും വാൾ ചുഴറ്റുകയും ചെയ്യുന്നിടത്തോളം ഹദ്റത്ത് അഹ്മദ്(സ)ശഹീദാക്കപ്പെടാൻ നിവൃത്തിയില്ല. ഞങ്ങൾ യുദ്ധം ചെയ്ത് അദ്ദേഹത്തിന്റെ അടുത്തു മരിച്ചു വീഴുകയും ഞങ്ങളുടെ മക്കളേയും കുടുംബത്തേയും വിസ്മരിക്കുകയും ചെയ്യുന്നതുവരെ ഞങ്ങൾ അദ്ദേഹത്തെ കൈവെടിയുകയില്ല.

**വമാ ഹമലത്ത് മിൻ നാഖത്തിൻ**
**ഫൗഖ് റഹ്ലിഹീ**
**അബർറ വ ഔഫാ ദിമ്മത്തൻ**
**മിൻ മുഹമ്മദി**

ഒരു ഒട്ടകവും തന്റെ പുറത്ത് നബി(സ)തിരുമേനിയെക്കാൾ നന്മചെയ്യുന്നവനും വാഗ്ദാനം പൂർത്തിയാക്കുന്നവനുമായ ഒരു മനഷ്യനേയും ഏറ്റയിട്ടില്ല. *(താരീഖ് അത്ത്വബരി, വാള്യം 2, പേജ് 577, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഒരു ചരിത്രകാരനായ ഡോക്ടർ അലി മുഹമ്മദ് സ്വലാബി തന്റെ ഗ്രന്ഥമായ 'സയ്യിദുനാ ഉമർ ബിൻ ഖത്ത്വാബ്, ശഖ്സിയ്യത്ത് ഔർ കാർണാമെ'യിൽ ഹദ്റത്ത് ഉമർ(റ)ന്റെ കവിതയോടുള്ള താൽപര്യത്തെ കുറിച്ച് എഴുതുന്നു: ഖുലഫാഉർറാശിദീങ്ങളിൽ ഏറ്റവുമധികം കവിതകളിലൂടെ ഉദാഹരണം നല്കുന്നയാൾ ഹദ്റത്ത് ഉമർ(റ) ആയിരുന്നു.

ആ മഹാത്മാവിനെപ്പറ്റി ചിലയാളുകൾ എത്രത്തോളം എഴുതിയിട്ടുണ്ടെന്നാൽ, അദ്ദേഹത്തിന്റെ മുമ്പിലെത്തുന്ന കാര്യങ്ങൾക്ക് ഈരടികൾ കേൾപ്പിക്കാത്ത കാര്യങ്ങൾ അപൂർവമാകുന്നു. വിവരിക്കപ്പെടുന്നു, ഒരിക്കൽ അദ്ദേഹം പുതുവസ്ത്രം ധരിച്ച് പുറത്തിറങ്ങി. ആളുകൾ അദ്ദേഹത്തെ വളരെ ശ്രദ്ധാപൂർവം നോക്കാൻ തുടങ്ങി. അപ്പോൾ അദ്ദേഹം അവർക്ക് ഉദാഹരണം നല്കിക്കൊണ്ട് ഈ ഈരടികൾ ചൊല്ലി:

**ലം തുഗ്നി അൻ ഹുർമുസിൻ യൗമൻ**
**ഖസാഇനുഹൂ**
**വൽഖുൽദു ഖദ് ഹാവലത്ത് ആദുൻ**
**ഫമാ ഖലദൂ**
**അയ്നൽ മുലൂക്കുല്ലത്തീ കാനത്ത് നവാ**
**ഫിലുഹാ**
**മിൻകുല്ലി ഔബിൻ ഇലയ്ഹാ റാകിബുൻ**
**യഫിദു**

മരണവേളയിൽ ഹുർമുസിന് അയാളുടെ ഖജനാവുകൾ പ്രയോജനപ്പെട്ടില്ല. ആദ് സമുദായം എന്നെന്നും ജീവിച്ചിരിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ, എന്നെന്നേക്കും നിലനിന്നില്ല. എല്ലാ ഭാഗത്തുനിന്നുംവരുന്ന സംഘങ്ങൾക്ക് ദാഹശമനം വരുത്തിക്കൊണ്ടിരുന്ന അരുവികളുടെ ഉടമകളായിരുന്ന രാജാക്കന്മാർ ഇന്നെവിടെപോയി.*(സീറത്ത് ഉമർ ബിൻ അൽഖത്ത്വാബ്, ശഖ്സിയ്യത്ത് ഔർ കാർണാമെ, (മുത്തർറജിം), അലി മുഹമ്മദ് സ്വലാബീ, പേജ് 333, പ്രസാധകർ മക്തബത്തുൽ ഫുർഖാൻ മുളഫർഗഢ് പാക്കിസ്താൻ)*

അലി മുഹമ്മദു സ്വലാബീ എഴുതുന്നു: ഹദ്റത്ത് ഉമർ(റ) ഇസ്ലാമിക ജീവിതമൂല്യങ്ങൾ തിളങ്ങുന്ന പദ്യങ്ങളാണ് ഇഷ്ടപ്പെട്ടിരുന്നത്. അതായത് ഇസ്ലാമിന്റെ പ്രത്യേകതകളെ പ്രതിഫലിപ്പിക്കുന്നവയായിരിക്കണം. അവയുടെ അർഥവും വിവക്ഷിതവും ഇസ്ലാമികാധ്യാപനങ്ങളുടെ തനിമയ്ക്കോ അതിന്റെ മൂല്യങ്ങൾക്കോ വിരുദ്ധമായിരിക്കരുത്. അദ്ദേഹം നല്ല പദ്യങ്ങൾ മനഃപ്പാഠമാക്കാൻ മുസ്ലിമീങ്ങളെ പ്രേരിപ്പിച്ചുകൊണ്ടു പറയുന്നു:കവിതകൾ പഠിക്കുക. അതിൽ അന്വേഷിച്ചു നടക്കുന്ന കാര്യങ്ങളുണ്ട്. മാത്രമല്ല തത്ത്വജ്ഞാനികളുടെ യുക്തിജ്ഞാനങ്ങളുമുണ്ട്. അത് ഉദാത്തമായ സ്വഭാവങ്ങളിലേക്ക് വഴി നടത്തുന്നു. അദ്ദേഹം പദ്യങ്ങളുടെ ഗുണത്തെ പറ്റി അത്രയുംകൊണ്ട് നിറുത്തിയില്ല. പ്രത്യുത അതിനെ ഹൃദയത്തിന്റെ താക്കോലായും മനുഷ്യശരീരത്തിൽ നന്മയുടെ വികാരങ്ങൾ ഉദ്ദീവിപ്പിക്കാൻ പര്യാപ്തമാണെന്നും പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പദ്യങ്ങളുടെ ശ്രേഷ്ഠതയും പ്രചോദനവും ഇപ്രകാരം വിവരിക്കുന്നു:മനുഷ്യന്റെ ഏറ്റവും നല്ല വിദ്യ കവിതകളുടെ കുറച്ചു ബയ്ത്തുകൾ(ശ്ലോകങ്ങൾ)സൃഷ്ടിക്കുകയാണ്. അവയെ തങ്ങൾക്ക് വേണ്ടുന്ന നേരത്ത് പ്രയോഗിക്കലാണ്. അവ ഔദാര്യവാന്മാരും സുകൃതവാന്മാരുമായവരെ മൃദുലമാക്കുന്നു. നീചരായ ആളുകളുടെ ഹൃദയത്തെ തന്നിലേക്ക് ചായിക്കുന്നു.

ജാഹിലിയ്യ കാലത്തുള്ള കവികളുടെ കവിതകളും വളരെ താൽപര്യപൂർവം അദ്ദേഹം മനഃപ്പാഠമാക്കുമായിരുന്നു. മുൻകാല കവികൾ അതായത് ജാഹിലിയ്യാ കാലത്തുള്ള കവികൾക്ക് അല്ലാഹുവിന്റെ ഗ്രന്ഥം മനസ്സിലാക്കുന്നതിൽ വലിയ ആഴത്തിലുള്ള ബന്ധമാണുണ്ടായിരുന്നത്. അദ്ദേഹം പറയുന്നു: നിങ്ങൾ നിങ്ങളുടെ സമാഹാരങ്ങൾ മനഃപ്പാഠമാക്കുവിൻ. വഴികേടിലാതാതിരിക്കുവിൻ. ശ്രോതാക്കൾ തങ്ങളുടെ സമാഹാരങ്ങൾ എന്താണെന്ന് ചോദിച്ചു. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: ജാഹിലിയ്യ കാലത്തുള്ള കവിതകൾ. അതിൽനിങ്ങളുടെ ഗ്രന്ഥം അതായത് വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനങ്ങളുണ്ട്. നിങ്ങളുടെ ഗ്രന്ഥത്തിന്റെ വിവക്ഷിതങ്ങളുണ്ട്. അദ്ദേഹത്തിന്റെ ഈ വാക്കുകൾ അദ്ദേഹത്തിന്റെ ശിഷ്യനും ഖുർആൻ വക്താവുമായ അബ്ദുല്ലാ ബിൻ അബ്ബാസിന്റെ നിലപാടുമായി ഒത്തുവരുന്നതാണ്. അദ്ദേഹം പറയുന്നു: നിങ്ങൾ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക. അതു മനസ്സിലാകുന്നില്ലെങ്കിൽ അതിന്റെഅർഥവും വിവ

ക്ഷിതവും അറബി ഭാഷയിലെ പദ്യങ്ങളിൽ അന്വേഷിക്കുക. കാരണം കവിതാരചന അറബികളുടെ സമാഹാരമാണ്. *(സീറത്ത് ഉമർ ബിൻ അൽഖത്താബ്, ശഖ്സിയ്യത്ത് ഔർ കാർണാമെ, (മുത്തർറജിം), അലി മുഹമ്മദ് സ്വലാബീ, പേജ് 336, പ്രസാധകർ മക്തബത്തുൽ ഫുർഖാൻ മുളഫർഗഢ് പാക്കിസ്താൻ)*

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ സുപ്രസിദ്ധനും ജീവചരിത്രകാരനുമായി അല്ലാമ ശിബ്ലി നുഅ്മാനീ തന്റെ ഗ്രന്ഥമായ അൽഫാറൂഖിൽ അദ്ദേഹത്തിന്റെ കവിതകളോടുള്ള താൽപര്യത്തെ അനുസ്മരിച്ചുകൊണ്ട് എഴുതുന്നു: കവിതാസംബന്ധമായി ഹദ്റത്ത് ഉമറിന്റെ പ്രസിദ്ധി കുറവും അദ്ദേഹം കവിത രചിക്കാത്ത ആളുമാണെങ്കിൽപോലും അദ്ദേഹത്തിന് കവിതയോടു നല്ല താൽപര്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു സംഭവം വിസ്മരിക്കാവതല്ല. അദ്ദേഹത്തിന് അറേബ്യയിലെ സുപ്രസിദ്ധരായ കവികളുടെ രചനകൾ നല്ലപോലെ മനഃപ്പാഠമായിരുന്നു. ഓരോ കവിയുടേയും കവിതയെ പറ്റി അദ്ദേഹത്തിന് പ്രത്യേകം പ്രത്യേകം അഭിപ്രായമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് അദ്ദേഹത്തെക്കാൾ നന്നായി കവിത കേൾപിക്കുന്ന ആരുമുണ്ടായിരുന്നില്ലെന്ന കാര്യത്തിൽ അറബികൾ പൊതുവെ ഏകാഭിപ്രായക്കാരാണ്. ജാഹിള് തന്റെ 'അൽബയാൻ വത്തബയീൻ' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: ഹദ്റത്ത് ഉമർ ബിൻ ഖത്താബ് കവികളെ ഏറ്റവുമധികം മനസ്സിലാക്കിയ ആളായിരുന്നു. ഹദ്റത്ത് ഉമറിന് കവിതയിൽ എത്രത്തോളം താൽപര്യമുണ്ടായിരുന്നുവെന്നാൽ നല്ല കവിതകൾ കേട്ടാൽ അത് ആസ്വദിച്ച് ആവർത്തിച്ച് ചൊല്ലുമായിരുന്നു. അദ്ദേഹത്തിന് ഖിലാഫത്തിന്റെ ഭാരിച്ച ഉത്തരവാദിത്വം കാരണം ഈ രംഗത്ത് കൂടുതൽ വ്യാപൃതനാകാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും സ്വതവേ ഇക്കാര്യത്തിൽ താൽപര്യമുണ്ടായിരുന്നു. നൂറുക്കണക്കിന് ആയിരക്കണക്കിന് കവിതകൾ മനഃപ്പാഠമായിരുന്നു. സാഹിത്യകാരന്മാരായ മുസ്‌ലിം പണ്ഡിതന്മാർ പറയുന്നു: കവിതകൾ മനഃപ്പാഠമാക്കിയതു സംബന്ധിച്ച അദ്ദേഹത്തിന്റെ അവസ്ഥ നോക്കുക.ഏതെങ്കിലും കാര്യത്തിൽ തീർപ്പു കല്പിക്കുമ്പോൾ അദ്ദേഹം അതുമായി ബന്ധപ്പെട്ട കവിതാശകലം തീർച്ചയായും ചൊല്ലുമായിരുന്നു. അദ്ദേഹം ആത്മാഭിമാനം, സ്വാതന്ത്ര്യം, ശറാഫത്തെ നഫ്സ്, മാനം, ഗുണപാഠം തുടങ്ങിയ കവിതകളായിരുന്നു ഏറെ ഇഷ്ടപ്പെട്ടിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് സൈന്യാധിപന്മാർക്കും ജില്ല ഭരണാധികൾക്കും ജനങ്ങളോടു പദ്യങ്ങൾ ഹൃദിസ്തമാക്കാൻ താക്കീതു ചെയ്യണമെന്ന് കല്പന അയച്ചിരുന്നത്. അങ്ങനെ ഹദ്റത്ത് അബൂമൂസാ അശ്അരിക്ക് കവിതകൾ മനഃപ്പാഠമാക്കാൻ ജനങ്ങളോടു കല്പിക്കണമെന്ന സന്ദേശമയച്ചു. കാരണം അത് ധാർമികതയുടെ ഉദാത്തമായ കാര്യങ്ങളിലേക്കും ശരിയായ അഭിപ്രായങ്ങളിലേക്കും കുടുംബങ്ങളിലേക്കുമുള്ള വഴി കാണിക്കുന്നു. മുഴുവൻ ജില്ലകളിലേക്കും അയച്ച കല്പനകളുടെ വാക്കുകൾ ഇതായിരുന്നു:'നിങ്ങളുടെ മക്കളെ നീന്തലും കുതിരസവാരിയും പഠിപ്പിക്കുക. പഴഞ്ചൊല്ലുകളും നല്ലകവിതകളും മനഃപ്പാഠമാക്കിക്കുക.' അതായത് വൈജ്ഞാനിക താൽപര്യവുമുണ്ടാക്കുക. ഈ അവസരത്തിൽ ഹദ്റത്ത് ഉമർ(റ) കാവ്യരചനയുടെ ഒരുപാടു ന്യൂനതകൾ ഇല്ലാതാക്കി എന്ന കാര്യവും സ്മരണാർഹമാണ്. അക്കാലത്ത് അറേബ്യ മുഴുവനുമുള്ള കവികൾ മാന്യരായ സ്ത്രീകളുടെ പേരുകൾ പരസ്യമായി കവിതകളിൽ വർണിക്കുമായിരുന്നു. അവരോടു തങ്ങളുടെ അനുരക്തി പ്രകടിപ്പിച്ചിരുന്നു. ഹദ്റത്ത് ഉമർ (റ)ഈ സമ്പ്രദായം ഇല്ലാതാക്കി. അതിന് കഠിനമായ ശിക്ഷ നിശ്ചയിച്ചു. ഇപ്രകാരംതന്നെ ആക്ഷേപഹാസ്യവും കുറ്റകരമാക്കി. പ്രസിദ്ധ ആക്ഷേപഹാസ്യകാരനായ ഹുത്വയ്യയെ ഈ കുറ്റത്തിന് ബന്ധനസ്ഥനാക്കി. *(അൽഫാറൂഖ്, ശിബ്ലി നുഅ്മാനി പേജ് 330-333, മക്തബത് ഹർമയ്ൻ ലാഹോർ ഹിജ്റ 1431)*

അല്ലാമ ശിബ്ലി നുഅ്മാനി വീണ്ടും എഴുതുന്നു:'അക്കാലഘട്ടത്തിലെ ഏറ്റവും വലിയ കവി മുത്തമം ബിൻ നുവയ്റ ആയിരുന്നു. ഇദ്ദേഹത്തിന്റെ സഹോദരന് ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലഘട്ടത്തിൽ ഹദ്റത്ത് ഖാലിദ് അബദ്ധത്തിൽ വധിച്ചിരുന്നു. ഈ സംഭവം അദ്ദേഹത്തിന് എത്രമാത്രം വിഷമമുണ്ടാക്കിയെന്നാൽ അദ്ദേഹം എപ്പോഴും കരഞ്ഞുകൊണ്ടിരുന്നു. വിലാപഗാനങ്ങൾ ചൊല്ലിക്കൊണ്ടിരുന്നു. ഹദ്റത്ത് ഉമറിന്റെ സന്നിധിയിൽ അദ്ദേഹം ഹാജരായി. അപ്പോൾ ഹദ്റത്ത് ഉമർ വിലാപഗാനം ആലപിക്കാൻ പറഞ്ഞു. അപ്പോൾ അയാൾ ചില വരികൾ ചൊല്ലി. ഹദ്റത്ത് ഉമർ(റ) അയാളോടു പറഞ്ഞു, 'എനിക്ക് അത്തരം വിലാപഗാനം ചൊല്ലാൻ അറിയുമായിരുന്നെങ്കിൽ ഞാൻ എന്റെ സഹോദരൻ സയ്ദിന്റെ വിലാപഗാനം ചൊല്ലുമായിരുന്നു.' അദ്ദേഹം പറഞ്ഞു: 'അമീറുൽമുഅ്മിനീൻ! എന്റെ സഹോദരൻ അങ്ങയുടെ സഹോദരനെപ്പോലെ വധിക്കപ്പെട്ടിരുന്നെങ്കിൽ അതായത് ശഹാദത്തിന്റെ മരണം വരിച്ചിരുന്നെങ്കിൽ ഞാനൊരിക്കലും അവനെ ഓർത്ത് വിലപിക്കുമായിരുന്നില്ല.'

ഹദ്റത്ത് ഉമർ എപ്പോഴും പറയാറുണ്ടായിരുന്നു, 'മുത്തമ്മിമിനെപോലെ ആരുംതന്നെ എന്നെ അനുശോചനം കേൾപ്പിച്ചിട്ടില്ല.' *(അൽഫാറൂഖ്, ശിബ്ലി നുഅ്മാനീ, പേജ് 345, മക്തബത് ഹർമയ്ൻ ലാഹോർ ഹിജ്റ 1431)*

ഹദ്റത്ത് ഉമർ(റ)ന്റെ ശ്രേഷ്ഠതകളേയും സ്ഥാനമാനങ്ങളേയും സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ചില പ്രവചനങ്ങൾ ഒരിക്കൽമാത്രം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നവയുമുണ്ട്. അത് ക്രമാനുഗതമായാണ് വെളിപ്പെടുക. അതല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന വെളിപ്പെടും. നമ്മുടെ നബി(സ)തിരുമേനിയുടെ, ഖയ്സ്വറിന്റേയും കിസ്റായുടേയും താക്കോലുകൾ തിരുനബിയുടെ കൈകളിൽ നല്കപ്പെട്ടു എന്ന പ്രവചനം, വാസ്തവത്തിൽ ആ പ്രവചനം പുലരുന്നതിനുമുമ്പേ നബി(സ)തിരുമേനി വഫാത്തായിരുന്നു. നബി(സ)തിരുമേനി ഖയ്സ്വറിന്റേയും കിസ്റായുടേയും താക്കോലുകളോ ഖജനാവുകളോ കണ്ടിട്ടില്ല. എന്നാൽ, അവ ഹദ്റത്ത് ഉമറിന്റെ കൈകളിൽ വരണമെന്നായിരുന്നു നിയതിനിയമം. കാരണം ഹദ്റത്ത് ഉമറിന്റെ അസ്തിത്വം പ്രതിച്ഛായയെന്നോണം നബി(സ) തിരുമേനിയുടെ അസ്തിത്വമായിരുന്നു. അതുകൊണ്ടാണ് വഹ്‌യുടെ ലോകത്ത് ഹദ്റത്ത് ഉമറിന്റെ കൈകളെ നബി(സ)തിരുമേനിയുടെ കൈകളാണെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്.'*(അയ്യാമുസ്സുൽഹ്, റൂഹാനീ ഖസാഇൻ വാള്യം 14, പേജ് 265)*

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദ്റത്ത് സിദ്ദീഖുൽഅക്ബർ (റ) ഹദ്റത്ത് ഉമറുൽഫാറൂഖ്(റ) ഹദ്റത്ത് ദുന്നൂറയ്ൻ(റ) ഹദ്റത്ത് അലി മുർത്തളാ(റ) എല്ലാവരും യഥാർഥമായ നിലയിൽ ദീനിൽ വിശ്വസ്തരായിരുന്നു. ഹദ്റത്ത് അബൂബക്ർ (റ) ഇസ്‌ലാമിന്റെ രണ്ടാം ആദമായിരുന്നു. ഇതുപോലെതന്നെ ഹദ്റത്ത് ഉമർ ഫാറൂഖും (റ) ഹദ്റത്ത് ഉഥ്മാനും(റ) ദീനിൽ സത്യസന്ധരായ സൂക്ഷിപ്പുകാരായിരുന്നില്ലെങ്കിൽ വിശുദ്ധ ഖുർആനിലെ ഒരു ആയത്തുപോലും അല്ലാഹുവിന്റെ പക്കൽനിന്നുള്ളതാണെന്ന് പറയാൻ നമുക്ക് പ്രയാസമാകുമായിരുന്നു. *(മക്തൂബാത്തെ അഹ്മദ് വാള്യം 2, പേജ് 151, മക്തൂബാത്ത് നമ്പർ 2, മക്തൂബ് ബനാം ഹദ്റത്ത് ഖാൻ സാഹിബ് മുഹമ്മദ് അലി ഖാൻ സാഹിബ്, പ്രസാധകർ റബ്‌വ)*

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എനിക്ക് എന്റെ നാഥൻ ഖിലാഫത്തിനെപറ്റി ഗവേഷണപരമായ ജ്ഞാനം നല്കിയിരിക്കുന്നു. ഗവേഷകന്മാരെപ്പോലെ ഞാൻ അതിന്റെ യാഥാർഥ്യങ്ങളുടെ ആഴം വരെ എത്തിയിരിക്കുന്നു. എന്റെ നാഥൻ എനിക്ക് ഇക്കാര്യത്തിൽ വെളിപ്പെടുത്തി തന്നിരിക്കുന്നതെന്തെന്നാൽ, സിദ്ദീഖും ഫാറൂഖും ഉഥ്മാനും (റളിയല്ലാഹു അൻഹും)സൽകർമകാരികളും മുഅ്മിനുകളുമാണെന്നും ജനങ്ങളിൽനിന്ന് അല്ലാഹു അവരെ തിരഞ്ഞെടുത്തിരിക്കുന്നുവെന്നുമാണ്. പരമകാരുണികനായ അല്ലാഹുവിന്റെ പ്രത്യേക ഔദാര്യങ്ങൾ അവർക്ക് നല്കപ്പെട്ടിരിക്കുന്നു. ദൈവജ്ഞാനസിദ്ധരായ നിരവധിയാളുകൾ അവരുടെ നന്മകളെ കുറിച്ച് സാക്ഷ്യം നല്കിയിരിക്കുന്നു. അവർ ആദരവുടയവനും ഉന്നതനുമായ അല്ലാഹുവിന്റെ സന്തോഷത്തിനുവേണ്ടി പിറന്നനാട് ഉപക്ഷിച്ചു. എല്ലാ യുദ്ധങ്ങളിലും തീച്ചൂളയിൽ പ്രവേശിച്ചു. ഉഷ്ണകാലത്തിന്റെ നട്ടുച്ചവെയിലോ അതിശൈത്യകാലത്തെ രാത്രിയിലെ കൊടുംതണുപ്പോ അവർ വകവെച്ചില്ല. മറിച്ച് യുവകോമളന്മാരെപ്പോലെ ദീനീ വഴികളിൽ ചരിക്കാൻ അവർ ബദ്ധശ്രദ്ധരായി. സ്വന്തക്കാരിലേക്കോ അന്യരിലേക്കോ ചായുകയുണ്ടായില്ല. റബ്ബുൽആലമീനായ അല്ലാഹുവിനുവേണ്ടി സകലതും അവർ ഒഴിവാക്കി. അവരുടെ കർമങ്ങളിൽ സുഗന്ധവും ചെയ്തികളിൽ പരിമളവുമുണ്ടായിരുന്നു. ഇതല്ലാം അവരുടെ പദവികളും തോട്ടങ്ങളുമാകുന്നു. അവരുടെ നന്മകളുടെ പൂന്തോപ്പിലേക്ക് അത് മാർഗദർശനം നല്കുന്നു. അതിന്റെ മന്ദമാരുതൻ സുഗന്ധപൂരിതമായി വീശിക്കൊണ്ട് അവരുടെ മറഞ്ഞിരിക്കുന്ന കാര്യങ്ങളെ മനസ്സിലാക്കിത്തരുന്നു. അവരുടെ പ്രകാശങ്ങൾ അതിന്റെ പൂർണമായ ശോഭയോടെ നമുക്കുമേൽ വെളിപ്പെടുന്നു. ആയതിനാൽ നിങ്ങൾ അവരുടെ സ്ഥാനത്തിന്റെ മിന്നിത്തിളക്കവും അവരുടെ സുഗന്ധത്തിന്റെ പരിമളവുംകൊണ്ട് അവരെ തിരിച്ചറിയുക. ധിറുതിപ്പെട്ടുകൊണ്ട് ദുർധാരണവെച്ചു പുലർത്തുന്നവരെ പിൻപറ്റരുത്. ചില നിവേദനങ്ങളിൽ ഉറച്ചു നിൽക്കാതിരിക്കാൻ കാരണം അവയിൽ പലതും വിഷലിപ്തവും അതിരു കടക്കുന്നവയുമാകുന്നു എന്നതാണ്. അവയൊന്നും വിശ്വാസയോഗ്യമല്ല. അവയിൽ ധാരാളം നിവേദനങ്ങൾ അടിമേൽ മറിച്ചുകളയുന്ന പൊടിക്കാറ്റിനും മഴവരാൻപോകുന്നുവെന്ന് തെറ്റുധരിപ്പിക്കുന്ന ഇടിമിന്നലിനും സാദൃശ്യമാണ്. അതുകൊണ്ട് അല്ലാഹുവിനെ ഭയപ്പെടുക. ആ നിവേദനങ്ങളെ പിൻപറ്റുന്ന

വരിൽ പെടാതിരിക്കുക.'*(സിർറുൽഖിലാഫ, ഉർദു തർജമ പേജ് 25-26)*

വീണ്ടും അവിടന്ന് പറയുന്നു: അല്ലാഹുവാണ! അല്ലാഹു ശേയ്ഖയിനായ ഹദ്റത്ത് അബുബക്റിനേയും ഹദ്റത്ത് ഉമറിനേയും മൂന്നാമത്തെയാളായ ദുന്നൂറയ്നേയും എല്ലാ ഓരോരുത്തരേയും ഇസ്‌ലാമിന്റെ കവാടങ്ങളും സൃഷ്ടികുലോത്തമനായ(ഖയ്റുൽഅനാം) മുഹമ്മദു(സ)തിരുമേനിയുടെ സൈന്യത്തിന്റെ മുന്നണിപ്പോരാളികളുമാക്കിയിരിക്കുന്നു. അതിനാൽ ആരെങ്കിലും അവരുടെ മഹത്ത്വത്തെ നിഷേധിക്കുകയും അവരുടെ വ്യക്തമായ തെളിവുകളെ നിസ്സാരമായി ഗണിക്കുകയും അവരോടു അപമര്യാദയായി പെരുമാറുകയും മാത്രമല്ല അവരെ അപമാനിക്കുകയും അവരെ ചീത്ത വിളിക്കുകയും അവർക്കെതിരിൽ ദുർന്നാക്ക് ഉപയോഗിക്കുകയും ചെയ്യുകയാണെങ്കിൽ ഞാൻ അവരുടെ ദാരുണമായ പര്യവസാനത്തേയും അവരുടെ ഈമാൻ പാഴായിപ്പോകുന്നതിനേയും സംബന്ധിച്ച് ആശങ്കപ്പെടുന്നു. ആരെങ്കിലും അവരെ വിഷമിപ്പിക്കുകയും അവരെ ശപിക്കുകയും അവർക്കെതിരിൽ ദുരാരോപണം ഉന്നയിക്കുകയും ചെയ്താൽ ഹൃദയത്തിന്റെ കാഠിന്യവും റഹ്മാനായ അല്ലാഹുവിന്റെ കോപവുമാണ് അവർക്കുള്ള അല്ലാഹുവിന്റെ പര്യവസാനം. ഞാൻ ഇക്കാര്യം നേരത്തേയും സ്പഷ്ടമാക്കിയിട്ടുള്ളതാണ്. ഈ സാദാത്തുകളോടു വെറുപ്പും വിദ്വേഷവും വെച്ചു പുലർത്തുന്നത് അനുഗ്രഹങ്ങൾ ചൊരിയുന്ന അല്ലാഹുവിൽനിന്ന് അങ്ങേയറ്റം ബന്ധം മുറിയുന്നതിന് കാരണമാകുന്നതാണ്. അവരോടു ശത്രുത വെച്ചു പുലർത്തുന്നവരുടെമേൽ അനുഗ്രഹാശിസുകളുടെ എല്ലാ മാർഗങ്ങളും കൊട്ടിയടക്കപ്പെടുന്നു. അവർക്ക് ജ്ഞാനവിജ്ഞാനങ്ങളുടെ കവാടങ്ങൾ തുറക്കുന്നതല്ല. അല്ലാഹു അവരെ ഭൗതികതയുടെ ആനന്ദത്തിലും ദേഹേച്ഛകളിലും വിടുന്നതാണ്. അവരെ ശരീരേച്ഛകളുടെ പടുകുഴിയിൽ വീഴ്ത്തുന്നു. അവരെ അല്ലാഹു തന്റെ സവിധത്തിൽനിന്ന് ദൂരത്താക്കുകയും സർവവും നഷ്ടപ്പെട്ടവരിൽ അകപ്പെടുത്തുകയും ചെയ്യുന്നു.

ഖുലഫാഉർറാശിദീങ്ങളോടു നബിമാരോടു ചെയ്തതുപോലുള്ള ദ്രോഹങ്ങളാണ് ചെയ്യപ്പെട്ടത്. പ്രവാചകന്മാരെ ശപിച്ചതുപോലെയാണ് അവരേയും ശപിച്ചത്. അതിലൂടെ അവർ പ്രവാചകന്മാരുടെ അവകാശികളാണെന്ന് സ്ഥാപിതമാക്കപ്പെട്ടു. ഖിയാമത്തുന്നാളിൽ അവരുടെ പ്രതിഫലം പീഢിപ്പിക്കപ്പെട്ട ജനതയ്ക്ക് സമാനമാണെന്ന് വ്യക്തമാക്കപ്പെട്ടു. കാരണം വിശ്വാസിയെ അകാരണമായി ശപിച്ചാൽ, കാഫിറെന്ന് പറഞ്ഞാൽ, അനാവശ്യമായി അവഹേളിച്ചാൽ, ചീത്തവിളിച്ചാൽ അവർ പ്രവാചകന്മാർക്ക് സമാനരായി മാറുന്നു. അവർ അല്ലാഹുവിന്റെ വിശിഷ്ട ദാസരെപ്പോലെയായിത്തീരുന്നു. പിന്നെ അവർക്കു നബിമാർക്കുള്ളതുപോലെ പ്രതിഫലം നല്കപ്പെടുന്നു. റസൂൽമാർക്കു ലഭിക്കുന്നതുപോലെ പ്രതിഫലം ലഭിക്കുകയും ചെയ്യുന്നു. ഇവർ തീർച്ചയായും ഖയ്റുൽ അമ്പിയായെ അനുധാവനം ചെയ്ത കാരണത്താൽ ഉന്നതസ്ഥാനത്ത് വിരാജിക്കുന്നു. അല്ലാഹു അവരെ പ്രകീർത്തിച്ചുകൊണ്ടു പറയുന്നു: 'അവർ ഉന്നതരായ ജനതയാകുന്നു. അവൻ സ്വയംതന്നെ തന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസന്മാർക്ക് പിന്തുണ നല്കുന്നതുപോലെ അവരെ പിന്തുണയ്ക്കുന്നു. യഥാർഥത്തിൽ അവരുടെ സത്യസന്ധതയും പ്രകാശവും അവരുടെ പരിശുദ്ധമാകുന്ന പ്രതാപവും പൂർണ ശോഭയോടെ വെളിപ്പെട്ടു. അവർ സത്യസന്ധരായിരുന്നുവെന്ന് പ്രകടമാക്കപ്പെട്ടു. അല്ലാഹു അവരിലും അവർ അവനിലും തൃപ്തരായിരുന്നു. അല്ലാഹു ഈ ലോകത്ത് മറ്റാർക്കും നല്കാത്ത എല്ലാംതന്നെ അവർക്ക് അനുഗ്രഹിച്ചരുളിയിരിക്കുന്നു.*(സിർറുൽഖിലാഫ, ഉർദു തർജമ പേജ് 28-30)*

തുടർന്ന് അവിടന്ന് ശിയാക്കളുടെ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് പറയുന്നു: ശിയാക്കൾ കരുതുന്നത് (അബൂബക്ർ) സിദ്ദീഖും, (ഉമർ) ഫാറൂഖും (അലി)മുർത്തളായുടെ അല്ലെങ്കിൽ (ഫാത്വിമത്ത്) സഹ്റയുടെ അവകാശങ്ങൾ ധ്വംസിച്ചുവെന്നും അവരോടു ദ്രോഹപരമായി പെരുമാറിയെന്നുമാണ്. അത്തരം വ്യക്തി നീതിയെ കൈയൊഴിയുകയും അതിക്രമത്തെ സ്നേഹിക്കുകയും ദ്രോഹികളുടെ വഴി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിനും അവന്റെ റസൂലിനുംവേണ്ടി തങ്ങളുടെ ജന്മനാടിനേയും പ്രിയപ്പെട്ട സ്നേഹിതന്മാരേയും ധനവും സ്വത്തും ഉപപേക്ഷിക്കുകയും അവിശ്വാസികളിൽനിന്ന് പീഢിപ്പിക്കപ്പെടുകയും ഭീകരവാദികളുടെ കൈയാൽ ഭവനരഹിതരാകുകയും ചെയ്തിട്ടും അവർ നല്ലമനുഷ്യരെപ്പോലെ ക്ഷമിച്ചു. അവർ ഖലീമാരാക്കപ്പെട്ടു. എന്നിട്ടും അവർ തങ്ങളുടെ വീടുകൾ വെള്ളിയും സ്വർണവും കൊണ്ടു നിറച്ചില്ല. തങ്ങളുടെ ആൺമക്കളേയും പെൺമക്കളേയും സ്വർണത്തിന്റേയും വെള്ളിയുടേയും അനന്തരാവകാശികളാക്കുകയും ചെയ്തില്ല. മറിച്ച് എന്തൊന്നാണോ ലഭിച്ചത് അത് ബയ്ത്തുൽമാലിൽ നല്കി. അവർ ഭൗതികവാദികളേയും വഴിപിഴച്ചവരേയുംപോലെ തങ്ങളുടെ മക്കളെ ഖലീഫമാരാക്കിയില്ല. അവർ ഇഹലോക ജീവിതം പട്ടിണിയുടേയും പ്രാരബ്ധത്തിന്റേയും അവസ്ഥയിൽ കഴിച്ചുകൂട്ടി. അവർ നേതാക്കന്മാരേയും മന്ത്രിമാരേയും പോലെ ഭൗതികാഡംബരങ്ങളിലേക്ക് ചാഞ്ഞില്ല. അവരെക്കുറിച്ച് അവർ ബലാൽക്കാരമായി ജനങ്ങളുടെ സ്വത്തുക്കൾ പിടിച്ചെടുക്കുന്നവരായിരുന്നുവെന്ന് കരുതാൻ പറ്റുമോ? മറ്റുള്ളവരുടെ അവകാശങ്ങൾ തട്ടിപ്പറിച്ചെടുക്കുകയും കൊള്ളയടിക്കുകയും കവർച്ച നടത്തുകയും ചെയ്യുന്നവരാണെന്ന് പറയാൻ പറ്റുമോ? നബി(സ)തിരുമേനിയുടെ പരിശുദ്ധമായ സൽസംഗത്തിന്റെ സ്വാധീനമിതാണോ? വാസ്തവത്തിൽ അല്ലാഹു, മുഴുവൻ പ്രപഞ്ചത്തിന്റേയും രക്ഷിതാവ് അവരെ പ്രകീർത്തിക്കുകയും സ്തുതിക്കുകയും ചെയ്തിരിക്കുന്നു.

യാഥാർഥ്യമിതാണ്, അല്ലാഹു അവരുടെ ആത്മാവുകളെ ശുദ്ധീകരിച്ചു. അവരുടെ ആത്മാക്കൾക്ക് പരശുദ്ധി പ്രദാനം ചെയ്തു. അവരുടെ സത്തകളെ പ്രദീപ്തമാക്കി. വരാൻപോകുന്ന പരിശുദ്ധന്മാരുടെ ഇമാമാക്കി. ഈ നേതാക്കന്മാരിൽ കുഴപ്പത്തിന്റേയോ അല്ലെങ്കിൽ ചെറിയ ചെറിയ തിന്മകളുടെയെങ്കിലും സൂചനകളോ ദുർബലവും ഉപരിപ്ലവുമായ ചിന്തയിൽപ്പോലും കണ്ടെത്താൻ നമുക്കു സാധ്യമല്ല. എന്നിരിക്കെ എങ്ങനെയാണ് മനഃപ്പൂർവം അവരെക്കുറിച്ച് അക്രമം ആരോപിക്കുക. അല്ലാഹുവാണ! അവർ നീതിയോടെ പ്രവർത്തിക്കുന്നവരായിരുന്നു. അവർക്ക് നിഷിദ്ധവസ്തുക്കളുടെ താഴ്വരതന്നെ നല്കപ്പെട്ടാലും അവർ അതിൽ തുപ്പുകപോലുമില്ല. അവർ അതിലേക്ക് അത്യാഗ്രഹികളെപ്പോലെ ചായുന്നതുമല്ല. അത് സ്വർണമലയ്ക്ക് സമാനമോ ഏഴുലോകത്തിനു തുല്യമോ ആയാൽപ്പോലും! അവർക്ക് അനുവദനീയമായ സ്വത്തുവകകൾ കിട്ടുകായാണെങ്കിൽ തീർച്ചയായും അവർ അതിനെ അടക്കിവാഴുന്ന അല്ലാഹുവിന്റെ വഴിയിലും ദീനീകാര്യങ്ങളിലും ചെലവഴിക്കുന്നതാണ്. അങ്ങനെവരുമ്പോൾ നമുക്കെങ്ങനെയാണ് അവർ കുറച്ചു മരങ്ങൾക്കുവേണ്ടി (ഫാത്വിമത്ത്)സഹ്റയെ വെറുപ്പിച്ചുവെന്നും നബി(സ)തിരുമേനിയുടെ കരളിന്റെ കഷണത്തെ ഭീകരവാദികളപ്പോലെ ബുദ്ധിമുട്ടിച്ചുവെന്നും പറയാൻ കഴിയുക? മാന്യന്മാർ സദുദ്ദേശ്യരായിരിക്കും. സത്യത്തിൽ അടിയുറച്ചു നില്ക്കുന്നവരായിരിക്കും. അവരുടെമേൽ അല്ലാഹുവിൽനിന്ന് റഹ്മത്തുകൾ ഇറങ്ങുന്നു. മുത്തഖികളുടെ ആന്തരികാവസ്ഥ അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്.'*(സിർറുൽഖിലാഫ, ഉർദു തർജമ പേജ് 37-39)*

വീണ്ടും അവിടന്ന് പറയുന്നു: സത്യമിതാണ്, (അബൂബക്ർ) സ്വദ്ദീഖും(ഉമർ)ഫാറൂഖും ഇരുവരും അകാബിർ സ്വഹാബിമാരിൽപ്പെട്ടവരായിരുന്നു. തങ്ങളുടെ കടമ നിറവേറ്റുന്നതിൽ അവരാരിക്കലും വീഴ്ച വരുത്തിയിട്ടില്ല. അവർ തഖ്‌വയെ, തങ്ങളുടെ വഴിയും നീതിയെ അവരുടെ ലക്ഷ്യവുമാക്കിയിരുന്നു. അവർ അവസ്ഥകൾ ആഴത്തിൽ വിലയിരുത്തിയിരുന്നു. രഹസ്യങ്ങളുടെ അറ്റംവരെ എത്തുമായിരുന്നു. ഭൗതികാഗ്രഹങ്ങളുടെ ലാഭം അവരുടെ ലക്ഷ്യമെ ആയിരുന്നില്ല. അവർ തങ്ങളുടെ ആത്മാക്കളെ അല്ലാഹുവിനോടുള്ള അനുസരണത്തിൽ ആക്കിവെച്ചു. ഉദാരതകളുടെ ആധിക്യത്തിലും നബിയുടെ ദീനിനെ സഹായിക്കുന്നതിലും ശെയ്ഖയ്നെപോലെ (അതായത് അബൂബകറും ഉമറും)യുള്ള ആരേയും ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ഇവർ രണ്ടുപേരുമാണ് സമുദായങ്ങളുടെ സൂര്യൻ(സ)ന്റെ അനുധാവനത്തിൽ ചന്ദ്രനെക്കാളുമധികം വേഗത്തിൽ ചലിച്ചിരുന്നത്. അവിടത്തോടു

## ഹദീഥുന്നബ്‌വി(സ):

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## ഹദീഥുന്നബ്‌വി(സ):

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

ളള സ്നേഹത്തിൽ ലയിച്ചിരുന്നത്. അവർ സത്യപ്രാപ്തിക്കുവേണ്ടി എല്ലാ ബുദ്ധിമുട്ടുകളും മധുരമുള്ളതായി കണ്ടു. അതുല്യനായ ആ നബിക്കുവേണ്ടി സകല നിന്ദ്യതയും അതീവതാൽപര്യത്തോടെ ശിരസാ വഹിച്ചു. അവിശ്വാസികളുടേയും സത്യനിഷേധികളുടേയും സൈന്യങ്ങളുമായി ഏറ്റുമുട്ടുന്ന നേരത്ത് സിംഹത്തെപോലെ മുന്നിൽവന്നുനിന്നു. അങ്ങനെ ഇസ്‌ലാം വിജയിച്ചു. ശത്രുക്കളുടെ കൂട്ടങ്ങൾക്ക് തോൽവി സഹിക്കേണ്ടിവന്നു. ബഹുദൈവാരാധന നീങ്ങിപ്പോയി. അതു നിർമാർജനം ചെയ്യപ്പെട്ടു. മതത്തിന്റെ സൂര്യൻ മിന്നിത്തിളങ്ങാൻ തുടങ്ങി. സ്വീകാര്യമായ ദീനീ സേവനം ചെയ്തുകൊണ്ടും മുസ്‌ലിമീങ്ങളുടെ കഴുത്തുകളെ സന്തോഷത്തോടും ആനന്ദത്തോടും സമർപ്പണം ചെയ്തുകൊണ്ടും അവരിരുവരും മുർസലീങ്ങളിൽ ഉത്തമരായവരുടെ(സ)അയൽവാസിയായി. ഇത് അല്ലാഹുവിന്റെ ഫള്‌ലാണ്. അവന്റെ ദൃഷ്ടിയിൽനിന്ന് മുത്തഖി മറഞ്ഞിരിക്കുന്നില്ല. ഫള്‌ൽ അല്ലാഹുവിന്റെ കൈയിലാണെന്നതിൽ സംശയമില്ല. അവനിച്ഛിക്കുന്നവർക്ക് അത് നല്കുന്നു. അതീവ താൽപര്യത്തോടുകൂടി അല്ലാഹുവിന്റെ കോന്തലയുമായി ബന്ധപ്പെട്ടിരിക്കുന്നവൻ അതിനെ ഒരിക്കലും നഷ്ടപ്പെടുത്തിക്കളയുകയില്ല. ലോകം മുഴുവനുമുള്ള എല്ലാ വസ്തുക്കളും അവന്റെ ശത്രുവായാലും അല്ലാഹുവിനെ അന്വേഷിക്കുന്നവൻ ഏതെങ്കിലും നഷ്ടത്തിന്റേയോ ഞെരുക്കത്തിന്റേയോ മുഖം കാണുകയില്ല. അല്ലാഹു സത്യവാന്മാരെ നിസ്സഹായരും നിർഭാഗ്യരുമായി വിട്ടുകളയുകയില്ല.

അല്ലാഹു അക്ബർ!അവരിരുവരുടെ (അബൂബക്റും(റ) ഉമറും(റ)സത്യസന്ധതയുടേയും ആത്മാർഥതയുടേയും തേജോവിലാസം എത്ര ഉന്നതമാണ്. അവരിരുവരും എങ്ങനെയുള്ള അനുഗൃഹീത ഖബ്റിൽ മറയടക്കപ്പെട്ടുവെന്നാൽ, മൂസായും ഈസായും ജീവിച്ചിരുന്നുവെങ്കിൽ അസൂയയോടുകൂടി അവിടെ മറയടക്കാൻ ആഗ്രഹിക്കുമായിരുന്നു. പക്ഷേ, ഈ സ്ഥാനം കേവലം ആഗ്രഹംകൊണ്ടു ലഭിക്കുകയില്ല. ആഗ്രഹംകൊണ്ടു പ്രദാനം ചെയ്യപ്പെടുകയുമില്ല. പ്രത്യുത ഇത് ആദരവുടയവനായ രക്ഷിതാവിൽനിന്നുള്ള അനാദികാലംമുതലെയുണ്ടാകുന്ന കാരുണ്യമാണ്. ഈ കാരുണ്യം ദൈവികമായ ഉദാരത അനാദികാലം മുതലെ ശ്രദ്ധ ഊന്നുന്നവരിലേക്കാണ് തിരിയുന്നത്. ഇക്കൂട്ടരെയാണ് അല്ലാഹുവിന്റെ ഫള്‌ലിന്റെ ആടകൾ പൊതിഞ്ഞെടുക്കുന്നത്. *(സിർറുൽഖിലാഫ, ഉർദു തർജമ പേജ് 77-79)*

വീണ്ടും ആ മഹാത്മാവ് പറയുന്നു: 'നബി(സ)തിരുമേനിക്കുശേഷം എന്തൊക്കെ അഭിവൃദ്ധിയാണോ ഇസ്‌ലിമിനുണ്ടായത് അത് മൂന്നു സ്വഹാബിമാർ മുഖേന തന്നെയായിരുന്നു. ഹദ്റത്ത് ഉമർ(റ) എന്തൊന്നാണോ ചെയ്തത് അതൊട്ടും കുറവല്ല. എന്നാൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾകൊണ്ട് ഒരു വിധത്തിലും സിദ്ദീഖുൽഅക്ബർ(റ)ന്റെ പ്രവർത്തനം നിസ്സാരമാകുകയില്ല. കാരണം വിജയത്തിന്റെ പാളം സിദ്ദീഖുൽഅക്ബർ തന്നെയാണ് തയ്യാറാക്കിയത്. അത്യുഗ്രമായ ഫിത്നയെ അദ്ദേഹംതന്നെയാണ് അടിച്ചമർത്തിയത്. അത്തരം നേരത്ത് ഹദ്റത്ത് അബൂബക്റിന് നേരിടേണ്ടിവന്ന പ്രയാസങ്ങൾ ഹദ്റത്ത് ഉമറിന് ഒരിക്കലും നേരിടേണ്ടിവന്നില്ല. സിദ്ദീഖ് വഴി വൃത്തിയാക്കി. പിന്നീട് അതിൽ ഹദ്റത്ത് ഉമർ(റ)വിജയങ്ങളുടെ കവാടം തുറന്നു.' *(മൽഫൂദാത്ത് വാള്യം 6, പേജ് 414-415)*

റസൂൽ(സ)നോടും ശയ്ഖയ്ന്മാരായ ഹദ്റത്ത് അബൂബക്റിനോടും ഹദ്റത്ത് ഉമറിനോടും ഹദ്റത്ത് മസീഹു മൗഊദ്(അ)നുണ്ടായിരുന്ന സ്നേഹത്തിന്റേയും ആദരവിന്റേയും മാനസികാവസ്ഥയെ കുറിച്ച് ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ്(റ) എഴുതുന്നു:'ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദിനോടുള്ള സ്നേഹത്തിൽ അങ്ങേയറ്റം ലയിച്ച ഒരു സ്നേഹിതൻ അവിടത്തെ തിരുസന്നിധിയിൽ പറഞ്ഞു: 'ശയ്ഖയ്നെക്കാൾ അതായത് ഹദ്റത്ത് അബൂബക്റിനെക്കാളും ഉമറിനെക്കാളും ഉയർന്ന പദവിയുള്ളവരായി അങ്ങയെ ഞങ്ങൾക്കെന്തുകൊണ്ട് ശ്രേഷ്ഠനായി മനസ്സിലാക്കുകയും നബി(സ)തിരുമേനിയുടെ ഏറ്റവും സമീപസ്ഥനായി വിശ്വസിക്കുകയും ചെയ്തുകൂടാ?' അല്ലാഹ്, അല്ലാഹ്! ഇക്കാര്യംകേട്ട് ഹദ്റത്ത് അഖ്ദസ് അതായത് വാഗ്ദത്ത മസീഹിന്റെ നിറം മാറിപ്പോയി. അവിടത്തെ അടിമുതൽ മുടിവരെ വല്ലാത്തൊരു വ്യാകുലതയും അസ്വസ്ഥതയുമുണ്ടായി. അബ്ദുൽകരീം സാഹിബ് പറയുന്നു:'ഞാൻ അഭിമാനിയും പരിശുദ്ധനുമായ അല്ലാഹുവിനെ സത്യം ചെയ്ത് പറയുന്നു,'ആ നിമിഷം ഹദ്റത്ത് മസീഹ് മൗഊദിലുള്ള എന്റെ ഈമാൻ വീണ്ടും കൂടി. അവിടന്ന് തുടർച്ചയായി 6 മണിക്കൂർ പ്രസംഗിച്ചു. സംസാരം തുടങ്ങുമ്പോൾ ഞാൻ സമയം നോക്കിയിരുന്നു. അവസാനിച്ച നേരത്ത് നോക്കിയപ്പോൾ പൂർണമായും 6 മണിക്കൂർ ആയിരുന്നു. ഒരു മിനിട്ടുപോലും വ്യത്യാസമുണ്ടായിരുന്നില്ല. ഇത്ര ദീർഘമായി ഒരു വിഷയം വിവരിക്കുക, തുടർച്ചയായി വിവരിക്കുക ഒരു അമാനുഷിക സംഭവമായിരുന്നു. ഈ മുഴുവൻ വിഷയത്തിലും അവിടന്ന് അതിശ്രേഷ്ഠനായ, നബി(സ) തിരുമേനിയെ സ്തുതിക്കുകയും അവിടത്തെ ശ്രേഷ്ഠതകൾ വിവരിക്കുകയും അവിടത്തോടുള്ള തന്റെ ദാസത്വത്തേയും സേവനത്തേയും സംബന്ധിച്ച് പറയുകയും ശയ്ഖയ്ന്മാരുടെ (ഹദ്റത്ത് അബൂബക്റും ഉമറും) ശ്രേഷ്ഠതകൾ വിവരിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു, 'അവരെ സ്തുതിക്കുന്നവനും അവരുടെ കാൽക്കീഴിലെ മണ്ണും ആയിരിക്കുന്നതുതന്നെ എനിക്ക് മതിയായ അഭിമാനമാണ്.'

അല്ലാഹു അവർക്കു പ്രദാനം ചെയ്ത ഭാഗികമായ ശ്രേഷ്ഠത ഖിയാമത്തുന്നാൾവരെ മറ്റൊരാൾക്കും പ്രാപ്യമല്ല. ഹദ്റത്ത് അബൂബക്റിനും ഉമറിനും കിട്ടിയ സേവനാവസരം മറ്റാർക്കെങ്കിലും കിട്ടാൻ ഇനി നബി(സ)തിരുമേനി ലോകത്ത് എവിടന്ന് ജനിക്കാനാണ്! *(മൽഫൂദാത്ത് വാള്യം 1, പേജ് 326)*

ഹദ്റത്ത് ഉമർ(റ)നെ കുറിച്ചു ഖുത്ബകളിലുള്ള സ്മരണ ഇവിടെ അവസാനിക്കുകയാണ്. അല്ലാഹു തൗഫീഖ് തന്നാൽ ഹദ്റത്ത് അബൂബക്റിനെ കുറിച്ചുള്ള സ്മരണ തുടങ്ങുന്നതായിരിക്കും.

www.alislam.org
Al Islam - Official website of Ahmadiyya Muslim Community

പേജ് 5 ൽ നിന്ന്

വിധിച്ചിട്ടുള്ളത് അത് നടന്നിരിക്കും. എനിക്ക് അവരിൽനിന്ന് മുഖംതിരിക്കാൻ എങ്ങനെയാണ് കഴിയുക?' ഹദ്റത്ത് ഉമർ(റ)ആ കത്തു വായിച്ചപ്പോൾ കരയാൻ തുടങ്ങി. അവിടെ ഉണ്ടായിരുന്നവർ ചോദിച്ചു:'യാ അമീറൽമുഅ്മിനീൻ! അബൂ ഉബയ്ദ വഫാത്തായോ?' അവിടന്ന് പറഞ്ഞു, ഇല്ല. അങ്ങനെയായേക്കാം!' *(സയ്ർ അഅ്ലാമുന്നുബ്‌ലാഅ്, വാള്യം 1, പേജ് 18-19, അബൂഉബയ്ദ ബിൻ അൽജർറാഹ്, അർരിസാലത്തുൽആലമിയ്യ, ദിമശ്ഖ് 2014)*

ഹദ്റത്ത് ഉമർ(റ) സ്വഹാബത്തുമായി കൂടിയാലോചിച്ചതിനുശേഷം ഹദ്റത്ത് അബൂഉബയ്ദയ്ക്കെഴുതി:താങ്കൾ ആളുകളെ താണഭൂമിയിൽ കൊണ്ടുപോയി ഇറക്കിയിരിക്കുകയാണ്. അവിടനിന്ന് ഏതെങ്കിലും ഉയർന്നതും തുറന്ന അന്തരീക്ഷമുള്ളതുമായ സ്ഥലത്തേക്ക് കൊണ്ടുപോകുക. അതായത് താഴ്ന്ന സ്ഥലത്തിനു പകരം കുറച്ച് ഉയർന്ന സ്ഥലത്ത് കൊണ്ടുപോകുക. പർവ്വത സ്ഥലത്ത് കൊണ്ടുപോകുക. അവിടെ ശുദ്ധവായു ലഭിക്കുന്നതാണ്. ഹദ്റത്ത് അബൂഉബയ്ദ(റ) ഈ കല്പന നടപ്പിൽ വരുത്തുന്നതിനെ കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ പ്ലേഗ് ബാധിതനാകുകയും അതിൽ അദ്ദേഹം വഫാത്താകുകയും ചെയ്തു. തന്റെ പിൻഗാമിയായി ഹദ്റത്ത് മുആദ് ബിൻ ജബലിനെയാണ് ഹദ്റത്ത് അബൂഉബയ്ദ (റ) നിശ്ചയിച്ചത്. പക്ഷേ, അദ്ദേഹവും പ്ലേഗിൽ അകപ്പെടുകയും വഫാത്താകുകയും ചെയ്തു. ഹദ്റത്ത് മുആദ് ബിൻ ജബൽ(റ)തന്റെ പിൻഗാമിയായി ഹദ്റത്ത് അംറ് ബിൻ ആസ്വിനെ നിശ്ചയിച്ചിരുന്നു. അദ്ദേഹം ഒരു പ്രസംഗം ചെയ്തു. പറഞ്ഞു:'ഈ പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ടാൽ അഗ്നിപോലെ പടർന്നു പിടിക്കുന്നു. പർവ്വതത്തിൽ ഒളിച്ചിരുന്ന് നിങ്ങളുടെ ജീവൻ രക്ഷിച്ചുകൊള്ളുക.' അദ്ദേഹം ജനങ്ങളേയുംകൊണ്ട് അവിടെനിന്നിറങ്ങുകയും പർവതങ്ങളിൽ പോകുകയും ചെയ്തു. അങ്ങനെ പകർച്ചവ്യാധിയുടെ ശക്തി കുറഞ്ഞു. കുറഞ്ഞ് കുറഞ്ഞ് തികച്ചും ഇല്ലാതായി. ഹദ്റത്ത് അംറ് ബിൻ ആസ്വിന്റെ പ്രസംഗത്തെ കുറിച്ച് ഹദ്റത്ത് ഉമർ(റ) അറിഞ്ഞു. അദ്ദേഹം അത് ഇഷ്ടപ്പെട്ടുവെന്ന് മാത്രമല്ല, ഹദ്റത്ത് അബൂഉബയ്ദായ്ക്ക് അയച്ചുകൊടുത്ത കല്പന ഇദ്ദേഹം നിറവേറ്റിയെന്ന് പറയുകയും ചെയ്തു. *(സയ്യിദുനാ ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ള്ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർജ്ജിം, പേജ് 413, പ്രസാധകർ ഇസ്‌ലാമീ കുതുബു ഖാന ലാഹോർ)*

ഹദ്റത്ത് അബു ഉബയ്ദ ബിൻ അൽജർറാഹിനെ കൂടാതെ ഹദ്റത്ത് മുആദ് ബിൻ ജബൽ, ഹദ്റത്ത് യസീദ് ബിൻ അബൂ സുഫ്‌യാൻ, ഹദ്റത്ത് ഹാരിഥ് ബിൻ ഹിശാം, ഹദ്റത്ത് സുഹയ്ൽ ബിൻ അംറ്, ഹദ്റത്ത് ഉത്ബ ബിൻ സുഹയ്ൽ എന്നിവരും ഇവരെക്കൂടാതെ ആദരണീയരായ മറ്റു ചിലരും ഈ പകർച്ചവ്യാധി കാരണം വഫാത്താവുകയുണ്ടായി. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 487, ഹിജ്റ 17, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2012)*

അംവാസിലെ പ്ലേഗിൽനിന്ന് തരിച്ചു വന്നതിനെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിച്ചിട്ടുണ്ട്. അവിടന്ന് പറയുന്നു:'ശാമിൽ യുദ്ധമുണ്ടാകുകയും അവിടെ പ്ലേഗ് പടർന്നു പിടിക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് ഉമർ(റ)അവിടെ നേരിട്ടു പോയി. ജനങ്ങളുമായി

കൂടിയാലോചിച്ച് സൈന്യത്തിന്റെ സംരക്ഷണത്തിനുള്ള ബുദ്ധിപരമായ ഏർപാടു ചെയ്യുക എന്നതായിരുന്നു ഉദ്ദേശ്യം. എന്നാൽ, മഹാമാരി ശക്തി പ്രാപിച്ചപ്പോൾ സ്വഹാബത്ത് പറഞ്ഞു:'അങ്ങ് ഇവിടെ താമസിക്കുന്നത് ഉചിതമല്ല. അങ്ങ് മദീനയിലേക്ക് മടങ്ങിപ്പോകുക.' അങ്ങനെ അദ്ദേഹം മടങ്ങിപ്പോകാൻ തീരുമാനിച്ചപ്പോൾ ഹദ്റത്ത് അബൂഉബയ്ദ പറഞ്ഞു:അഫിറാറൻ മിൻ ഖദ്രില്ലാഹ്? അല്ലാഹുവിന്റെ വിധിയിൽനിന്ന് അങ്ങ് ഓടുകയാണോ? ഹദ്റത്ത് ഉമർ(റ) ക്ഷണത്തിൽ മറുപടി നല്കി:നഅം നഫിർറു മിൻ ഖദ്രില്ലാഹി ഇലാ ഖദ്രില്ലാഹി അതേ, ഞങ്ങൾ അല്ലാഹുവിന്റെ ഒരു വിധിയിൽനിന്ന് മറ്റൊരു വിധിയിലേക്ക് ഓടുകയാണ്. ഭൗതികമായ ഉപകരണങ്ങളെ ഉപേക്ഷിക്കൽ അനുവദനീയമല്ല. ഭൗതികമായ ഉപകരണങ്ങളെ ദീനിനു വിധേയമായി വെക്കേണ്ടതാണ്.'*(അല്ലാഹു തആലാ സെ സച്ചാ ഔർ ഹഖീഖി തഅല്ലുഖ് ഖാഇം കർനെ മെ ഹിഹമാരീ കാമ്‌യാബി ഹെ, അൻവാറുൽഉലൂം വാള്യം 21, പേജ്104)*

ഹദ്റത്ത് ഉമർ(റ)ന്റെ ദുആ സ്വീകാര്യതയുമായി ബന്ധപ്പെട്ട ചില സംഭവങ്ങളുണ്ട്. ഹദ്റത്ത് ഖവ്വാത്ത് ബിൻ ജുബയ്ർ പറയുന്നു:ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ജനങ്ങൾ കഠിനമായ വരൾച്ചയിൽ അകപ്പെട്ടു. അപ്പോൾ ഹദ്റത്ത് ഉമർ(റ) ജനങ്ങളേയുംകൂട്ടി പുറപ്പെട്ടു. രണ്ട് റക്അത്ത് ഇസ്തിസ്ഖാഅ് (മഴക്ക് വേണ്ടിയുള്ള നമസ്കാരം) നമസ്കരിപ്പിച്ചു. പിന്നീട് തന്റെ പുതപ്പ് രണ്ടു ചുമലുകളിലിട്ടു. പുതപ്പിന്റെ വലതുഭാഗം ഇടതുതോളിലും ഇടതുഭാഗം വലതുതോളിലുമിട്ടു. അതായത് തന്നെ മൂടിപ്പുതച്ചു. പിന്നീട് ദുആ ചെയ്യുന്നതിന് കൈകളുയർത്തി. അപേക്ഷിച്ചു:അല്ലാഹുമ്മ ഇന്നാ നസ്‌ത്തഗ്ഫിറുക്ക വ നസ്‌ത്തസ്ഖാക്ക അല്ലാഹുവേ!ഞങ്ങൾ നിന്നോടു പാപപ്പൊറുതി തേടുന്നു; മഴ ആഗ്രഹിക്കുന്നവരുമാണ്. അദ്ദേഹം ഈ ദുആ ചെയ്തിട്ട് തന്റെ സ്ഥലത്തുനിന്ന് നീങ്ങുന്നതിനുമുമ്പേ മഴ തുടങ്ങി. നിവേദകൻ പറയുന്നു: ഞങ്ങളുടെ ഗ്രാമവാസികൾ ഉമറിന്റെ അടുത്തു വന്നു. അവർ പറഞ്ഞു:'അമീറുൽമുഅ്മിനീൻ ഇന്ന ദിവസം ഇന്ന നേരത്ത് ഞങ്ങൾ മരുഭൂമിയിലെ ഞങ്ങളുടെ താമസസ്ഥലത്തായിരുന്നു. കാർമേഘം ഞങ്ങളിൽ തണലിട്ടു. ഞങ്ങൾ അതിൽനിന്ന് ഒരു ശബ്ദം കേട്ടു:അബൂ ഹഫ്സേ! മഴ മുഖേന സഹായം നിന്റെയടുത്തു വന്നു. അബൂ ഹഫ്സേ! മഴ മുഖേന സഹായം നിന്റെയടുത്തു വന്നു. *(കൻസുൽഉമ്മാൽ, വാള്യം 4, ഭാഗം 8, പേജ് 107, ഹദീഥ് 23533, കിതാബുസ്സ്വലാത്ത്, അൽബാബു സ്സാബിഅ്, ബാബുസ്സ്വലാത്തുൽഇസ്തിസ്ഖാഅ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2004)*

ഹദ്റത്ത് ഉമറിന്റെ ഒരു ദുആ സ്വീകരിച്ച സംഭവം നൈൽനദി വീണ്ടും ഒഴുകാൻ തുടങ്ങിയതുസംബന്ധിച്ച് വിവരിക്കപ്പെടുന്നുണ്ട്. നൈൽനദി വറ്റിപ്പോകുമ്പോൾ ഇസ്‌ലാമിനു മുമ്പേയുള്ള കാലത്ത് അതു വീണ്ടും ഒഴുക്കുന്നതിനുവേണ്ടി അവിടുത്തെയാളുകളിൽ ഒരു ആചാരമുണ്ടായിരുന്നു. യഥാർഥത്തിൽ ആ ആചാരത്തിന് എന്തെങ്കിലും സ്വാധീനമുണ്ടായിരുന്നോവെന്ന് നന്നായി അറിയുന്നവൻ അല്ലാഹുവാണ്. പക്ഷേ, ഇസ്‌ലാം വന്നിട്ട് ആ ആചാരം അവസാനിപ്പിച്ചു. ഈ ആചാരം അവസാനിച്ചതിനെ സംബന്ധിച്ച് പറയപ്പെടുന്ന സംഭവം ഇങ്ങനെയാണ്: 'ഖയ്സ് ബിൻ ഹജ്ജാജിൽനിന്ന് നിവേദനം. മിസ്‌ർ വിജയിച്ചപ്പോൾ അവിടുത്തെ വാസികൾ അജമി മാസങ്ങളിൽപ്പെട്ട ഏതോ ഒരു ദിവസം ഹദ്റത്ത് അംറ് ബിൻ ആസ്വിന്റെ അടുത്തുവന്നു. അപ്പോൾ ആളുകൾ പറഞ്ഞു: 'യാ അമീർ!നൈൽ നദിക്കുവേണ്ടി ഞങ്ങളിൽ ഒരു ആചാരമുണ്ട്. അതു കൂടാതെ ഇത് ഒഴുകുകയില്ല.' ഹദ്റത്ത് അംറ് ചോദിച്ചു:'അതെന്താണ്?' അവർ പറഞ്ഞു: 'ഈ മാസത്തിലെ 11 രാത്രി കഴിഞ്ഞാൽ ഒരു കുമാരിയുടെ അടുത്ത് അവളുടെ മാതാപിതാക്കളുടെ സാന്നിധ്യത്തിൽ ഞങ്ങൾ പോകുന്നു. പിന്നീട് അവളുടെ മാതാപിതാക്കളെ സന്തോഷിപ്പിക്കുന്നു. അവളെ ഉന്നതമായ വസ്ത്രവും ആഭരണങ്ങളും അണിയിക്കുന്നു. പിന്നീട് അവളെ നൈൽനദിയിൽ ഇടുന്നു.' അതായത് ആരംഭത്തിൽ ഇടാറുണ്ടായിരുന്നു. ഹദ്റത്ത് അംറ്(റ)പറഞ്ഞു: 'ഇസ്‌ലാമിൽ അങ്ങനെ ഒരിക്കലും നടക്കുകയില്ല. തീർച്ചയായും ഇസ്‌ലാം മുമ്പേയുണ്ടായിരുന്ന ഇത്തരം എല്ലാ ആചാരങ്ങളേയും അവസാനിപ്പിക്കുന്നു.'

അങ്ങനെ അവർ അവിടെ താമസിച്ചു. നൈൽനദി വറ്റിപ്പോകുന്ന ആ സമയവും വന്നെത്തി. നൈൽനദി ഒട്ടുംതന്നെ ഒഴുകുന്നുണ്ടായിരുന്നില്ല. ആളുകൾ നാടുപേക്ഷിച്ചുപോകാൻ തീരുമാനിച്ചു. ഹദ്റത്ത് അംറ്(റ) ഇതുകണ്ടപ്പോൾ ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന് ഇതു സംബന്ധമായി കത്തെഴുതി. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അംറ് ബിൻ ആസ്വിന് മറുപടി കത്തെഴുതി: 'താങ്കളെഴുതിയതെല്ലാം ശരിയാണ്. തീർച്ചയായും ഇസ്‌ലാം ഇതിനുമുമ്പേയുണ്ടായിരുന്ന ഈ എല്ലാ ആചാരങ്ങളേയും അവസാനിപ്പിക്കുന്നു. അദ്ദേഹം കത്തിന്റെ ഉള്ളിൽ ഒരു ചെറിയ കഷണം കടലാസ് ഇട്ടു. എന്നിട്ട് ഹദ്റത്ത് ഉമർ (റ),ഹദ്റത്ത് അംറിനെഴുതി: തീർച്ചയായും ഞാൻ താങ്കൾക്കെഴുതിയ കത്തിനുള്ളിൽ ഒരു ചെറിയ കഷണം കടലാസ് അയച്ചിട്ടുണ്ട്. അത് നൈൽനദിയിൽ ഇടണം. ഹദ്റത്ത് ഉമറിന്റെ കത്ത് ഹദ്റത്ത് അംറ് ബിൻ ആസ്വിന് എത്തിയപ്പോൾ അദ്ദേഹം ആ ചെറിയ കടലാസു കഷണം എടുത്തു. അതു തുറന്നു. അപ്പോൾ അതിലെഴുതിയിരുന്നു:'അല്ലാഹുവിന്റെ ദാസനായ ഉമർ ബിൻ ഖത്ത്വാബ് അമീറുൽമുഅ്മിനീനിൽനിന്ന് ഈജിപ്തിലെ നൈൽനദിക്ക്! അമ്മാ ബഅ്ദ്. നീ സ്വയമേവയാണ് ഒഴുകുന്നതെങ്കിൽ നീ ഒഴുകരുത്. എന്നാൽ, അല്ലാഹു നിന്നെ ഒഴുക്കുന്നതെങ്കിൽ ഞാൻ ഏകനും ഖഹ്ഹാറുമായ അല്ലാഹുവിനോടു ദുആ ചെയ്യുന്നു, അവൻ നിന്നെ ഒഴുക്കുമാറാകട്ടെ.' ഹദ്റത്ത് അംറ്(റ)കുരിശ് ഉത്സവത്തിനു ഒരു ദിവസം മുമ്പേ കടലാസ് നൈൽ നദിയിലിട്ടു. നേരം വെളുത്തപ്പോൾ അല്ലാഹു ഒരൊറ്റ ദിവസംകൊണ്ട് 16 മുഴത്തിലധികം ഉയരത്തിൽ വെള്ളം നൈൽ നദിയിലൊഴുക്കി. പിന്നീട് അല്ലാഹു ഈജിപ്തുകാരുടെ ഈ ആചാരം അവസാനിപ്പിച്ചു. *(താരീഖുൽഖുലഫാ, ജലാലുദ്ദീൻ അബ്ദുർറഹ്മാൻ ബിൻ അബീ ബക്ർ അസ്സുയൂത്വി, ഉമർ ബിൻ ഖത്ത്വാബ്, പേജ് 100, പ്രസാധകർ ദാറുൽകിതാബിൽ അറബി, ബെയ്റുത്ത് ലബ്നാൻ 1999)*

മിക്ക ചരിത്ര ഗ്രന്ഥങ്ങളും ഈ സംഭവത്തെ സാക്ഷിപ്പെടുത്തിത്തന്നെ എഴുതിയിട്ടുണ്ട്. പക്ഷേ, ഹദ്റത്ത് ഉമറിന്റെ ചരിത്രമെഴുതിയിട്ടുള്ള മുഹമ്മദു ഹുസയൻ ഹയ്ക്കിൽ അങ്ങനെയൊരു ആചാരംതതന്നെ ഇല്ലായിരുന്നുവെന്ന് പറഞ്ഞ് ഇതിനെ നിഷേധിച്ചിരിക്കുന്നു. *(സയ്യിദുനാ ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർജ്ജിം, പേജ് 673, പ്രസാധകർ ഇസ്‌ലാമീ കുതുബുഖാന ലാഹോർ)* എന്തായാലും ഇതൊരു സംഭവമാണ്.

പിന്നീട് ഹദ്റത്ത് സാരിയായുടെ യുദ്ധത്തിൽ ഹദ്റത്ത് ഉമറിന്റെ ശബ്ദം കേട്ട സംഭവമുണ്ട്. മുമ്പേയും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഇവിടേയും ദുആ സ്വീകാര്യതയെ ഉദ്ധരിച്ച് വിവരിക്കുകയാണ്. അല്ലാഹുവിന്റെ പ്രത്യേകമായൊരു പെരുമാറ്റമായിരുന്നു അത്. താരീഖ് ത്വബരിയിലുണ്ട്: ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് സാരിയ ബിൻ സുനയ്മിനെ ഫസായിലേക്കും ദാറു അബ്ജർദിന്റെ പ്രദേശങ്ങളിലേക്കും അയച്ചു. അദ്ദേഹം അവിടെയെത്തി ജനങ്ങളെ ഉപരോധിച്ചു. അപ്പോൾ അവർ തങ്ങളുടെ സഹായികളെ സഹായത്തിന് വിളിച്ചു. ആ ആളുകൾ മുസ്‌ലിം സൈന്യത്തെ നേരിടുന്നതിനുവേണ്ടി മരുഭൂമിയിൽ സംഘടിച്ചു. അവരുടെ എണ്ണം കൂടുതലായപ്പോൾ അവർ നാലു ഭാഗത്തുനിന്നും മുസ്‌ലിമീങ്ങളെ വളഞ്ഞു. ഹദ്റത്ത് ഉമർ(റ)ജുമുഅ ദിവസം ഖുത്ബ നല്കുകയായിരുന്നു. അവിടന്ന് പറഞ്ഞു: യാ സാരിയത്തുബ്നു സുനയിം അൽജബല അൽജബല. സാരിയ ബിൻ സുനയിം പർവ്വതം! പർവ്വതം!മുസ്‌ലിം സൈന്യമുണ്ടായിരുന്നതിനടുത്ത് ഒരു പർവതമുണ്ടായിരുന്നു. അവരതിൽ അഭയം പ്രാപിക്കുകയാണെങ്കിൽ ശത്രുവിന് ഒരു ഭാഗത്തുനിന്ന് മാത്രമെ അവരുടെമേൽ ആക്രമണം നടത്താൻ സാധിക്കുമായിരുന്നുള്ളു. അങ്ങനെ അദ്ദേഹം പർവതത്തിന്റെ വശത്ത് അഭയം തേടി. അതിനുശേഷം അവർ യുദ്ധം ചെയ്തു. ശത്രുക്കളെ പരാജയപ്പെടുത്തി. ഒരുപാട് യുദ്ധമുതൽ കരസ്ഥമാക്കുകയും ചെയ്തു.*(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 553-554, ദാറുൽ ബെയ്റുത്ത് 2012)*

സ്വഹാബാക്കളിൽനിന്ന് ഇത്തരം അത്ഭുതകരമായ ധാരാളം സംഭങ്ങൾ സ്ഥാപിതമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം പറഞ്ഞിട്ടുണ്ട്.*(ബറാഹീനെ അഹ്മദിയ്യ, ഭാഗം 4, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 654, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 4)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൂർണമായ ഉദ്ധരണി കഴിഞ്ഞ ഖുത്ബയിൽ ഞാൻ വായിച്ചു കഴിഞ്ഞതാണ്. നൈൽനദി വീണ്ടും ഒഴുകാൻ തുടങ്ങിയ സംഭവവും നാം നോക്കുകയാണെങ്കിൽ അതും ശരിയാകാതിരിക്കാൻ തരമില്ല. അതിനെ ചില ചരിത്രകാരന്മാർ ശരിയായിട്ട് അംഗീകരിക്കുന്നില്ലെങ്കിലും!

ഹദ്റത്ത് ഉമറിന്റെ തൊപ്പിയുടെ ബർക്കത്തിനേയും റോമൻ ചക്രവർത്തിയേയും സംബന്ധിച്ച് ഒരു സ്മരണ ലഭിക്കുന്നുണ്ട്. അത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിച്ചിരിക്കുന്നു. ഹദ്റത്ത് ഉമർ(റ)ന്റെ കാലത്ത് ഒരിക്കൽ ഖയ്സറിന് അതികഠിനമായ തലവേദന ഉണ്ടായി. ഒരുപാട് ചികിത്സ നടത്തിയിട്ടും വേദന മാറിയില്ല. ഹദ്റത്ത് ഉമറിന് എല്ലാ വിവരവും എഴുതി അയക്കാൻ ആരോ അദ്ദേഹത്തോടു പറഞ്ഞു. എന്തെങ്കിലും തബർറുകായി(അനുഗ്രഹസൂചകമായ എന്തെങ്കിലും വസ്തു) വാങ്ങാനും പറഞ്ഞു. അദ്ദേഹം താങ്കൾക്കുവേണ്ടി ദുആയും ചെയ്യും. തബർറുക്കും അയച്ചുതരുന്നതാണ്. അദ്ദേഹത്തിന്റെ പ്രാർഥനകൊണ്ട് അങ്ങയ്ക്ക് തീർച്ചയായും സൗഖ്യം ലഭിക്കും. അയാൾ തന്റെ അംബാസിഡറെ, ഉമർ(റ)ന്റെ അടുത്തയച്ചു. ഇവർ അഹങ്കാരി

കളാണെന്നും തന്റെ അടുത്ത് ഇവർ എങ്ങനെ വരാനാണെന്നും ഹദ്റത്ത് ഉമർ (റ)ചിന്തിച്ചു. ഇപ്പോൾ ഇയാൾ വിഷമത്തിലകപ്പെട്ട കാരണത്താലാണ് തന്റെ അടുത്ത് അംബാസിഡറെ അയച്ചത്. ഞാൻ അയാൾക്ക് മറ്റെന്തെങ്കിലും തബർറുക് അയച്ചാൽ അത് തരംതാഴ്ന്നതാണെന്ന് മനസ്സിലാക്കി ഉപയോഗിക്കാതിരിക്കാനും സാധ്യതയുണ്ട്. അതുകൊണ്ട് തബർറുക്കായി പ്രയോജനപ്പെടുകയും അയാളുടെ അഹങ്കാരത്തെ ഇല്ലാതാക്കുകയും ചെയ്യുന്ന എന്തെങ്കിലും അയക്കണമെന്ന് ഹദ്റത്ത് ഉമർ(റ)കരുതി. അങ്ങനെ അദ്ദേഹം പഴയതും അവിടവിടെ കലവീണിട്ടുള്ളതും പൊടിപിടിച്ച കാരണത്താൽ കറുത്തുപോയതുമായ ഒരു തൊപ്പി തബർറുക്കായി അയച്ചു കൊടുത്തു. ഈ തൊപ്പി കണ്ടപ്പോൾ അദ്ദേഹത്തിന് അത് മോശമായി തോന്നി. അയാൾ തൊപ്പി ധരിച്ചില്ല. എന്നാൽ, നിനക്കിനി ബർക്കത്ത് കിട്ടുന്നത് നബി(സ)തിരുമേനി മുഖേനയാണെന്ന് അദ്ദേഹത്തോടു പറയാൻ അല്ലാഹു ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ തലവേദന കൂടി. അവസാനം ഗതികെട്ട അദ്ദേഹം തന്റെ തലയിൽ വെക്കുന്നതിന് ഉമർ അയച്ച തൊപ്പികൊണ്ടുവരാൻ ജോലിക്കാരോടു പറഞ്ഞു. അവസാനം അയാൾ തൊപ്പിധരിക്കുകയും തലവേദന നീങ്ങുകയും ചെയ്തു. അയാൾക്ക് എട്ടാം പക്കമോ പത്താം പക്കമോ സ്ഥിരമായി തലവേദന ഉണ്ടാകാറുണ്ടായിരുന്നു. അതുകൊണ്ട് ദർബാറിലിരിക്കുമ്പോഴും ഉമർ അയച്ച പൊടിപിടിച്ച തൊപ്പി ധരിക്കുന്നത് അദ്ദേഹത്തിന് ശീലമായി.' ഹദറത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'അല്ലാഹു കാണിച്ച ഈ അടയാളത്തിൽ മറ്റൊരു കാര്യം കൂടി മറഞ്ഞിരിപ്പുണ്ട്. (അതിതാണ്)നബി(സ) തിരുമേനിയുടെ ഒരു സ്വഹാബി ഖയ്സറിന്റെ അടുത്ത് തടവിലായിരുന്നു. അദ്ദേഹത്തിനെ പന്നിയിറച്ചി തീറ്റിക്കാൻ അയാൾ കല്പിച്ചിരുന്നു. അദ്ദേഹം പട്ടിണി കിടന്നു. എന്നിട്ടും പന്നിയിറച്ചിയുടെ അടുത്തുപോലും പോയില്ല. നിർബന്ധ ഘട്ടത്തിൽ പന്നിയിറച്ചി കഴിക്കാമെന്ന് ഇസ്‌ലാം നിർദേശിച്ചിട്ടുണ്ടെങ്കിലും! എന്നാൽ, താൻ സ്വഹാബിയാണെന്നും താനൊരിക്കലും അങ്ങനെ ചെയ്യുകയില്ലെന്നും അദ്ദേഹം പറയുമായിരുന്നു. ഒരുപാടു ദിവസം പട്ടിണികിടന്ന് അവസാനം അദ്ദേഹം മരണാവസ്ഥയിലെത്തുമ്പോൾ ഖയ്സർ അദ്ദേഹത്തിന് ഭക്ഷണം നല്കുമായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ ക്ഷീണം അകലുമ്പോൾ വീണ്ടും പന്നിയിറച്ചി നല്കാൻ പറയുമായിരുന്നു. ഇങ്ങനെ അദ്ദേഹത്തെ ജീവിക്കാനും വിട്ടില്ല മരിക്കാനും വിട്ടില്ല. താങ്കൾ ഈ മുസൽമാനെ തടവിൽ വെച്ചിരിക്കുന്നതുകൊണ്ടാണ് താങ്കളുടെ തലവേദന മാറാത്തതെന്ന് ആരോ അയാളോടു പറഞ്ഞു. ഇനി താങ്കൾ താങ്കൾക്കുവേണ്ടി ഉമറിനെക്കൊണ്ട് ദുആ ചെയ്യിക്കുകയും തബർറുക് വാങ്ങിക്കുകയും ചെയ്യുക എന്നതാണ് ഇതിനുള്ള ശുശ്രൂഷ. ഹദറ്ത്ത് ഉമർ അദ്ദേഹത്തിന് തൊപ്പി അയച്ചു കൊടുക്കുകയും അദ്ദേഹത്തിന്റെ തലവേദനയ്ക്കു ശമനമുണ്ടാകുകയും ചെയ്തപ്പോൾ അദ്ദേഹം എത്രമാത്രം അതിൽ പ്രഭാവിതനായെന്നാൽ ആ സ്വഹാബിയെ മോചിപ്പിച്ചു. ഇനി നോക്കുക! ഖയ്സർ ഒരു സ്വഹാബിയെ ബുദ്ധുമുട്ടിക്കുമ്പോൾ അല്ലാഹുവിന്റെ ശിക്ഷ എന്ന നിലയിൽ അയാൾക്ക് അതികഠിനമായ തലവേദനയുണ്ടാകുന്നു. മറ്റാരോ ഉമറിൽനിന്ന് തബർറുക് വാങ്ങാനും അദ്ദേഹത്തെക്കൊണ്ട് ദുആ ചെയ്യിക്കാനും അദ്ദേഹത്തോടു അഭിപ്രായപ്പെടുന്നു. തബർറുക് അയച്ചുകൊടുക്കുന്നു. ഖയ്സറിന്റെ തലവേദന അകലുന്നു. ഇപ്രകാരം അല്ലാഹു ആ സ്വഹാബിയുടെ മോചനത്തിനുള്ള അവസരം ഒരുക്കുകയും മുഹമ്മദു(സ)യുടെസത്യസാക്ഷ്യം അദ്ദേഹത്തിൽ വെളിപ്പെടുത്തുകയും ചെയ്യുന്നു. *(സയ്റെ റൂഹാനീ(4), അൻവാറുൽഉലൂം വാള്യം 19. പേജ് 536-537)*

തഫ്സീർ റാസിയിലുണ്ട്. ഖയ്സർ ഹദ്റത്ത് ഉമറിന് എഴുതി:'എനിക്ക് തലവേദനയുണ്ട്. അത് സുഖപ്പെടുന്നില്ല. അങ്ങ് എനിക്കുവേണ്ടി എന്തെങ്കിലും മരുന്ന് അയച്ചുതന്നാലും.' അപ്പോൾ ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിന് തൊപ്പി അയച്ചുകൊടുത്തു. അദ്ദേഹം അത് തന്റെ തലയിൽ വെക്കുമ്പോൾ തലവേദന നില്ക്കുമായിരുന്നു. തലയിൽനിന്ന് നീക്കുമ്പോൾ വീണ്ടും തലവേദന ഉണ്ടാകുമായിരുന്നു. ഇക്കാര്യത്തിൽ അദ്ദേഹം അത്ഭുതപ്പെട്ടു. അയാൾ തൊപ്പിയിൽ പരിശോധന നടത്തി. അതിൽ ബിസ്മില്ലാഹിർറഹ്മാനിർറഹീം എഴുതിയ ഒരു കടലാസ് കണ്ടു. തഫ്സീർ റാസിയിൽ പറഞ്ഞിട്ടുള്ളതാണിത്. *(തഫ്സീർ കബീറുൽഇമാം റാസി, വാള്യം 1, പേജ് 143, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് ഉമർ(റ)ന്റെ ചില ദുആകളുണ്ട്.അംറ് ബിൻ മയ്മൂൻ പറയുന്നു: ഈ ദുആ ഹദ്റത്ത് ഉമർ(റ)ചെയ്യാറുണ്ടായിരുന്നു:അല്ലാഹുമ്മ തവഫ്ഫനീ മഅൽ അബ്റാരി വലാ തുഖല്ലിഫ്നീ ഫിൽഅശ്റാരി വഖിനീ അദാബന്നാരി വ അൽഹിഖ്നീ ബിൽ അഖ്യാരി അല്ലാഹുവേ എന്നെ നന്മയുള്ളവരുടെ കൂടെ മരിപ്പിക്കേണമേ. തിന്മചെയ്യുന്നവരുടെ കൂടെ തള്ളിക്കളയരുതേ. അഗ്നിയുടെ ശിക്ഷയിൽനിന്ന് എന്നെ രക്ഷിക്കേണമേ. നന്മ ചെയ്യുന്നവരിൽ എന്നെ ഉൾപ്പെടുത്തേണമേ. *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 177, ദിക്ർ ഹിജറത്തു ഉമർബിൻ അൽഖത്താബ് പ്രസാധനം ദാറുഅഹ്‌യാഉത്തുറാഥ് അൽഅറബി 1996)*

യഹ്‌യാ ബിൻ സയീദ് ബിൻ മുസയ്യിബിൽനിന്ന് നിവേദനം. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)മിനായിൽനിന്ന് മടങ്ങുമ്പോൾ തന്റെ ഒട്ടകത്തെ അബ്ത്വഖിലിൽ ഇരുത്തുകയും ബത്ഹാ താഴ്‌വരയിലെ കല്ലുകൾകൊണ്ട് ഒരു കൂമ്പാരമുണ്ടാക്കുകയും അതിൽ തന്റെ ചാദുറിന്റെ ഒരു അറ്റം വിരിച്ച് കിടക്കുകയും ചെയ്തു. തന്റെ കൈ ആകാശത്തേക്ക് നീട്ടി ദുആ ചെയ്യാൻ തുടങ്ങി:അല്ലാഹുമ്മ കബുറത്ത് സിന്നീ വ ളഉഫത്ത് ഖുവ്വത്തീ വൻതശറത്ത് റയിയ്യത്തീ ഫഖ്ബിള്നീ ഇലയ്ക്ക ഗയ്റ മുളയ്യിയിൻ വലാമുഫർരിത്വിൻ അല്ലാഹുവേ!എനിക്ക് വയസ്സ് അധികമായിരിക്കുന്നു. എന്റെ ശക്തി കുറഞ്ഞിരിക്കുന്നു. എന്റെ പ്രജകൾ വ്യാപിച്ചിരിക്കുന്നു. നീ എന്നെ വൃഥാവിലാക്കാതെയും ക്ഷീണിതനാക്കാതെയും മരിപ്പിച്ചാലും. അങ്ങനെ ദുൽഹജ്ജ് മാസം അവസാനിക്കുന്നതിനുമുമ്പേതന്നെ അദ്ദേഹത്തിനുമേൽ ആക്രമണം ഉണ്ടാകുകയും ശഹീദാകുകയും ചെയ്തു. *(ഉസുദുൽഗാബ, വാള്യം 4, പേജ് 162, ഉമർ ബിൻ അൽഖത്ത്വാബ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് ഇബ്നു ഉമർ(റ)നിവേദനം. വരൾച്ചയുടെ നാളുകളിൽ ഹദ്റത്ത് ഉമർ(റ) താൻ ചെയ്യാതിരുന്ന ഒരു കാര്യവുംകൂടി ചെയ്യാൻ തുടങ്ങി. അതെന്തായിരുന്നുവെന്നാൽ ഇശാഅ് നമസ്കരിച്ചതിനുശേഷം അദ്ദേഹം വീട്ടിൽ പ്രവേശിക്കുകയും രാത്രിയുടെ അന്ത്യയാമംവരെ തുടർച്ചയായി നമസ്കരിക്കുകയും ചെയ്യുമായിരുന്നു. അതിനുശേഷം അദ്ദേഹം പുറത്തു വരികയും മദീനയുടെ തെരുവുകളിൽ റോന്തുചുറ്റുകയും ചെയ്യുമായിരുന്നു. ഒരു രാത്രി ഇടയത്താഴത്തിന്റെ നേരത്ത് അദ്ദേഹം ഇപ്രകാരം ദുആ ചെയ്യുന്നതായി ഞാൻ കേട്ടു:അല്ലാഹുമ്മ ലാ തജ്അൽ ഹലാക്ക ഉമ്മത്തി മുഹമ്മദിൻ അലാ യദയ്യ അല്ലാഹുവേ! എന്നെക്കൊണ്ട് മുഹമ്മദു(സ)യുടെ ഉമ്മത്തിനെ നാശത്തിൽ വീഴ്ത്തരുതേ. *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 237, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)*

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ) പറയുന്നു: 'മനുഷ്യൻ പൂർണമായും തന്റെ ദൈവത്തിനുവേണ്ടിയാണ് ആരാധന നിർവഹിക്കേണ്ടത്. പിന്നീട് മറ്റുള്ളവർ അവനെ ക്കുറിച്ച് നല്ലതു വിചാരിച്ചാലും ചീത്തതു വിചാരിച്ചാലും അവൻ അതിനെ മുഖവിലക്കെടുക്കേണ്ട ആവശ്യമില്ല. തന്റെ പുറമെയുള്ള വ്യക്തിത്വത്തെ മനഃപൂർവം ചീത്തയാക്കുക എന്നുള്ളത് ശരിയായ കാര്യമല്ലെന്ന് നബി(സ)തിരുമേനി പഠിപ്പിച്ചു തന്ന ഒരു ദുആയിൽനിന്ന് മനസ്സിലാകുന്നതാണ്. ആ പ്രാർഥന നബി(സ)തിരുമേനി ഹദ്റത്ത് ഉമറിന് പഠിപ്പിച്ചു കൊടുത്തതായിരുന്നു. അതിപ്രകാരമാണ്:അല്ലാഹുമ്മജ്അൽ സരീറത്തീ ഖയ്റൻമ്മിൻ അലാനിയ്യത്തീ വജ്അൽ അലാനിയ്യത്തീ സ്വാലിഹത്തൻ എല്ലാഹുവേ! എന്റെ ആന്തരീകതയെ ബാഹ്യത്തെക്കാൾ മികച്ചതാക്കേണമേ.' *(ഹഖാഇഖുൽഫുർഖാൻ, വാള്യം 4, പേജ് 482)*

മസ്ജിദ് നബ്‌വിയിലും നമസ്കാരത്തിന്റെ മര്യാദകളിലുമുള്ള ഹദ്റത്ത് ഉമറിന്റെ ശ്രദ്ധ. ഇതിനെ സംബന്ധിച്ചുള്ള നിവേദനമാണിത്:ഹദ്റത്ത് സാഇബ് ബിൻ യസീദ് നിവേദനം. അദ്ദേഹം പറയാറുണ്ടായിരുന്നു. ഞാൻ മസ്ജിദിൽ നില്ക്കുമ്പോൾ ഒരാൾ എന്നെ ഒരു ചെറിയ കല്ലുകൊണ്ടെറിഞ്ഞു. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ അത് ഉമർ(റ)ആയിരുന്നു. അപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു:നീ പോയി ആ രണ്ടു പുരുഷന്മാരേയും വിളിച്ചു കൊണ്ടുവരിക. അങ്ങനെ ഞാൻ അവരേയുമായി ഹദ്റത്ത് ഉമറിന്റെ അടുത്തുവന്നു. ഉമർ(റ) ചോദിച്ചു:നിങ്ങൾ എവിടെനിന്നു വരുന്നു? അവർ പറഞ്ഞു:ത്വാഇഫിൽനിന്ന്! ഹദ്റത്ത് ഉമർ(റ)പറഞ്ഞു, നിങ്ങൾ ഈ നാട്ടിലെ നിവാസികളായിരുന്നെങ്കിൽ നിങ്ങളെ ഞാൻ ശിക്ഷിക്കുമായിരുന്നു. നബി(സ)തിരുമേനിയുടെ മസ്ജിദിൽവച്ച് നിങ്ങൾ ശബ്ദം ഉയർത്തുകയോ?' *(സ്വഹീഹുൽ ബുഖാരി കിതാബുസ്സ്വലാത്ത് ഹദീഥ് 470)*

ഹദ്റത്ത് ഇബ്നു ഉമർ(റ) പറയുന്നു: സ്വഫ്ഫുകൾ ശരിയാകാത്തതുവരെ അദ്ദേഹം അല്ലാഹു അക്ബർ പറയാറില്ലായിരുന്നു. സ്വഫ്ഫുകൾ ശരിയാക്കുന്നതിന് ഒരാളെ നിയമിച്ചിരുന്നു. അബൂ ഉഥ്മാൻ നഹ്ദി പറഞ്ഞു:നമസ്കാരത്തിന് ഇഖാമത്ത് നല്കിക്കഴിഞ്ഞാൽ ഹദ്റത്ത് ഉമർ സ്വഫ്ഫുകൾ നേരെയാക്കുന്നതിന് ഖിബ്‌ലക്ക് പുറന്തിരിഞ്ഞ് ജനങ്ങൾക്കഭിമുഖമായി നില്ക്കുമായിരുന്നു.

ശേഷം പേജ് 16 ൽ

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 6 ലക്കം 49
പേജ് 7-ൽ നിന്ന്)

(റിപ്പോർട്ട് തുടർച്ച)

ഈ പരിപാടിക്കുശേഷം ഹുദൂർ സ്റ്റേജിൽനിന്ന് താഴേക്ക് വരുമ്പോൾ ഒരു ജർമൻകാരി തന്റെ മകളോടൊപ്പം ക്യാമറയുമായി നില്ക്കുന്നുണ്ടായിരുന്നു. മകളുടെ ഫോട്ടോ ഹുദൂറിനോടൊപ്പം എടുക്കാൻ അവർ ആഗ്രഹിച്ചിരുന്നു. വാത്സല്യത്തോടെ ഹുദൂർ മകളെ അടുത്തേക്ക് വിളിപ്പിച്ച് തോളിൽ കൈവെച്ച് നിന്നു. അവർ ഫോട്ടോ എടുത്തു. ഇതിൽ അവർ അത്യധികം സന്തോഷിച്ചു. തുടർന്ന് പ്രസ്തുത സ്ത്രീക്കും മകളുടെ കൂടെ ഹുദൂറിനോടൊപ്പംനിന്ന് ഫോട്ടോ എടുക്കാൻ അവസരം ലഭിച്ചു.

ഇന്നത്തെ ഈ പരിപാടിയിൽ പങ്കെടുത്തവർ കസേരയിൽ ഇരുന്നതുകൂടാതെ നിന്നും ശ്രവിക്കുന്നുണ്ടായിരുന്നു. ചിലർ സ്റ്റേജിന്റെ മുമ്പിൽ വന്ന് ധാരാളമായി ഫോട്ടോ എടുത്തു. എല്ലാ ഭാഗത്തും ഫോട്ടോ എടുക്കുന്ന മനോഹര കാഴ്ച ദൃശ്യമായിരുന്നു. ശേഷം ഒരു ചെറിയ റൂമിലേക്ക് വന്ന ഹുദൂർ വേസ്ബാദൻ ജമാഅത്തിന്റെ പ്രവർത്തകസമിതി അംഗങ്ങൾക്കൊപ്പം ഗ്രൂപ്പുഫോട്ടോ എടുക്കാൻ അവസരം നല്കി. ശേഷം ഹുദൂർ കോൺഫ്രൻസ് ഹാളിലേക്ക് മടങ്ങി. ഇലക്ട്രോണിക്, പ്രിന്റ് മീഡിയാ,സോഷ്യൽ മീഡിയാ പ്രതിനിധികൾ ഹുദൂറിനെ പ്രതീക്ഷിക്കുന്നുണ്ടായിരുന്നു. 08.40-ന് പ്രസ്സ്കോൺഫ്രൻസ് ആരംഭിച്ചു.(തുടരും, അവലംബം: ബദ്ർ ഉർദു വാരിക 05 മാർച്ച് 2020)

**2019 ഒക്ടോബർ 14(തിങ്കളാഴ്ച)**

**വീസ്ബാഡൻ(Wiesbaden)പത്രസമ്മേളനം**

ഒരു പത്ര പ്രവർത്തകൻ ചോദിച്ചു:ഇത് അങ്ങയുടെ വീസ്ബാഡനിലെ രണ്ടാമത്തെ സന്ദർശനമാണ്. ഈ പട്ടണത്തിൽ അങ്ങ് എത്രയധികം ചുറ്റിക്കണ്ടു എന്നെനിക്കറിയില്ല. എന്നാൽ, അങ്ങയ്ക്ക് ഈ പട്ടണത്തെ കുറിച്ച് എന്ത് തോന്നുന്നു?

ഹുദൂർ: ഞാൻ അത്രയധികം ചുറ്റിക്കണ്ടില്ല. എന്നാൽ മസ്ജിദിൽനിന്നു വരവെ വളരെയധികം കാര്യങ്ങൾ കാണാൻ കഴിഞ്ഞു. ഇതു വളരെ വലിയ, മനോഹരമായ പട്ടണമാണ്. എനിക്കിത് നല്ലതായി തോന്നി.

ഒരു പത്ര പ്രവർത്തകൻ ചോദിച്ചു: അങ്ങ് ഭയത്തിനും അസമാധാനത്തിനുമെതിരിൽ സംസാരിച്ചു വരുന്നു. ജനങ്ങൾക്കുള്ള അങ്ങയുടെ സന്ദേശമെന്താണ്?

ഹുദൂർ: ജനങ്ങൾക്ക് ഞാൻ സന്ദേശം നല്കിക്കഴിഞ്ഞു. ജനങ്ങളിൽ ഇസ്ലാമിനേയും മുസ്ലിമീങ്ങളേയും കുറിച്ച് നിലനിൽക്കുന്ന ആശങ്കകളെ കുറിച്ച് ഞാൻ പ്രഭാഷണത്തിൽ പറഞ്ഞിരുന്നു. ഇതിനുള്ള കാരണം ചില മുസ്ലിം വിഭാഗങ്ങളുടെ തെറ്റായ നടപടികളാണ്. എന്നാൽ, ഇസ്ലാമികാധ്യാപനങ്ങൾ വളരെ സമാധാനപരമാണ്. നിഷ്കളങ്കരായ ജനങ്ങളുടെ മേലുളള ഇത്തരം ആക്രമണ പ്രവർത്തനങ്ങൾക്ക് എതിരാണത്. നിയമം കൈയിലെടുക്കാൻ ഇസ്ലാം നമുക്ക് അനുവാദം നല്കുന്നില്ല. ഞങ്ങളൊരു സമാധാന നിർഭരമായ ജമാഅത്താണ്. ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളിൽ ഉറച്ചു നില്ക്കുന്നവരാണ്. ഈ പട്ടണത്തിലും പ്രദേശത്തും നിവസിക്കുന്ന ജനങ്ങൾക്ക് പരിഭ്രമിക്കേണ്ടതായ ഒരു ആവശ്യവുമില്ലെന്നതാണ് എന്റെ സന്ദേശം. അവരുടെ ഹൃദയങ്ങളിൽ അഹ്മദീ മുസ്ലിമീങ്ങളെ കുറിച്ച് ഒരു ആശങ്കയും ഉണ്ടാകാൻ പാടില്ല. ഞങ്ങൾ സമാധാനം കാംക്ഷിക്കുന്ന ജമാഅത്താണ്. യഥാർഥ ഇസ്ലാമികാധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതു കൊണ്ടാണിത്.

പത്ര പ്രവർത്തകൻ: അങ്ങയുടെ പ്രഭാഷണം പ്രത്യേകിച്ചും ജർമൻ ജനതക്കു വേണ്ടിയായിരുന്നു. കാരണം ഈ രാജ്യത്ത് ഇത്തരം സംഭവങ്ങൾ വളരെയധികം ഉണ്ടാകുന്നുണ്ട്. കഴിഞ്ഞയാഴ്ച ഒരു വ്യക്തി യഹൂദ ദേവാലയത്തിനുമേൽ ആക്രമണത്തിനു ശ്രമിച്ചു. അങ്ങ് പ്രഭാഷണത്തിൽ പ്രത്യേകമായ നിലയിൽ ജർമൻ ജനതയെ മുന്നിൽ കണ്ടിരുന്നോ?

ഹുദൂർ: ഇല്ല, അങ്ങനെയല്ല. ഞാൻ പ്രഭാഷണത്തിന്നുവേണ്ടി സവിശേഷ തയ്യാറെടുപ്പൊന്നും നടത്തിയിരുന്നില്ല. ഇസ്ലാമിന്റെ സമാധാന നിർഭരമായ അധ്യാപനത്തെ കുറിച്ച് വിവരിക്കാൻ മാത്രമാണ് ഞാൻ ശ്രമിച്ചത്. ഇവിടെ മാത്രമല്ല എല്ലാ അമുസ്ലിം ലോകത്തും പൊതുജനങ്ങളിലൽ മുസ്ലിമീങ്ങൾ അക്രമങ്ങൾ ചെയ്യുന്നുവെന്ന ആശങ്ക നിലനില്ക്കുന്നു. ജിഹാദിന്റെ പേരിൽ അക്രമവും ക്രൂരതയും യുദ്ധകോലാഹലങ്ങളും നടത്തുന്നത് മുസ്ലിമീങ്ങളാണെന്ന് അവർ ധരിക്കുന്നു. ഞാൻ പോയിടത്തെല്ലാം ഇക്കാര്യം കണ്ടിട്ടുണ്ട്. പ്രത്യേകമായും ജർമൻകാരെ മുന്നിൽവെച്ചുകൊണ്ട് സംസാരിച്ചതല്ല. ഞാൻ പോകുന്നിടത്തെല്ലാം ഇസ്ലാമിന്റെ സമാധാന ഭരിതമായ അധ്യാപനത്തെ കുറിച്ച് വിവരിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കാൻ ശ്രമിക്കാറുണ്ട്. ഞാൻ പ്രസംഗത്തിന്നു തയ്യാറുമല്ലായിരുന്നു. ഞാൻ നിന്നപ്പോൾ മസ്ജിദിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിവരിച്ചു. ജനങ്ങളുടെ മനസ്സിൽ മുസ്ലിമീങ്ങളെ കുറിച്ച് നിലനില്ക്കുന്ന ആശങ്കകൾ നീക്കാൻ തുടർന്നു ശ്രമിച്ചു. പൂർണമായപം തയ്യാറെടുപ്പോടുകൂടി നടത്തിയ പ്രഭാഷണമായിരുന്നില്ല ഇത്. ജർമൻ ജനതക്ക് പ്രത്യേകമായി ഒരു സന്ദേശം നല്കാൻ ഞാൻ ഉദ്ദേശിച്ചിരുന്നില്ല. ഞാൻ സാധാരണ പറയുന്നതുപോലെ ഇസ്ലാമിന്റെ സമാധാന ഭരിതമായ അധ്യാപനമാണ് വിവരിച്ചത്. ഞങ്ങളുടെ വിശ്വാസവും പ്രവർത്തനവുമാണ് പറഞ്ഞത്.

ഒരു പത്ര പ്രതിനിധി: രാഷ്ട്രീയ സാഹചര്യങ്ങൾ മുന്നിൽവെച്ചു കൊണ്ട് അങ്ങ് എന്തെങ്കിലും സംസാരിക്കുമോ ഇല്ലേ എന്ന് എനിക്കറിയില്ല. എന്നാൽ, കഴിഞ്ഞയാഴ്ച തുർക്കി സിറിയയുടെ ചില പ്രദേശങ്ങൾ ആക്രമിച്ചു. ഇതു വിഷയകമായി അങ്ങ് എന്താണ് പറയുന്നത്?

ഹുദൂർ:കുർദുകൾക്കുംതുർക്കിഭരണകൂടത്തിനുമിടയിലെ സമകാലീന ഏറ്റുമുട്ടൽ എന്റെ വീക്ഷണത്തൽ അക്രമപരമായൊരു നീക്കമാണ്. ഇതിന്റെ കാരണം രാഷ്ട്രീയപരമാണോ എന്നെനിക്കറിയില്ല. കൂടാതെ തുർക്ക് ജനതയുടെ ഹൃദയങ്ങളിൽ കുർദ് ജനതയോടുള്ള ശത്രുതയുണ്ട്. എന്നാൽ, സംഭവിച്ചു കൊണ്ടിരിക്കുന്നതെന്തായാലും ഇസ്ലാമികാധ്യാപനത്തിന് വിരുദ്ധമാണ്. നിരപരാധിയായ വ്യക്തിയെ കൊലപ്പെടുത്തുക എന്നത് സർവ മനുഷ്യരേയും കൊലചെയ്യുന്നതിന്നു സമമാണ്. അതുകൊണ്ട് ഞാൻ ഇതിനെ ഇഷ്ടപ്പെടുന്നില്ല. കുർദുകൾക്കും തുർക്കികൾക്കുമിടയിൽ തർക്കങ്ങൾ നിലനില്ക്കുന്നുണ്ട്. ഇത് പരസ്പര ചർച്ചയിലൂടെ പരിഹരിക്കേണ്ടതാണ്. തുർക്കികൾ ഇപ്പോൾ വ്യോമ, കരയാക്രമണം നടത്തിയിരിക്കുകയാണ്. ഇസ്ലാം ഇതിന്ന് ഒരു രൂപത്തിലും അനുവാദം നല്കുന്നില്ല.

ഒരു പത്രപ്രവർത്തകൻ: അങ്ങ് ഐക്യപ്പെടലിനെ കുറിച്ച് സംസാരിച്ചു. അങ്ങയുടെ വീക്ഷണത്തിൽ ഇന്റഗ്രേഷൻ(സംയോജനം)എന്താണ്? ഇതു വിഷയകമായി അഹ്മദിയ്യാ ജമാഅത്ത് നല്കുന്ന സന്ദേശമെന്താണ്?

ഹുദൂർ: ജനങ്ങൾ ഈ രാജ്യത്തിലേക്ക് പാലായനം ചെയ്തു. ജർമൻ ജനതയും ഭരണകൂടവും അവർക്ക് ഇവിടെ വരാൻ അനുവാദം നല്കി. ഇവിടെ താമസിക്കാനുള്ള അനുമതി നല്കി. അവരെ ഈ സമൂഹത്തിന്റെ ഭാഗമാക്കി. ഇവരിൽ അധികപേരും ഇപ്പോൾ ജർമൻ പൗരത്വം നേടിക്കഴിഞ്ഞു. ഒരു രാഷ്ട്രത്തിന്റെ പൗരൻ പുലർത്തേണ്ടുന്ന കൂറ് ഈ രാജ്യത്തിന്റെ പൗരത്വം കരസ്ഥമാക്കിയ ഇവരും പുലർത്തേണ്ടതാണ്. ഇതു തന്നെയാണ് ഇസ്ലാമിന്റെ അധ്യാപനം. രാഷ്ട്രത്തോടുള്ള സ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ്. ഇനി സ്വന്തം ജനതയുടെ ഉന്നമനത്തിന്നുവേണ്ടി പ്രവർത്തിക്കേണ്ടത് യഥാർഥ മുസ്ലിം എന്ന നിലയിലും ജർമൻ പൗരൻ എന്ന നിലയിലും ഇവർക്ക് നിർബന്ധമാണ്. എന്റെ വീക്ഷണത്തിൽ യഥാർഥ സംയോജനം ഇതാണ്. ഇന്റഗ്രേഷന്റെ ഉദ്ദേശ്യം ക്ലബ്ബിൽ പോകലല്ല. ക്ലബ്ബുകളിൽ പോയില്ലെങ്കിൽ, മദ്യവും മറ്റും കുടിച്ചില്ലെങ്കിൽ അല്ലെങ്കിൽ സ്ത്രീകൾ പർദ ധരിച്ചാൽ ഇന്റഗ്രേഷനെ ബാധിക്കുമെന്നു പറയുന്നത് ശരിയല്ല. രാജ്യത്തോടും ജനങ്ങളോടും കൂറ് പുലർത്തുന്നവരാണെങ്കിൽ നിങ്ങൾ പൂർണ്ണമായും ഇന്റഗ്രേറ്റായി കഴിഞ്ഞു.

ഈ പ്രസ്സ് കോൺഫ്രൻസ് ഏകദേശം 9.00 മണിക്ക് അവസാനിച്ചു. തുടർന്ന് ഇവിടെ നിന്നു ഫ്രാങ്ക്ഫർട്ടിലെ ബയ്ത്തസ്സുബൂഹിൽ 09.30-ന് എത്തിയ ഹുസൂർ മഗ്രിബ്- ഇശാ ജംആക്കി നമസ്കരിപ്പിച്ചു.

**അതിഥികളുടെ വികാരപ്രകടനങ്ങൾ**

ഹുദൂറിന്റെ പ്രഭാഷണം അഗാധമായ നിലയിൽ സ്വാധീനമുണ്ടാക്കിയ ചില അതിഥികൾ അവരുടെ വികാരങ്ങൾ പ്രകടിപ്പിച്ചു.

■ ഡോക്ടർ ഹാർട്ട്മാൻ(**Heartmann**) പറയുന്നു: ജനങ്ങൾ തുറന്ന മനഃസ്ഥിതിക്കാരാണെന്ന് എത്ര വാദമുന്നയിച്ചാലും അവരുടെ മനസ്സുകളിൽ ആശങ്കകളുണ്ടാകാറുണ്ട്. അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ സംഭാഷണം ആശങ്കകൾ ദൂരീകരിക്കുന്നതായിരുന്നു. വിനയവും അനുകമ്പയും പ്രസരിപ്പിക്കുന്ന വ്യക്തിത്വ സ്വാധീനത്താൽ എന്തു ചോദ്യവും അദ്ദേഹത്തോട് ചോദിക്കാൻ സാധിക്കുമെന്ന് എനിക്ക് തോന്നി. ഇത്തരം വ്യക്തിയുമായി സംസാരിച്ചതിനുശേഷം ഹൃദയത്തിൽ ഒരുവിധ ആശങ്കകളും അകർച്ചകളും നിലനില്ക്കുകയില്ല.

■ ജർമനിയിലെ ഏറ്റവും വലിയ ടി.വി ചാനലായ സാറ്റ്-1 ന്റെ പ്രതിനിധി മിസ്റ്റർ ഗെരിറ്റ് (**Mr.Gerrit**) എഴുതുന്നു: ഇത്രയധികം വിശാലാടിസ്ഥാനത്തിൽ പരിപാടി സംഘടിപ്പിച്ചതിൽ ഞാൻ അത്ഭുതപ്പെടുകയാണ്. ഇതാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. പരസ്പര സാഹോദര്യത്തോടും ബഹുമാനത്തോടും നല്ല സംഘടനാപാടവത്തോടും നിങ്ങൾ നടത്തുന്ന ഈ പരിപാടി എനിക്ക് തികച്ചും അവിശ്വസനീയമാണ്. എന്നാൽ, എനിക്ക് വിശ്വസിക്കേണ്ടി വരും. കാരണം, ഞാനിതെല്ലാം സ്വന്തം കണ്ണുകൾകൊണ്ട് കാണുന്നു.

■ വീസ്ബാഡൻ ഹോസ്പിറ്റലിലെ ഡോക്ടർ ഫെറാരി (**Dr.Ferrari**) സാഹിബ പറയുന്നു: ഇന്നത്തെ പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചത് എനിക്ക് ലഭിച്ച ബഹുമതിയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ പ്രഭാഷണം മുഖേന ലഭിച്ച ജ്ഞാനവും സന്ദേശവും സ്വന്തത്തിന്നു വേണ്ടി മാത്രമല്ല, മക്കൾക്കും അനിവാര്യമാണെന്ന് എനിക്ക് തോന്നുന്നു. ഗോത്രമത വിവേചനത്തിന്നതീതമായി മാനുഷിക ദുഃഖങ്ങളിൽ അനുകമ്പാപരമായ പെരുമാറ്റം ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അവ സ്ഥാപിക്കുന്നതിനും സാർവ്വദേശീയ സ്നേഹവും ഐക്യവും നിലനിറുത്തുകയും ചെയ്യുന്നതിന് ഈ പ്രഭാഷണം എല്ലാ വശങ്ങളിലൂടെയും അതിന്റെ അനിവാര്യത വെളിപ്പെടുത്തുന്നു.

സിറ്റി പോലീസ് പ്രതിനിധി പറയുന്നു:സമാധാന നിർഭരവും മനുഷ്യകുലത്തോടുള്ള സ്നേഹവും നിലനിറുത്തുന്ന നിങ്ങളുടെ ജമാഅത്തിനെ കുറുച്ചുള്ള പൊതുജന പ്രസിദ്ധിയെ കുറിച്ച് ഞാൻ ബോധവാനായിരുന്നു. പട്ടണത്തിലെ പൊതു സമൂഹത്തിനും അതറിയാം. എന്നാലിന്ന് ഈ മസ്ജിദ് നിർമിതമായതിനുശേഷം ഈ അധ്യാപനത്തിനു ഒരു സ്ഥിരത കൈവന്നിരിക്കുന്നു, ജനങ്ങൾ ഇതിനെ മസ്ജിദിന്റെ രൂപത്തിൽ വന്നു കണ്ടുകൊണ്ടിരിക്കുകയും ചെയ്യും. ഇപ്രകാരം നിങ്ങളുടെ ജമാഅത്തിന്റെ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 6-13 January 2022 Issue-1,2

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

അധ്യാപനം മസ്ജിദിന്റെ രൂപത്തിൽ രൂപലാവണ്യം പ്രാപിച്ച് ഭൗതികമായും ജനങ്ങൾക്ക് സാക്ഷിയായി ഈ പട്ടണത്തിൽ നിലനിറുത്താന് സാധിക്കും. അഹ്മദിയ്യാ ജമാഅത്ത് ഇമാം തന്റെ പ്രസംഗത്തിൽ നല്കിയ സ്നേഹത്തിന്റേയും സാഹോദര്യഭാവത്തിന്റേയും സന്ദേശത്തിന്റെ കർമരൂപമാണ് ഈ മസ്ജിദ്. എല്ലാ ജനവിഭാഗങ്ങളേയും ഈ ഉൽഘാടന പരിപാടിയിലേക്ക് ക്ഷണിച്ചത് സന്തോഷം നല്കുന്ന കാര്യമാണ്.

■ മായിൻസ് പട്ടണത്തിലെ ചർച്ച് പ്രതിനിധി മിസ്റ്റർ ആങ്കൻ ബർഗർ(**Mr.Angenberger**) സാഹിബ് പറയുന്നു: ഇസ്‌ലാമികാധ്യാപനത്തിന്റെ വിശദാംശം നല്കിക്കൊണ്ട് അയൽവാസികളുടെ അവകാശങ്ങളെ കുറിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സംസാരിച്ചു. ഇത് എനിക്ക് തികച്ചും പുതുമയുള്ളതും ഹൃദയസ്പൃക്കുമായിരുന്നു. മതപരമായ വ്യക്തികളിൽനിന്നു അയൽവാസിയുടെ അവകാശങ്ങളെ കുറിച്ച് ഇത്രയധികം ശക്തിമത്തായി അവതരിപ്പിക്കുന്നത് ഞാൻ ആദ്യമായാണ് കേൾക്കുന്നത്.

■ ഒരു രാഷ്ട്രീയ പാർട്ടിയായ എസ്.പി.ഡിയുടെ പ്രതിനിധി പറയുന്നു: ഇസ്‌ലാമിന്റെ സമാധാന ഭരിതമായ അധ്യാപനവും മനുഷ്യകുലത്തിന്റെ സാമൂഹികാവകാശവും ഇത്രയധികം ശക്തിമത്തായി അവതരിപ്പിച്ചുകൊണ്ട് അഹ്ദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ പ്രഭാഷണത്തിലൂടെ ഇസ്‌ലാമും മുസ്‌ലിമീങ്ങളും സമാധാനപ്രിയരാണെന്ന് മനസ്സിലാക്കുന്നതിനെ എളുപ്പമാക്കിത്തന്നു. സമൂഹത്തിൽ പ്രത്യക്ഷമായ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം കൂടുതൽ സംജാതമാകുന്നതിൽ എനക്ക് അതിയായ സന്തോഷമുണ്ട്.

ഒരു വനിതാ പത്രപ്രവർത്തക മിസ് വേർണർ(**Miss Werner**) പറയുന്നു: ഉൽഘാടനത്തിന്നു മുമ്പേ തറക്കല്ലിടൽ പരിപാടിയിലും എനിക്ക് അഹ്മദിയ്യാ ജമാഅത്ത് ഇമാമുമായും അവരുടെ സഹധർമിണിയുമായും കൂടിക്കാഴ്ചയ്ക്ക് അവസരം ലഭിച്ചിരുന്നു. ഇരുവരും സ്നേഹത്തിന്റെ സന്ദേശം വ്യാപിപ്പിക്കുന്ന വ്യക്തിത്വങ്ങളാണ്. ലോകർ ഈ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയാൽ സമൂഹം സമാധാനത്തിന്റേയും ശാന്തിയുടേയും കർമപരമായ മാതൃകകൾ കൈവരിക്കുന്നവരാകുന്നതാണ്.

ഇതേ പട്ടണത്തിൽ താമസിക്കുന്ന മിസ്മേരി(**Miss Mari**) പറയുന്നു: പൗരന്മാരോടുള്ള അവകാശങ്ങളെ കുറിച്ചും അനുകമ്പയെ കുറിച്ചും അഹ്മദിയ്യാ ജമാഅത്ത് ഇമാം നിറഞ്ഞ ഹൃദയവികാരത്തോടെ സംസാരിക്കുന്നു. ഏതു മതവുമായി ബന്ധപ്പെട്ടവരാണെങ്കിലും ഓരോ മനുഷ്യരോടുമുള്ള അനുകമ്പയുടേയും സ്നേഹത്തിന്റേയും രീതി അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു മനസ്സിലാകുന്നു. ജാതിമത വിവേചനം കൂടാതെയും മനുഷ്യ കുലത്തോടുള്ള സ്നേഹാനുകമ്പയും ഉൾക്കൊള്ളുന്ന അദ്ദേഹത്തിന്റെ അറിവ് എനിക്ക് വളരെ ഇഷ്ടമായി.

■ ഇന്റഗ്രേഷൻ കമ്മീഷണർ മിസ്റ്റർ ക്രിസ്റ്റഫ് മാൻജൂറാ(**Mr.Christoph Mannjura**) സാഹിബ് തുടർന്ന് സംസാരിച്ചു. തറക്കല്ലിടൽ കർമത്തിന്റെ നേരത്തും മഴ പെയ്യുന്നുണ്ടായിരുന്നുവെന്നും എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ വരവോടുകൂടി അന്തരീക്ഷം നന്നാവുകയും സൂര്യൻ വെളിപ്പെട്ടു വന്നുവെന്നും പരിപാടിയുടെ സംഘാടനത്തിന് സൗകര്യം കൈവന്നുവെന്നും അദ്ദേഹം ഓർമിപ്പിച്ചു. ഇന്നും പകൽ മുഴുവനും വെയിലുണ്ടായിരുന്നു. നാളെ മുതൽ വീണ്ടും മഴയുണ്ടാകുമെന്ന പ്രവചനവും നിലവിലുണ്ടെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ഇന്റഗ്രേഷൻ വകുപ്പുമായി ബന്ധമുള്ള മിസ്റ്റർ ഹാൻസ് പീറ്റർ(**Mr.Hans Peter**) പറയുന്നു: അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ ഈ പ്രഭാഷണം എല്ലാ മേഖലയിലും പ്രസിദ്ധീകരിക്കേണ്ടതാണ്. കർമപരമായ വർണത്തിൽ മാനുഷിക മൂല്യങ്ങളെ മുന്നിൽ വെക്കുന്നതുവരെ കേവലം ജിഹ്വകളിലൂടെ പുറപ്പെടുവിക്കുന്ന വാദങ്ങൾക്ക് ഒട്ടും പ്രാധാന്യമില്ലെന്ന് ജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. അഹ്മദിയ്യാ ജമാഅത്തും അഹ്മദിയ്യാ ജമാഅത്ത് ഇമാമും തങ്ങളുടെ വാക്കിലും പ്രവൃത്തിയിലും താദാത്മ്യം നിലനില്ക്കുന്ന കാരണത്താൽ വളരെ ആദരണീയരും ആദരവിന് അർഹതയുള്ളവരുമാണെന്നും മനസ്സിലാകുന്നു. സമൂഹത്തിലെ ഇതര വിഭാഗങ്ങളും മാനുഷിക മൂല്യങ്ങളെ ആദരിക്കേണ്ടതിന് ഈ വിഷയത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഒരു പ്രാദേശികാശുപത്രിയിൽ സേവനം ചെയ്യുന്ന ഡോക്ടർ പറയുന്നു: അഹ്മദിയ്യാ ജമാഅത്ത് ഇമാം തന്റെ പ്രഭാഷണത്തിൽ പ്രകടിപ്പിച്ച അധ്യാപനം മതപരമായ ഇതരതലങ്ങളിൽ നിന്നു ലഭിക്കുകയാണെങ്കിൽ സമൂഹത്തിൽ മാനുഷിക മൂല്യങ്ങളോടുള്ള ആദരവ് സ്ഥാപിക്കാൻ സാധിക്കും. ചർച്ചും ഇത്തരത്തിലുള്ള വീക്ഷണം വ്യാപിപ്പിക്കേണ്ടി വരും. ഇപ്പോൾ ചർച്ച് വളരെയധികം ചോദ്യങ്ങളിൽ നിന്നു കണ്ണുകൾ വെട്ടിക്കുന്നു. എന്നാല, അഹ്മദിയ്യാ ജമാഅത്ത് ഇമാം ഓരോ സാധ്യമായ ചോദ്യങ്ങളേയും വിമർശനങ്ങളേയും പല കോണുകളിലൂടെ പരാമർശിച്ചു അതിന്റെ മറുപടികൾ നല്കുകയാണ് ചെയ്യുന്നത്. ഭയലേശമന്യേ വിശദമായി ഇസ്‌ലാമിന്റെ വീക്ഷണത്തെ അദ്ദേഹം വ്യക്തമാക്കി. അദ്ദേഹത്തിന്റെ ഓരോ വിശദീകരണവും വ്യാഖ്യാനവും സമൂഹങ്ങളെ ശാന്തിയിലേക്കും മൈത്രിയിലേക്കും സ്നേഹത്തിലേക്കും നയിക്കുന്നതാണെന്നത് വളരെ സന്തോഷം പകരുന്ന കാര്യമാണ്.

ഡോക്ടർ ഉസാമ അബൂ ഹസൻ പറയുന്നു: യഥാർഥ ഇസ്‌ലാമികാധ്യാപനവും ഇസ്‌ലാമിന്റെ ഹൃദയസ്പൃക്കായ മുഖവും കാണിച്ചുകൊണ്ട് നിങ്ങളുടെ ഖലീഫ ഇസ്‌ലാമിനെ സംബന്ധിച്ചുള്ള തെറ്റുധാരണ മാറ്റുന്നതു കൂടാതെ പൊതുജനങ്ങളുടെ മനസ്സിൽനിന്നു ഇസ്‌ലാമിനോടുള്ള ഭയവും ആശങ്കയും നീക്കിയിരിക്കുന്നു. (തുടരും)

**പേജ് 14 ൽ നിന്ന്**

എന്നിട്ട് ഇന്നയാൾ മുന്നോട്ടു വരൂ ഇന്നയാൾ പിറകോട്ടു നീങ്ങൂ എന്ന് പറഞ്ഞ് സ്വഫ്ഫുകൾ നേരെയാക്കുമായിരുന്നു. സ്വഫ്ഫുകൾ നേരെയായിക്കഴിഞ്ഞാൽ അദ്ദേഹം ഖിബ്‌ലക്കു നേരെ തിരിഞ്ഞ് അല്ലാഹു അക്ബർ എന്നു പറയുമായിരുന്നു. *(സീറത്ത് ഉമർ ബിൻ ഖത്താബ്, ഇബ്നുൽജൂസി, പേജ് 165, അൽ മത്ബഅത്തുൽ മിസ്‌രിയ്യ അൽഅസ്ഹർ)*

ഹദ്റത്ത് ഉമറിന്റെ സാമ്പത്തിക ത്യാഗത്തേയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിനേയും കുറിച്ച് ഒരു നിവേദനമുണ്ട്. ഇതുകൂടാതെയും പല നിവേദനങ്ങളുമുണ്ട്. ഹദ്റത്ത് ഇബ്നു ഉമർ(റ)പറയുന്നു:ഹദ്റത്ത് ഉമറിന് ഖയ്ബറിൽ കുറച്ചു സ്ഥലം ലഭിച്ചു. ഈ സ്ഥലത്തെ കുറിച്ച് അഭിപ്രായം ആരായാൻ അദ്ദേഹം നബി(സ)തിരുമേനിയുടെ അടുത്തുവന്നു. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! ഖയ്ബറിൽ എനിക്കു കുറച്ചു സ്ഥലമുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ഇതിനെക്കാൾ നല്ലൊരു സ്വത്തു എനിക്കു ലഭിച്ചിട്ടില്ല. അങ്ങ് ഇതിനെക്കുറിച്ച് എന്താണ് അഭിപ്രായപ്പെടുന്നത്?' നബി(സ)തിരുമേനി പറഞ്ഞു:'നിങ്ങളാഗ്രഹിക്കുകയാണെങ്കിൽ ആ സ്ഥലം വഖ്ഫു ചെയ്യുകയും അതിന്റെ വരുമാനം ദരിദ്രരിൽ വീതിക്കുകയും ചെയ്യുക.' നാഫിഅ് പറയുന്നു:'വിൽക്കുകയോ ദാനമായി നല്കുകയോ അവകാശികളിൽ വീതംവെക്കുകയോ ചെയ്യരുതെന്ന നിബന്ധനയിൽ ഹദ്റത്ത് ഉമർ(റ)ആ സ്ഥലം സ്വദഖ നല്കി.അദ്ദേഹം ആ സ്ഥലം അല്ലാഹുവിന്റെ വഴിയിൽ ആവശ്യക്കാർക്കുവേണ്ടിയും ബന്ധുക്കൾക്കുവേണ്ടിയും അടിമകളെ മോചിപ്പിക്കുന്നതിനായും യാത്രക്കാർക്കും അതിഥികൾക്കും വേണ്ടിയും വഖ്ഫു ചെയ്തു. ആ സ്ഥലം സംരക്ഷിക്കുന്ന വ്യക്തി അതിൽനിന്ന് ഭക്ഷിക്കുകയോ മറ്റുള്ളവർക്ക് നല്കുകയോ ചെയ്യാം. എന്നാൽ, സമ്പത്ത് ഒരുമിച്ചു കൂട്ടിവെക്കുന്നവനാകരുത്. അവസരം കിട്ടുമ്പോളെല്ലാം ഹദ്റത്ത് ഉമർ ത്യാഗത്തിൽ മുന്നേറാൻ ശ്രമിച്ചു. നബി(സ)തിരുമേനി സാമ്പത്തിക ത്യാഗം ചെയ്യാൻ ആഹ്വാനം ചെയ്തപ്പോൾ തന്റെ പകുതി സ്വത്ത് ത്യാഗം ചെയ്ത അവസരവുമുണ്ട്.' ഈ സംഭവം മുമ്പേയും വിവരിച്ചിട്ടുള്ളതാണ്.എന്നിട്ടും ദൈവഭയം അദ്ദേഹത്തിൽ എത്രത്തോളമുണ്ടായിരുന്നുവെന്നാൽ വഫാത്തിന്റെ നേരത്ത് കണ്ണുകൾ നിറഞ്ഞൊഴുകുകയും താനൊരു പ്രതിഫലത്തിനും അർഹനല്ലെന്നും ശിക്ഷയിൽനിന്ന് രക്ഷപ്പെടണമെന്നാണ് താനാഗ്രഹിക്കുന്നതെന്നും പറഞ്ഞുകൊണ്ടിരുന്നു. ഇതായിരുന്നു അദ്ദേഹത്തിന്റെ ദൈവഭയത്തിന്റെ അവസ്ഥ. എന്തായാലും അദ്ദേഹത്തെ കുറിച്ച് ഇനിയും ചില കാര്യങ്ങൾകൂടി പറയാനുണ്ട്. അത് വരും ദിവസങ്ങളിൽ ഇൻശാഅല്ലാഹ് വിവരിക്കുന്നതാണ്.

**പേജ് 1 ൽ നിന്ന്**

ക്കുന്നവരല്ലെന്ന് അവർക്ക് പറയാവുന്നതാണ്. എന്നാൽ, തങ്ങൾ ഒരു മാംസാഹാരവും കഴിക്കുന്നവരല്ലെന്ന് അവർക്ക് പറയാൻ പറ്റുകയില്ല.

**ഇന്ന ഫീ ദാലിക്ക ല ആയത്തൻ ല്ലിഖൗമിൻ യ്യത്തഫക്കറൂൻ**
ഭക്ഷണങ്ങളെ പ്രതിപാദിച്ചതിന്റെ അവസാനം പറഞ്ഞു: ഇതിൽ ചിന്തിക്കുന്നവർക്കും ആലോചിക്കുന്നവർക്കും അടയാളമുണ്ട്. ഇതിൽനിന്ന് ഒരു ഭാഗത്ത് മാനുഷികമായ ബുദ്ധി ആഹാരത്തിലൂടെ വളർച്ച പ്രാപിക്കുന്നുവെന്ന സൂചനയാണുള്ളത്. ഇപ്രകാരം ആത്മീയമായി ബന്ധം വെക്കുന്ന ബുദ്ധി ആത്മീയമായ ആഹാരംകൊണ്ടാണ് വളർച്ച പ്രാപിക്കുന്നത്. രണ്ടാമത്തെ സൂചന നല്കിയിരിക്കുന്നത് മനുഷ്യപ്രകൃതിയുടെ ഉള്ളിൽ ചിന്തകളുണ്ടെന്നാണ്. എന്നാൽ, അവയെ പ്രചോദിപ്പിക്കുന്നതിന് നല്ല ഭക്ഷണത്തിന്റെ ആവശ്യമുണ്ടാകുന്നു. ഇപ്രകാരം ആത്മീയമായ ചിന്തകളും മനുഷ്യന്റെയുള്ളിലുണ്ട്. എന്നാൽ, അവയെ പ്രചോദിപ്പിക്കുന്നതിനും ആത്മീയമായ ഭക്ഷണത്തിന്റെ ആവശ്യമുണ്ടാകുന്നു. എല്ലാ മനുഷ്യരും ഒരേതരത്തിലുള്ളവരാണ്. എന്നാൽ, ഒരു കൂട്ടർ ഉന്നതതലത്തിലുള്ള ചിന്താശക്തി ഉൾക്കൊള്ളുന്നവരാണ്. മറ്റുള്ളവരല്ല. അതിനുകാരണം ഒരുകൂട്ടർക്ക് ഉചിതമായ ഭക്ഷണം ലഭിക്കുന്നു. മറ്റുള്ളവർക്ക് ലഭിക്കുന്നില്ല. ഈ അവസ്ഥതന്നെയാണ് ആത്മീയ ലോകത്തിന്റേതും. എല്ലാ മനുഷ്യരുടെ ഉള്ളിലും അല്ലാഹുവിനോടുള്ള സ്നേഹവികാരമുണ്ട്. പക്ഷേ, ആത്മീയാഹാരം കഴിക്കുന്ന ഒരാളുടെ ചിന്താശക്തിയ്ക്ക് തിളക്കവും പ്രകാശവും ലഭിക്കുന്നു. മറ്റുള്ളവർക്ക് ലഭിക്കുന്നില്ല."*(തഫ്സീറെ കബീർ, വാള്യം 4, പേജ് 137, പ്രസാധനം ഖാദിയാൻ 2010)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin